Reg. No. C. 101, M. 2293

ഒററപ്രതിക്കു 2 ണ.

THE MANAGER,
ST. MARY'S G. H. SCOOL
ERNAKULAM.


# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 25 | 1127 ചിങ്ങം 20 —ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1951 സെപ്റ്റംബർ 5 | ലക്കം 4


# ദുഷ്ടശക്തിയുടെ വിജയം

## എസ്. എൻ. ഡി. പി. യോഗറിപ്പോർട്ട്

(ഫാദർ തോമസ് കൊച്ചുയ്യങ്കാനാൽ)

ശിഷ്ടശക്തിയേ ജയിക്കു പതിവുള്ളൂ. ആകയാൽ ദുഷ്ടശക്തി ജയിച്ചുവെന്നു പറയുന്നതിൽ ഒരു വിരോധോക്തി അടങ്ങിയിരിക്കുന്നുവെന്നു സമ്മതിക്കാതിരിക്കുന്നില്ല. എങ്കിലും ഇങ്ങനെ പറയുന്നതിനിടയായതു ശ്രീ നാരായണ ധർമ്മ പരിപാലന യോഗറിപ്പോർട്ടിൽ രേഖപ്പെടുത്തിക്കണ്ടതുകൊണ്ടാണ്. പനമ്പിള്ളിപദ്ധതി പരാജയപ്പെടുവാനിടയായതിനു പുറകിലുണ്ടായിരുന്ന ദുഷ്ടമായശക്തി കത്തോലിക്കാവൈദികന്മാരുടേതായിരുന്നുവത്രേ!

കത്തോലിക്കാവൈദികരുടെ ശക്തി ദുഷ്ടമാണോ? സത്യസംരക്ഷണത്തിനും നീതിപരിപാലനത്തിനും ധർമ്മസംസ്ഥാപനത്തിനുംവേണ്ടി എപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കയാകുന്നു കത്തോലിക്കാസഭയുടെ ഉദ്ദേശ്യം. അവയിൽ ഏതെങ്കിലുമൊന്നിനു് ഭംഗം നേരിടുന്ന സന്ദർഭത്തിൽ തന്റെ കൃത്യം നിർവ്വഹിക്കാതിരിക്കുന്നതു് ഒരു ധർമ്മവിലോപമായിട്ടാണു് ആ സഭ എപ്പോഴും കരുതിപ്പോരുന്നതു്. അതിന്റെ നേതൃത്വം വഹിക്കുന്നതു് വൈദികന്മാരുമാണു്. അവർ തങ്ങളുടെ കഴിവുകളെല്ലാം വിനിയോഗിച്ചു് ഈ നേതൃത്വത്തെ സമർത്ഥമാക്കുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കയും ചെയ്യും.

തങ്ങളുടെ ഈ ഉദ്യമത്തിൽ അവർ ചിലപ്പോൾ തൽക്കാലത്തേക്കു് പരാജയപ്പെട്ടുവെന്നു വന്നേക്കാം. അങ്ങനെ സംഭവിക്കുന്നതിന്നിടയായാലും ഒടുവിൽ അവർ വിജയംവരിക്കാതിരിക്കയില്ല. സഭയുടെ സ്ഥാപകനും ആദിമവൈദികനുമായ ക്രിസ്തുവിനുതന്നെ അനുഭവപ്പെട്ടതു് ഇങ്ങനെയാണു്. അവിടുത്തെ ആദ്യത്തെ പ്രതിനിധിയായിരുന്ന വിശുദ്ധ പത്രോസ്ശ്ലീഹായ്ക്കും അദ്ദേഹത്തിന്റെ പല പിൻഗാമികൾക്കും അങ്ങനെതന്നെ അനുഭവപ്പെട്ടു. പ്രസ്തുതന്മാർ എല്ലാവരുടേയും ശക്തി ദുഷ്ടമായിരുന്നുവെന്നു് ശത്രുക്കൾ വിളിച്ചുപറയാതെയുമിരുന്നില്ല. രാജദ്രോഹിയെന്നുപോലും വിളിച്ചായിരുന്നല്ലോ ക്രിസ്തുവിനെ കുരിശിൽ തറച്ചതു്. വിശുദ്ധ പത്രോസിന്റെമേൽ ആരോപിച്ചതു് രാജമതം സ്വീകരിച്ചില്ല എന്നുള്ള കുററമായിരുന്നു. ഇങ്ങനെ തിരുസ്സഭയുടെ ഉത്തമവൈദികന്മാരിൽ ഓരോരുത്തന്റെയും മേൽ ഓരോരോ കുററം ആരോപിക്കപ്പെട്ടതായി കാണാം. ഇപ്പോൾ റഷ്യയുടെ ഇരുമ്പഴികൾക്കുള്ളിൽ കിടക്കുന്ന കർദ്ദിനാൾ മിൻസെന്തി തുടങ്ങിയുള്ള മഹനീയപുരോഹിതന്മാരിൽ ആരെങ്കിലും മോഷണം നടത്തുകയോ കൈയേററം പ്രവർത്തിക്കയോ ഏതെങ്കിലും കൊള്ളരുതായ്മ അനുഷ്ഠിക്കയോ ചെയ്തവരല്ലല്ലോ. ആരെല്ലാം, എന്തെല്ലാം പറഞ്ഞാലും ഏതുതരത്തിലുള്ള മർദ്ദനങ്ങളെല്ലാം സഹിക്കേണ്ടിവന്നാലും കത്തോലിക്കാവൈദികന്മാർക്കു തങ്ങളുടെ കടമകളെ നിർവ്വഹിക്കുകയെന്ന കൃത്യത്തിൽനിന്നു പിന്മാറുവാൻ തരമില്ല. മതത്തേയോ മതകാര്യങ്ങളേയോ ബാധിക്കുന്ന കാര്യങ്ങളിൽ അവർ എപ്പോഴും മുൻനിന്നുതന്നേ പ്രവർത്തിക്കും.

പ്രകൃതത്തിൽ കത്തോലിക്കാ വൈദികന്മാർ പുറകിൽനിന്നു പ്രയോഗിച്ചുവെന്നു് ആരോപിച്ചിരിക്കുന്ന ശക്തി ഒരു മൗലികാവകാശലംഘനത്തെ പ്രതിഷേധിച്ചുവെന്നുള്ളതാണല്ലോ. അവർ അങ്ങനെ ചെയ്തതു പുറകിൽനിന്നല്ലാതെ മുൻപിൽനിന്നുതന്നെ ആയിരുന്നുവെന്നു് അവരുടെ സംയുക്തമായ പ്രസ്താവനകളും മെമ്മോറാണ്ടങ്ങളും സാക്ഷ്യം വഹിക്കയും ചെയ്യുന്നുണ്ടു്. അവരിൽ ഒന്നോ രണ്ടോ ഏതാനുമോ വ്യക്തികൾ മാത്രമല്ല കേരളത്തിലെ പതിമൂന്നോളം കത്തോലിക്കാ മതാദ്ധ്യക്ഷന്മാരും അങ്ങനെ ചെയ്യാതിരുന്നില്ല. മാത്രമല്ല അവരോടുകൂടെ ഭാരതത്തിലെ അറുപതോളമുള്ള കത്തോലിക്കാ മതാദ്ധ്യക്ഷന്മാരും യോജിക്കയും ഉത്തരവാദിത്വമുള്ള സ്ഥാനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങളെ അറിയിക്കുകയുമുണ്ടായി. തൽഫലമായി കേന്ദ്രത്തിൽനിന്നു പുറപ്പെട്ട നിർദ്ദേശങ്ങൾ തക്കസ്ഥാനത്തു് എത്തിക്കഴിഞ്ഞപ്പോഴാണല്ലോ കേരളകൗമുദിയുടെ ഭാഷയിൽ പറയുന്നതായാൽ ഗവമ്മെന്റിനു തെററുപററിപ്പോയെന്നു് ബോദ്ധ്യപ്പെടുവാനിടയായതു്. കേരളകൗമുദി ഈഴവരുടെ ഒരു ദിനപ്പത്രവുമാണു്.

### ക്രിസ്തുവിന്റെ മുഖം



റോമൻ ചക്രവർത്തിയായിരുന്ന ടിബേരിയസ് സീസറിന്റെ ആജ്ഞപ്രകാരം ഒരു നാണയത്തിന്മേലോ മരതകക്കല്ലിന്മേലോ ലേഖനംചെയ്യപ്പെട്ടതാണു് ഈ ചിത്രം എന്നു് ഐതിഹ്യമുണ്ടു്. കാലാന്തരത്തിൽ അതു് തുർക്കിയിലെ സുൽത്താന്റെ കൈവശംവരികയും അദ്ദേഹമതു്, ക്രിസ്ത്യാനികളാൽ അടിമയായി പിടിക്കപ്പെട്ടിരുന്ന സ്വപുത്രനെ മോചിച്ചതിന്നു് പ്രതിസമ്മാനമായി എട്ടാം ഇന്നസെന്റു മാർപ്പാപ്പായ്ക്കു നല്കുകയും ചെയ്തുവത്രെ. ടൂറിനിലെ തിരുവസ്ത്രത്തിന്മേലുള്ള തിരുമുഖച്ഛായയോടു് ഏററവും അടുത്തുവരുന്ന ഒരു ചിത്രമാണിതു് എന്നതിനെപ്പററി സംശയമില്ല.

തെററുതിരുത്തുന്നതും മൗലികാവകാശലംഘനത്തെ ചൂണ്ടിക്കാണിക്കുന്നതുമാണോ ദുഷ്ടശക്തി? കത്തോലിക്കാവൈദികന്മാർ പ്രസ്തുതകൃത്യങ്ങൾ അനുഷ്ഠിച്ചുതുടങ്ങിയതു് ഇന്നും ഇന്നലെയും മുതൽ അല്ലെന്നു സമർത്ഥിക്കുവാൻകൂടി ഈ ലേഖനം വിനിയോഗിച്ചുകൊള്ളട്ടെ. എസ്. എൻ. ഡി. പി. യോഗറിപ്പോർട്ടെഴുതിയ ശ്രീ ശങ്കർ അവർകളുടെ സാക്ഷ്യംതന്നെ ആദ്യമായി ഉദ്ധരിക്കാം. 1950 മാർച്ചിൽ ദപത്രർവെച്ചു പ്രസംഗിച്ചപ്പോൾ അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളതു്, ക്രിസ്ത്യാനികൾ ജനസംഖ്യയിൽ ഇത്രമാത്രം വർദ്ധിച്ചതു് അവരുടെ മിഷനറിപ്രവർത്തനങ്ങളുടെ മഹത്വം മൂലമാണെന്നാകുന്നു. മഹത്തായ കൃത്യങ്ങൾക്കുദാഹരണമായി അവരുടെ ആതുരശുശ്രൂഷ, വിദ്യാഭ്യാസപ്രവർത്തനം മുതലായവയെ അദ്ദേഹം ചൂണ്ടിക്കാണിക്കയും സേവനങ്ങളായി അവയെ വ്യാഖ്യാനിക്കയും അവരെ അനുകരിക്കുവാൻ തന്റെ ശ്രോതാക്കളെ അദ്ദേഹം ഉദ്ബോധിപ്പിക്കുകയും ചെയ്തതായി കാണുന്നു.

(ദീപിക 1950. 3. 4.)

ശ്രീ നാരായണ ഗുരുസ്വാമികളുടെ അന്ത്യസന്ദേശവും ക്രിസ്ത്യാനികളെ അനുകരിക്കണമെന്നുള്ളതാണു്. ദുഷ്ടമായ ശക്തിയുടെ പ്രവർത്തനങ്ങളെ ആരെങ്കിലും അനുകരിക്കയോ അങ്ങനെ ചെയ്യണമെന്നു് വല്ലവരും ഉപദേശിക്കയോ ചെയ്യുമോ? ഈഴവസമുദായനേതാക്കന്മാരിൽ ഒരാളും പരേതനുമായ മിസ്റ്റർ സി. വി. കുഞ്ഞിരാമൻ ഉപദേശിച്ചിട്ടുള്ളതു്, ഈഴവരുടെ നായകന്മാരായിത്തീരുവാൻ ആഗ്രഹിക്കുന്നവർ, അതിനു തക്കയോഗ്യത സിദ്ധിക്കുന്നതിനുവേണ്ടി അവർ ക്രൈസ്തവമിഷനറിമാരുടെ ശിഷ്യന്മാരായി അവരുടെ കീഴിൽ പരിശീലനം കഴിച്ചുകൊണ്ടിരിക്കണമെന്നത്രെ. ("ഈഴവരുടെ മതപരിവർത്തന സംരംഭം.")

കത്തോലിക്കാവൈദികന്മാരുടെ ത്യാഗബുദ്ധിയുടേയും സേവനസന്നദ്ധതയുടേയും, സാഹോദര്യതൽപരതയുടേയും അധഃകൃതോദ്ധാരണപരിശ്രമങ്ങളുടേയും കൂടുതൽ സാക്ഷ്യങ്ങൾ പ്രതീക്ഷിക്കുന്നവർ ശ്രീ മാധവൻപിള്ളയുടെ "പതിനെട്ടുലക്ഷം ഈഴവർക്കു ക്രിസ്തുമതമല്ലാതെ രക്ഷയില്ല", ഡോക്ടർ കുഞ്ഞൻപിള്ളയുടെ "സെൻസസ് റിപ്പോർട്ടു്", "ട്രാവൻകൂർ സ്റ്റേററുമാനുവൽ", കെ. പി. പത്മനാഭമേനോന്റെ "കൊച്ചിരാജ്യചരിത്രം" മുതലായ രേഖകൾ നോക്കുന്നതു ചി

ഹിതമായിരിക്കും. കുഷ്ഠരോഗസംരക്ഷകനായിരുന്ന ഫാദർ ഡാമിയൻ, സാധുജനസംരക്ഷകനായിരുന്ന സെൻറു വിൻസെൻറു ഡി പോൾ മുതലായ അനേക സാത്വികന്മാരും കത്തോലിക്കാവൈദികന്മാരായിരുന്നുവെന്നു അനുസ്മരിപ്പിച്ചുകൊള്ളട്ടെ. എസ്. എൻ. ഡി പിയോഗറിപ്പോർട്ടു് ഉത്തരവാദിത്വമുള്ള ഒരു രേഖയായതുകൊണ്ടു് ഇത്രയും പ്രസ്താവിച്ചുവെന്നേയുള്ളൂ. കത്തോലിക്കാവൈദികന്മാരുടെ ശക്തി ദുഷ്ടമാണെന്നു സ്ഥാപിക്കുവാൻ ഒരുവനും സാധിച്ചിട്ടില്ല സാധിക്കുകയുമില്ല. ആകയാൽ കത്തോലിക്കാവൈദികവിദ്വേഷികൾ തങ്ങളുടെ പരദൂഷണവ്യവസായത്തിൽനിന്നു വിരമിച്ചാൽ രാജ്യോദ്ധാരണപരമായ കൂടുതൽ പരിശ്രമങ്ങൾ അവരെക്കൊണ്ടു ചെയ്യിക്കുവാൻ സാധിക്കുമെന്നുള്ളതും അറിഞ്ഞിരുന്നാൽ കൊള്ളാം.



ഈ സന്ദർഭത്തിൽ പനമ്പിള്ളിപദ്ധതി പരാജയപ്പെടുവാനിടയാക്കിയ വൈദികശക്തിയെ ബലവത്തരമാക്കിച്ചെയ്ത മഹാജനങ്ങളുടെ സഹകരണത്തെ അഭിനന്ദനപൂർവ്വം രേഖപ്പെടുത്തുക കൂടിച്ചെയ്യാതെ ഈ ലേഖനം അവസാനിപ്പിക്കുവാൻ മനസ്സുവരുന്നില്ല. മതഭക്തരും സമുദായസ്നേഹികളുമായ ഏതാനും മഹാന്മാർ പ്രസ്തുത പദ്ധതിയുടെ ആവിർഭാവംമുതൽ തങ്ങളുടെ സ്വസ്ഥത ഉപേക്ഷിച്ചുകളഞ്ഞുവോ എന്നുപോലും തോന്നിപ്പോയി. എത്രയോപേർ പ്രതിഷേധങ്ങൾ പുറപ്പെടുവിക്കയും പ്രസ്താവനകൾ ഇറക്കുകയും നിയമങ്ങൾ വ്യാഖ്യാനിക്കയും യോഗങ്ങൾ വിളിച്ചുകൂട്ടുകയും പ്രസംഗങ്ങൾ നടത്തുകയും ചെയ്തു. ചില രക്ഷാകർത്താക്കന്മാർ തങ്ങളുടെ മതാദ്ധ്യക്ഷന്മാരുടെ പരിശ്രമങ്ങളെ വിജയംവരിപ്പിക്കുന്നതിനുവേണ്ടി ഏതു ത്യാഗവും അനുഷ്ഠിക്കുന്നതിനു സന്നദ്ധത പ്രദർശിപ്പിക്കുന്നതു് കാണുകയുണ്ടായി. തങ്ങളുടെ പിതാക്കന്മാരായ മതാദ്ധ്യക്ഷന്മാരുടെ നിർദ്ദേശമനുസരിച്ച് പള്ളിക്കൂടം നടത്തുവാൻ സാധിക്കയില്ലെങ്കിൽ അതിനു സൗകര്യംലഭിക്കുന്നതുവരെ അവ പൂട്ടിയിടുവാൻ നിശ്ചയമെടുക്കുകപോലും ചിലർ ചെയ്യാതിരുന്നില്ല.

വിശുദ്ധസഭയിലേക്കു നുഴഞ്ഞുകയറുന്ന അബദ്ധങ്ങളെ നിരോധിക്കുന്നതിനും ഉന്മൂലനംചെയ്യുന്നതിനും പരിശുദ്ധവിശ്വാസത്തിൻെറ വെളിച്ചം പ്രചരിപ്പിക്കുന്നതിനുംവേണ്ടിയുള്ള ഉദ്യമത്തിൽ സഹകരണം നല്കുന്നതിനു് ക്രിസ്ത്യാനികളായ എല്ലാവരോടും പ്രത്യേകിച്ച് ഉന്നതനിലകളിൽ വർത്തിക്കുന്നവരോടും വത്തിക്കാൻ സൂനഹദോസിൽ സമ്മേളിച്ച പിതാക്കന്മാർ ചെയ്തിട്ടുള്ള അഭ്യർത്ഥനയെ സ്മരിച്ചായിരിക്കാം അവർ അങ്ങനെ ചെയ്തിട്ടുള്ളതു്. ഈദൃശസന്ദർഭങ്ങളിൽ അവസരോചിതമെന്നു തോന്നുന്നതു പ്രവർത്തിക്കേണ്ടതു വിശ്വാസികളിൽ ഓരോരുത്തരുടെ കടമയുമാണല്ലോ.


# തയ്യാറായിരിക്കുന്നു

| | | |
|---|---|---|
| ഭക്തിമാർഗ്ഗപ്രവേശിക | (3-ാം പതിപ്പു്) വില ക. | 1—14—0 |
| ഈശോ നിന്നെ വിളിക്കുന്നു | (7-ാം പതിപ്പു്) " | 0— 6—0 |
| പിതൃഭവനത്തിലേക്കു് | | 0— 6—0 |
| രാഷ്ട്രത്തിൻെറ കുത്തകയോ? | | 0— 4—0 |
| Divine Conscoler | (5-ാം പതിപ്പു്) | 3— 0—0 |

N. B. പതിവുപോലെ, ആലുവാ സെൻറ് മേരീസ് ഇംഗ്ലീഷ് ഹൈസ്കൂളിൽവച്ചു നടത്തുന്ന വൈദികരുടെ ധ്യാനാവസരത്തിൽ എസ്. എച്ച് ലീഗ് പുസ്തകങ്ങൾ വാങ്ങിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണു്.

എന്നു്, സെക്രട്ടറി, എസ്. എച്ച് ലീഗ്, ആലുവാ





# സത്യം അവിഭാജ്യം

ആകയാൽ, നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്ന വിളിക്കു യോഗ്യമായവിധത്തിൽ, പൂർണ്ണമായിട്ടുള്ള മനോവിനയം, സൗമ്യത, ദീർഘശാന്തത ഇവയോടുകൂടി വ്യാപരിക്കണമെന്നു നമ്മുടെ കർത്താവിൽ തടവുകാരനായിരിക്കുന്ന ഞാൻ അപേക്ഷിക്കുന്നു. സ്നേഹത്തോടുകൂടി അന്യോന്യം സഹിക്കുവിൻ. നിങ്ങളുടെ വിളിയുടെ ഏകമായ പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നപ്രകാരം ഒരേ ശരീരത്തോടും ഒരേ ആത്മാവോടും ഇരിക്കേണ്ടതിനായി സമാധാനത്തിൻെറ ബന്ധത്തിൽ ആത്മാവിൻെറ ഐക്യം കാത്തുകൊള്ളുവാൻ ഉത്സാഹിക്കുവിൻ. എന്തെന്നാൽ കർത്താവു് ഒരുവനാകുന്നു, വിശ്വാസവും ഒന്നു്, മാമ്മോദീസായും ഒന്നു്, എല്ലാവരുടേയും പിതാവും, എല്ലാററിനും മേലും, എല്ലാററിലും, നമ്മിലെല്ലാവരിലും സ്ഥിതിചെയ്യുന്നവനുമായിരിക്കുന്ന ദൈവവും ഒരുവൻ ആകുന്നു. (പന്തക്കുസ്ത 17-ാം ഞായർ; ലേഖനം: എഫേ. IV — 1 — 6)

പണ്ടു രണ്ടു സ്ത്രീകൾ ഒരു ശിശുവിൻെറ ഉടമസ്ഥാവകാശത്തെ സംബന്ധിച്ച തർക്കവുമായി ജ്ഞാനിയായ ശ്ലേമോൻെറ സന്നിധിയിലെത്തി. ശിശു തൻേറതാണെന്നു് ഇരുവരും വാദിച്ചു. ഒടുവിൽ ശിശുവിനെ വെട്ടി വിഭജിച്ചു് രണ്ടുപേർക്കും നൽകുവാൻ വിധിതീർപ്പുണ്ടായി. കള്ളവായി അവകാശവാദം ചെയ്തിരുന്ന സ്ത്രീക്കു് ഇതു സമ്മതമായി. എന്നാൽ ശിശുവിൻെറ സാക്ഷാൽ മാതാവായ മറേറസ്ത്രീ ഉടനെ പറയുന്നു: "പ്രഭോ, ശിശുവിനെ വെട്ടി മുറിക്കേണ്ട. അവളുടെ പക്കലായാലും ശിശു ജീവനോടെ മുഴുവനായിത്തന്നെ ഇരുന്നുകൊള്ളട്ടെ." യഥാർത്ഥമായ മാതൃസ്നേഹത്തിൻെറ തിരത്തള്ളൽ നോക്കുക! സത്യവും ഈ ശിശുവിനെപ്പോലെയാണെന്നു് ഒരു പണ്ഡിതവിചക്ഷണൻ അഭിപ്രായപ്പെടുകയുണ്ടായി. സത്യത്തെ സ്നേഹിക്കുന്നവൻ ഒരിക്കലും അതിനെ വെട്ടിമുറിക്കുവാൻ അനുവദിക്കയില്ല. സത്യം അവിഭാജ്യമാണു്. നേരേമറിച്ചു്, സത്യത്തെ സ്നേഹിക്കാത്തവൻ അതിനെ വെട്ടിമുറിച്ചു് താറുമാറാക്കുന്നതിൽ യാതൊരു വിസമ്മതമോ സങ്കോചമോ പ്രദർശിപ്പിക്കയില്ല. സ്വാർത്ഥം നേടണമെന്നേ അവൻ ഇച്ഛിക്കുന്നുള്ളൂ. സത്യം വിഭജിക്കപ്പെട്ടാൽ അതു നിർജ്ജീവമായിരിക്കും; ഭാഗികം മാത്രമായിരിക്കും.

കത്തോലിക്കാവിശ്വാസവും ഏകമാണു്, അവിഭാജ്യമാണു്; കാരണം അതു സത്യംമാത്രവും സത്യം മുഴുവനുമാണു്. വിശ്വാസത്തിലുള്ള ഐക്യം എല്ലാ കത്തോലിക്കരും പാലിക്കണമെന്നാണു് വി. ശ്ലീഹാ ഇന്നത്തെ ലേഖനത്തിൽ നമ്മെ ഉദ്ബോധിപ്പിക്കുന്നതു്. "എന്തെന്നാൽ കർത്താവു് ഒരുവനാകുന്നു, വിശ്വാസവും ഒന്നു്." ഇടയനും ആടുകളും; മുന്തിരിവള്ളിയും ശാഖകളും; രാജാവും രാജ്യഭരണവും; ശിരസ്സും അവയവങ്ങളും — എന്നിങ്ങനെയുള്ള ഉപമകൾവഴിയായി സഭാംഗങ്ങളിൽ വിശ്വാസൈക്യവും അത്യന്താപേക്ഷിതമാണെന്നു് വേദപുസ്തകം തന്നെ അനുശാസിക്കുന്നുണ്ടു്. ഇവയെല്ലാം മകുടംചാർത്തുന്ന വാക്യങ്ങളാണു് ഇന്നത്തെ ലേഖനത്തിൽ നാം വായിക്കുന്നതു്. ഒരു ദൈവത്തെമാത്രം നാം ആരാധിക്കുന്നു, ക്രിസ്തുവാകുന്ന ഏക മദ്ധ്യസ്ഥൻ മാത്രമേ നമുക്കുള്ളൂ; നമ്മെ പവിത്രീകരിക്കുന്ന പരിശുദ്ധാരൂപി ഒന്നുമാത്രം; നമ്മുടെയെല്ലാവരുടേയും പ്രാപ്യസ്ഥാനമായ സ്വർഗ്ഗരാജ്യവും ഏകമാണു്. തന്നിമിത്തം നമ്മുടെ ഈശ്വരാവിഷ്കൃതങ്ങളായ വിശ്വാസസത്യങ്ങളിലും ഐക്യം പാലിച്ചുകഴിയും. ഇങ്ങനെയാണു് വി. പൗലോസിൻെറ വാദഗതി. സാമാന്യബുദ്ധികൊണ്ടാലോചിച്ചാലും ഇക്കാര്യം നമുക്കു് സുഗ്രഹമാണു്. പരസ്പരവിരുദ്ധങ്ങളായ വിവിധസഭകളുടേയും മതങ്ങളുടേയും കർത്താവു് ദൈവമായിരിക്കുവാൻ സാദ്ധ്യമല്ല. അങ്ങുന്നു് ഏകനാണു്; സത്യംതന്നെയാണു്. ക്രിസ്തുവിൻെറ സത്യസഭയിലും ഈ വിശ്വാസൈക്യം—ദൈവികമായ വിശ്വാസസത്യങ്ങൾ അഭംഗമായും അവിഭാജ്യമായും കലർപ്പുകൂടാതെയും സംരക്ഷിക്കപ്പെടണമെന്നുള്ളതു്—കൂടിയേ കഴിയൂ. അതുകൊണ്ടാണു് കത്തോലിക്കാസഭ മാത്രമാണു് ക്രിസ്തുവിൻെറ സത്യസഭയെന്നുള്ള പരമാർത്ഥം ഋജുബുദ്ധികൾ മനസ്സിലാക്കുന്നതു്.

ദിവ്യസത്യങ്ങളെ സ്വേച്ഛാനുസൃതം വെട്ടിമുറിക്കുന്നതിനുള്ള വ്യഗ്രത അന്നും ഇന്നും പലരിലും കുടികൊള്ളുന്നുണ്ടു്. ഇഷ്ടമുള്ളവയെല്ലാം സ്വീകരിക്കുക; ഇഷ്ടമില്ലാത്തവയെ നിരാകരിക്കുക—ഇതാണു് വിശ്വാസസത്യങ്ങളിലും പലരും സ്വീകരിക്കുന്ന നിലപാടു്. ക്രിസ്തുവിൻെറ പ്രസംഗങ്ങൾ യഹൂദന്മാർ അത്ഭുതത്തോടെ ശ്രവിച്ചു; എന്നാൽ അങ്ങേ ശിഷ്യത്വം സ്വീകരിക്കുവാൻ അവർ മനസ്സായില്ല: കാരണം, അങ്ങേ ഉപദേശങ്ങൾ മുഴുവനും സ്വീകരിക്കുവാൻ അവർ തയ്യാറല്ലായിരുന്നു. പലരും അങ്ങയെ ഒരു പ്രവാചകനായി പരിഗണിച്ചു; എന്നാൽ അങ്ങു് ദൈവപുത്രനായ മിശിഹായാണെന്നു് ഏററുപറയുവാൻ അവർ വിസമ്മതിച്ചു. ശാബദ് ദിനാചരണത്തെക്കുറിച്ചുള്ള അങ്ങേ അനുശാസനങ്ങൾ ശിഥിലങ്ങളാണെന്നും, എന്നാൽ, വിവാഹത്തിൻെറ അഭേദ്യതയെക്കുറിച്ചുള്ള അങ്ങേ പ്രമാണങ്ങൾ വളരെ കഠിനമാണെന്നും ഫരിസേയർ വിധിച്ചു. സദൂക്കേയരാകട്ടെ മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ചുള്ള അങ്ങേ തത്വങ്ങൾ തീരെ തിരസ്കരിക്കയാണു് ചെയ്തതു്. സീസറിനു കപ്പം കൊടുക്കണമെന്നുള്ള അങ്ങേ ഉപദേശം ഹേറോദിയൻ കക്ഷിക്കാർക്കു രുചിച്ചില്ല. അങ്ങേ ശിഷ്യത്വം സ്വീകരിച്ചവരിൽത്തന്നെ പലരും, തൻെറ മാംസരക്തങ്ങൾ ഭക്ഷ്യപേയങ്ങളായി മനുഷ്യർക്കു നൽകുമെന്നു് അങ്ങു് അരുളിച്ചെയ്തപ്പോൾ, "ഇതു വളരെ കഠിനം" എന്നു പറഞ്ഞുകൊണ്ടു് അങ്ങേ ഉപേക്ഷിച്ചുപോയി. തളർവാതരോഗിയുടെ പാപങ്ങൾ അങ്ങുന്നു പോക്കിയപ്പോൾ, സ്ക്രിബേന്മാർ അങ്ങുന്നു് ദൈവദൂഷണം പറഞ്ഞുവെന്നു കുററമാരോപിച്ചു. വിവിധവകുപ്പുകളിൽപ്പെട്ട ഇവരെല്ലാവരുംതന്നെ ക്രിസ്തുവിനെ പല കാര്യങ്ങളിലും അഭിനന്ദിക്കയും അനുസരിക്കയും ചെയ്തിരുന്നു. എന്നാൽ, അങ്ങേ ഉപദേശങ്ങൾ മുഴുവനായും അവർ സ്വീകരിക്കുവാൻ തയ്യാറായില്ലയെന്നുള്ളതാണു് അവരുടെ കുററം.

ഇന്നും പലരും ഈ മനസ്ഥിതി പുലർത്തുന്നില്ലേ? "എനിക്കു മനസ്സിലാകണം, എനിക്കിഷ്ടമുള്ളതാകണം" എന്നുള്ള മാനദണ്ഡം വിശ്വാസസത്യങ്ങളെ സംബന്ധിച്ച് ഉപയോഗിക്കുവാൻ നിവൃത്തിയില്ലല്ലോ. ഒരാൾ പറയുന്നു: വിശ്വാസസംഹിതയിലെ എല്ലാ സത്യങ്ങളും ഞാൻ സ്വീകരിക്കുന്നു. എന്നാൽ ഒരു സത്യംമാത്രം ഞാൻ സ്വീകരിക്കുന്നില്ല; കാരണം, അതു് എൻെറ യുക്തിക്കു് അനുയോജ്യമല്ല. അങ്ങനെയെങ്കിൽ, ഇതേസ്വാതന്ത്ര്യം ഉപയോഗിച്ചുകൊണ്ടു് മറെറാരാൾക്കു വേറൊരു വിശ്വാസസത്യത്തേയും തിരസ്കരിച്ചുകൂടേ? മൂന്നാമതൊരുവനു് മറെറാരു സത്യവും നിരാകരിച്ചുകൂടേ? അങ്ങനെ വിശ്വാസസൗധം തകർന്നു തരിപ്പണമാകയില്ലേ? വിശ്വാസസൗധത്തിൻെറ വിവിധഭാഗങ്ങൾ—അസ്തിവാരംമുതൽ താഴികക്കുടംവരേയും—വളരെ ദൃഢമായ ബന്ധത്തിലാണു് നിർമ്മിക്കപ്പെട്ടിരിക്കുന്നതു്. ഏതെങ്കിലും ഒരു ഭാഗം തകർന്നാൽ ആ മഹാസൗധം ഒന്നാകെ ഇടിഞ്ഞുവീഴും. പ്രമാണങ്ങളിൽ ഏതെങ്കിലും ഒന്നിനെ ലംഘിച്ചാൽ എല്ലാ പ്രമാണങ്ങളേയും ലംഘിച്ചതുപോലെയാണെന്നുള്ള വി. യാക്കോബ്ശ്ലീഹായുടെ വാക്യങ്ങൾ വിശ്വാസസത്യങ്ങളെ സംബന്ധിച്ചേടത്തോളവും അന്വർത്ഥമാണു്. പരി. കന്യകയുടെ അമലോത്ഭവത്തേയും സ്വർഗ്ഗാരോപണത്തേയും സഹർഷം സ്വീകരിക്കുന്ന ഒരാൾ നരകത്തിൻെറ യാഥാർത്ഥ്യത്തെ സ്വീകരിക്കുവാൻ വിസമ്മതിക്കുന്നതെന്തിനു്? ധനത്തിൻെറ വിനിയോഗത്തെപ്പററിയുള്ള ക്രിസ്തുനാഥൻെറ കർശനശാസനങ്ങൾ ഉച്ചൈസ്തരം ഉൽഘോഷിക്കുന്ന ഒരുവൻ വിവാഹത്തിൻെറ പരിശുദ്ധിയേയും അഭേദ്യതയേയും സംബന്ധിച്ച അങ്ങേ പ്രമാണങ്ങൾ സ്വീകരിക്കുവാൻ മടിക്കുന്നതെന്തിനു്? പരി. ത്രിത്വത്തിൻെറ രഹസ്യം വിശ്വസിക്കുന്ന ഒരുവൻ വി. കുരിശിൻെറ രഹസ്യം—ത്യാഗത്തിൻെറയും സഹനത്തിൻെറയും ജീവിതം—അംഗീകരിക്കുവാൻ വിസമ്മതിക്കുന്നതെന്തിനു്? ക്രിസ്തുവിൻെറ വ്യക്തിമാഹാത്മ്യത്തെ വാനോളം പുകഴ്ത്തുന്നവൻ വി. കുർബാനയിലുള്ള അങ്ങേ യഥാർത്ഥസാന്നിദ്ധ്യത്തെ സ്വീകരിക്കാത്തതെന്തുകൊണ്ടു്? മലയിലെ പ്രസംഗത്തിൻെറ വൈശിഷ്ട്യം കൊട്ടിഘോഷിക്കുന്നവൻ ജീവനഷ്ടിയുടേയും ഉത്തരിപ്പുകടപരിഹാരത്തിൻെറയും തത്വങ്ങൾ സ്വീകരിക്കുവാൻ മടിക്കുന്നതെന്തിനു്? സത്യം അവിഭാജ്യമാണു്. "കർത്താവു് ഒരുവനാകുന്നു; വിശ്വാസവും ഒന്നുമാത്രം."

വിശ്വാസത്തിൻെറ ഐക്യവും പൂർണ്ണതയും കത്തോലിക്കാസഭയിൽ മാത്രമേ ദൃശ്യമാകയുള്ളൂ. ലോകത്തിൽ ഇന്നു് 45 കോടി കത്തോലിക്കരുണ്ടു്. അവർക്കെല്ലാവർക്കും "ഒരു കർത്താവും, ഒരു വിശ്വാസവും, ഒരു മാമ്മോദീസായും" മാത്രമാണുള്ളതു്. ഒരേ കൂദാശകൾ അവർ സ്വീകരിക്കുന്നു; ഒരേ ബലിയിൽ അവർ പങ്കുകൊള്ളുന്നു; ഒരേ ആദ്ധ്യാത്മികനേതൃത്വം അവർ സ്വീകരിക്കുന്നു. ഏതെങ്കിലും ഒരു വിശ്വാസസത്യം തിരസ്കരിക്കയോ, ന്യായപ്രകാരമുള്ള ഇടയന്മാരെ ധിക്കരിക്കയോ ചെയ്യുന്നവനു് സഭയിലെ അംഗത്വം നഷ്ടപ്പെടുന്നു; ഉണങ്ങിയ ശിഖരംപോലെ അവൻ ഛേദിക്കപ്പെട്ടുപോകുന്നു. തൻെറ വലതുകരം മുറിച്ചുകളയേണ്ടിവന്നാലും വേണ്ടതില്ല അബദ്ധസത്യങ്ങളാകുന്ന വിഷത്തെ സഭ ഒരിക്കലും തൻെറ ശരീരത്തിലേക്കു സംക്രമിപ്പിക്കയില്ല. ഒരു കത്തോലിക്കൻ ഭൂതലംമുഴുവനും ചുററി സഞ്ചരിച്ചാലും—അലാസ്കയിലൊ അർജൻറീനയിലൊ, ലണ്ടനിലൊ സഹാറയിലൊ, ടെഹറാനിലൊ ലാഹോറിലൊ, ഷാംഹായിലൊ മനിലയിലൊ, സിഡ്നിയിലൊ സോളമൻ ദ്വീപിലോ എവിടെപ്പോയാലും — ഒരേവിശ്വാസം പ്രസംഗിക്കപ്പെടുന്നതായി കേൾക്കുന്നു. ഒരേബലിസമർപ്പണത്തിൽ പങ്കുകൊള്ളുന്നു, ഒരേക്കൂദാശകൾ സ്വീകരിക്കുന്നു. ക്രിസ്തുവും അപ്പസ്തോലന്മാരും പ്രസംഗിച്ചതായ തത്വങ്ങൾ—വി. തോമാശ്ലീഹാ കേരളത്തിലും, വി. അംബ്രോസ് മിലാനിലും, വി. ക്രിസോസ്തോം കോൺസ്റ്റാൻറിനോപ്പോളിലും, വി. ബോനിഫസ് ജർമ്മനിയിലും വി. അത്തനേഷ്യസ് അലക്സാന്ത്രിയായിലും, വി. അഗസ്റ്റിൻ ഇംഗ്ലണ്ടിലും, വി. പാട്രിക്കു് അയർലണ്ടിലും പ്രസംഗിച്ചതായ അതേവിശ്വാസസത്യങ്ങൾതന്നെയാണു് ഇന്നും കത്തോലിക്കാസഭയിൽ പ്രസംഗിക്കപ്പെടുന്നതു്. സ്വാർത്ഥത്തിൻെറയും ഇഷ്ടാനിഷ്ടങ്ങളുടേയും യുക്തിയുടേയുംപേരിൽ വിശ്വാസസത്യങ്ങളെ വെട്ടിമുറിക്കുവാൻ പാടില്ല; എല്ലാം സ്വീകരിച്ചേ കഴിയൂ കാരണം, സത്യം ഏകമാണു്; അവിഭാജ്യമാണു്.

(ജെ. ചെമ്മണൂർ)

ബ: അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥംവഴി, എനിക്കുണ്ടായ ശക്തിയായ വയററിൽവേദന പെട്ടെന്നു മാറിയതിൻ കൃതജ്ഞത.

എം. ഒ. ജോസഫ്, മഞ്ഞപ്രക്കാരൻ
ചാലക്കുടി

# പുനരൈക്യപ്രത്യവലോകനം

(റവ. ഫാദർ ഗീവറുഗീസ്, പീടികയിൽ, ഓമല്ലൂർ)

യാക്കോബായസഭയിൽ

ഞാൻ യാക്കോബായ സഭയിൽ അന്തസ്സുള്ള ഒരു വൈദീകനായി വർത്തിച്ചുവരവെ, 40-ാമത്തെ വയസ്സിൽ 25കൊല്ലംമുൻപു്, ഏറീയകാലത്തെ ചിന്തയുടെയും അന്വേഷണത്തിൻെറയും ഫലമായി വിശ്വാസികളായ എൻെറ ജനങ്ങളോടുകൂടി കത്തോലിക്കാസഭയിലേക്കു് പുനരൈക്യപ്പെട്ടു. എൻെറ സഭാപരിവർത്തനം മലങ്കര ഒട്ടുക്കുള്ള യാക്കോബായക്കാരാദിയായവരെ സത്യാന്വേഷണത്തിലേക്കു് ഉണർത്തിയ ഒരു സംഭവമായിരുന്നു. ഇതെപ്പററി ഇപ്പോൾ ഒരു പ്രത്യവലോകനം നടത്തുന്നതു് ആധുനികപുനരൈക്യത്തിനു സഹായകമായിരിക്കും. എൻെറ പിതാവു് 10-ൽപ്പരം വൈദികന്മാരുള്ള സുപ്രസിദ്ധമായ ഓമല്ലൂർപള്ളി ഇടവകയിൽ, സ്ഥാനവും പാണ്ഡിത്യവും കർമ്മകുശലതയുംകൊണ്ടു് ഏററം പ്രമുഖനായ ഒരു വൈദികനും ഓമല്ലൂർ മുതലായ പള്ളികളുടെ വികാരിയും ആയിരുന്നു.

ഞങ്ങളുടെ കുടുംബമോ, 500കൊല്ലമായി, ഓമല്ലൂർപള്ളിയുടെ സ്ഥാപനകാലം മുതൽ പരമ്പരയാ വൈദികർ ഉണ്ടായിട്ടുള്ള ഒരു പൗരോഹിത്യകുടുംബവുമായിരുന്നു. ഇപ്പോൾ എൻെറ കുടുംബത്തിൽ എന്നെക്കൂടാതെ പുനരൈക്യപ്പെട്ട 2വൈദികർകൂടെയുണ്ടു്. യാക്കോബായ ഓർത്തഡോക്സ് പാർട്ടിയിൽനിന്നും മെത്രാൻസ്ഥാനത്തിനു് ഈയിടെ തിരഞ്ഞെടുക്കപ്പെട്ട രണ്ടു വൈദികരിൽ ഒരാൾ എൻെറ കുടുംബാംഗമാണു്. അഭിവന്ദ്യനായ എൻെറപിതാവും പൂർവ്വികന്മാരെപ്പോലെ എന്നെയും ഒരു ഉത്തമവൈദികനാക്കുന്നതിനും വൈദികാന്തസ്സിനെയും ചുമതലകളെയും പാലിക്കുന്നതിനും അഭ്യസിപ്പിച്ചു കാലത്തിനും സ്ഥാനത്തിനും അനുയോജ്യമായവിധം മലയാളം, ഇംഗ്ലീഷ്, സുറിയാനി എന്നീ ഭാഷകളിൽ ഞാൻ സാമാന്യം നൈപുണ്യം സമ്പാദിക്കയും പാരായണവും പണ്ഡിതസഹവാസവുംകൊണ്ടു് എൻെറ ജ്ഞാനത്തെ പരിപോഷിപ്പിക്കയുംചെയ്തു. പരേതനായ വട്ടശ്ശേരിൽ തിരുമേനിയും ഇപ്പോഴത്തെ കാതോലിക്കാതിരുമേനിയും എനിക്കു പ്രത്യേകം ബന്ധപ്പെട്ടവരും, ആർച്ചുബിഷപ്പു് മാർ ഈവാനിയോസു തിരുമേനി എൻെറ ആദ്ധ്യാത്മികോപദേഷ്ടാവും എല്ലാകാര്യങ്ങളിലും എൻെറ മാർഗ്ഗദർശിയും ആയിരുന്നു. സമുദായത്തിലെ വൈദികന്മാരിൽ ചിലർ എനിക്കു് ഓരോവിധത്തിൽവേണ്ടപ്പെട്ടവരും എൻെറ ഉത്തമസുഹൃത്തുക്കളും ആയിരുന്നു. 1913-ലാണു് അബ്ദേൽമിശിഹാപാത്രിയർക്കീസിൽനിന്നും ഞാൻ കർബാനപ്പട്ടം ഏററതു്. എൻെറ മാതൃസഭയേയും അതിലെ വിശ്വാസസത്യങ്ങളേയും സുഗ്രഹമാക്കുന്നതിനും ശക്തിയുക്തം പാലിക്കുന്നതിനും ഞാൻ ദത്തശ്രദ്ധനായി വർത്തിച്ചിരുന്നു. അന്നു കോട്ടയം പഴയസെമ്മിനാരിയിലെ അഭ്യസനവും ജീവിതവും "സത്യത്തിൻെറ തൂണും അടിസ്ഥാനവു"മായ സഭയേയും വിശ്വാസത്തേയും അഭിമുഖീകരിച്ചായിരുന്നു. യാക്കോബായസഭ പത്രോസ്സ്ളീഹായാൽ സ്ഥാപിക്കപ്പെട്ടതും അന്ത്യോഖ്യാ പാത്രിയർക്കീസന്മാർ പത്രോസിൻെറ അനന്തരഗാമികളായി പരമ്പരയാ അദ്ദേഹത്തിൻെറ സിംഹാസനത്തിന്മേൽ വാഴുന്നവരും; യാക്കോബായവിശ്വാസം മിശിഹാ അപ്പസ്തോലന്മാരെ പഠിപ്പിച്ച സത്യവിശ്വാസവും ആണെന്നായിരുന്നു എന്നെ പഠിപ്പിച്ച മല്പാന്മാരുടേയും മേലദ്ധ്യക്ഷന്മാരുടേയും വിശ്വാസവും ഉപദേശവും. 50 കൊല്ലംമുൻപു് യാക്കോബായക്കാരുടെയും വിശ്വാസം ഇങ്ങനെയായിരുന്നു എന്നുള്ളതിനു് പല രേഖകളും എൻെറ കൈവശമുണ്ടു്. അവയിൽ ഒന്നു് ഉദ്ധരിക്കാം. അതു്, എനിക്കു ആദ്യപട്ടംതന്ന ആളും മലങ്കരയിലെ ഒരു പുണ്യവാനായി യാക്കോബായക്കാർ 'നാമകരണം' ചെയ്തു ബഹുമാനിച്ചുവരുന്ന ആളുമായ പരുമല കബറടങ്ങിയിരിക്കുന്ന മാർ ഗ്രിഗോരിയോസു മെത്രാപ്പോലീത്താ തിരുമേനിയുടെ ഒരു കല്പനയാണു്. ഇതു പാഷണ്ഡോപദേശങ്ങളിലേക്കുള്ള ചിലരുടെ ചാച്ചിലറിഞ്ഞുകൊണ്ടു 1076ധനു23-ാം നു തുമ്പമൺ പള്ളിയിൽനിന്നും ഓമല്ലൂർപള്ളിയിലേക്കു് അയച്ചിട്ടുള്ളതാണു്: "നിങ്ങൾ പൂർവ്വകാലംമുതൽ അനുസരണയുള്ള മക്കളും അനുഗ്രഹിക്കപ്പെട്ടകൂട്ടവും രക്ഷിക്കപ്പെട്ട ജനവുമാകുന്നു എന്നത്രേ ഞങ്ങൾക്കു് ആശയുള്ളതു്. ഈ ആശ ഞങ്ങളിൽ പ്രബലപ്പെട്ടത്രേ ഇരിക്കുന്നതു്. അതിനെ ഇളക്കുവാൻ ആർക്കും കഴിയുന്നതുമല്ല. എന്തുകൊണ്ടെന്നാൽ നിങ്ങൾ ശ്ലീഹാസംഘം അടുത്ത കല്പാറമേൽ ഉറപ്പിക്കപ്പെട്ടിരിക്കുന്നതും പാതാളത്തിൻെറ വാതിലുകളാൽ ബലബന്ധം ചെയ്യപ്പെട്ടുവതല്ലാത്തതുമായ തിരുസഭയുടെ മക്കൾ ആകകൊണ്ടത്രേ. "ഈ പാറയോടു ഉതയ്ക്കുന്നവൻ തകർന്നുപോകും." ഇതു അന്നത്തെ യാക്കോബായക്കാരുടെ വിശ്വാസമായിരുന്നു. ഈ വിശ്വാസത്തെ ഉപദേശംകൊണ്ടു മാത്രമല്ല ഭരണത്തിലും സംരക്ഷിക്കുന്നതിനു് അന്നത്തെ മെത്രാന്മാർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മാർത്തോമ്മാ, സി. എം. എസ്. എന്നീ സഭകളുമായി വിവാഹബന്ധത്തിൽ ഏർപ്പെടരുതെന്നും അവരുടെ ഉപദേശങ്ങളിലും ആരാധനകളിലും മാത്രമല്ല, മതപരമായ യാതൊരു കാര്യത്തിലും ഇടപെടരുതെന്നും കത്തോലിക്കരെപ്പോലെ യാക്കോബായക്കാർക്കും നിർബന്ധമുണ്ടായിരുന്നു. ഇതിനു വിപരീതമായി തൻെറ മകളെ നവീകരണസഭയിൽ വിവാഹം കഴിപ്പിച്ചതിനു് ഒരു യാക്കോബായപ്രധാനിയെ ദീർഘനാൾ മുടക്കിൽനിർത്തിയതായും അറിയാം.

കോമൺവെൽത്തു് ബാങ്കു് (ക്ലിപ്തം)

H. O. കാഞ്ഞിരപ്പള്ളി

ബ്രാഞ്ചുകൾ:—

കാഞ്ഞിരപ്പള്ളി എരുമേലി
മുണ്ടക്കയം കോട്ടയം
പൂഞ്ഞാർ തൊടുപുഴ

ഡയറക്ടറന്മാർ


മെസ്സേഴ്സ്
കെ. വി. മാത്യു കൊല്ലംകുളം.
തൊമ്മൻ ജോസഫ് കരുവിനാക്കുന്നേൽ.
കെ. വി. സഖറിയാ, പൊട്ടൻകുളം.
ഹാജി വി. എ. സെയ്തുമഹമ്മദുറാവുത്തർ.
കെ. എം. ഡോമിനിക്കു് ബി. എ. എൽ. ടി.
കെ. ജോസഫ് ഇട്ടിയവിര, പള്ളിവാതുക്കൽ.
കെ. റ്റി. ജോസഫ്, കല്ലറയ്ക്കൽ.
പി. എൻ. പരമേശ്വരൻ പിള്ള ബി. എ.
കെ. ഡോമിനിക്ക ജോസഫ് ബി. എ. ബി. എൽ. (സെക്രട്ടറി).

ഡിപ്പോസിററുകൾ സ്വീകരിക്കുകയും എല്ലാവിധ ബാങ്കു് പ്രവർത്തനങ്ങളും സൗകര്യപ്രദമായവിധത്തിൽ നടത്തികൊടുക്കുകയും ചെയ്യുന്നു.

സെക്രട്ടറി
കെ ഡോമിനിക്ക ജോസഫ
ബി. എ. ബി. എൽ

മിഷൻപ്രവർത്തനം

യാക്കോബായസഭയിലെ ഭിന്നതകൾമൂലം ക്രമേണ ഈ വിശ്വാസത്തിനു ഉടവുതട്ടി. പത്രോസു പാത്രിയർക്കീസു ബാവാമൂലം ഉണ്ടായ ഭിന്നതയിൽനിന്നു ജന്മമെടുത്ത നവീകരണസഭമൂലം ഒരു നല്ല പങ്കു് ആളുകൾ ഈ പൂർവ്വികവിശ്വാസത്തിൽനിന്നു വ്യതിചലിക്കുന്നതിനു ഇടയായി. 1910-ാമാണ്ടിടയ്ക്കു അബ്ദുള്ളാപാത്രിയർക്കീസിൻെറ ആഗമനത്തോടുകൂടി ഉണ്ടായ ഭിന്നതമൂലം യാക്കോബായസഭ വീണ്ടും രണ്ടായിപിളരുന്നതിനു് ഉള്ള വട്ടംകൂട്ടുകൾ ദൃശ്യമായി. പാത്രിയർക്കീസു ബാവാതിരുമനസ്സുകൊണ്ടു മലങ്കരമെത്രാപ്പോലീത്തായായ വട്ടശ്ശേരിൽ തിരുമേനിയെ മുടക്കുകയും തൽഫലമായി പാത്രിയർക്കീസുകക്ഷി, മെത്രാൻകക്ഷി എന്നീ രണ്ടു വിഭിന്നപാർട്ടികളുണ്ടാകയുംചെയ്തു. മെത്രാൻകക്ഷി പാത്രിയർക്കീസുമായുള്ള ബന്ധംവിട്ടു് തങ്ങൾക്കായി ഒരു കാതോലിക്കായെ വാഴിച്ചു് അദ്ദേഹത്തിൻെറ കീഴിൽ ഓർത്തഡോക്സ് എന്ന പേരിൽ നിലയുറപ്പിക്കയും, പാത്രിയർക്കീസുകക്ഷി ഇവരെ ശീശ്മക്കാരായി ഗണിച്ചു മതകാര്യങ്ങളിൽ അകററിനിർത്തുകയും ചെയ്തു. എന്നുമാത്രമല്ല, ഇവരുടെ മേലദ്ധ്യക്ഷന്മാർ കൊടുക്കുന്ന പട്ടംപോലും സാധുവായി ഗണിക്കാതിരിക്കയുംചെയ്തു. കൂനൻകുരിശുസത്യത്തിനുശേഷം പുത്തൻകൂററു സുറിയാനിക്കാർ കുറേനാൾകഴിഞ്ഞു സി. എം. എസ്സുകാരുമായി സമ്പർക്കത്തിൽ ഏർപ്പെട്ടതുപോലെ ഓർത്തഡോക്സുകാർ ആംഗ്ലേയസഭയുടെ ഒരു വിഭാഗമായ ഹൈച്ചർച്ചുകാരുമായി സമ്പർക്കത്തിൽ ഏർപ്പെടുകയും അവരുടെ ഗണനീയന്മാരായ മിഷനറിമാരെ വരുത്തി വൈദികകോൺഫറൻസ്, വിദ്യാർത്ഥികോൺഫറൻസ്, ഇവനടത്തിക്കയും തൽഫലമായി ശാഖാതത്വവാദം (Branch theory) ഉന്നയിക്കപ്പെടുകയുംചെയ്തു. ശാഖാതത്വവാദമെന്നുവച്ചാൽ ആത്മരക്ഷയ്ക്കു വിശ്വാസവും സാധുവായ പട്ടത്വവു മാത്രം മതിയെന്നും ഭരണത്തിൻെറ ഐക്യം ആവശ്യമില്ലെന്നും ആയിരുന്നു. അഭ്യസ്തവിദ്യരായ വൈദികരിലും അത്മായക്കാരിലും ഈ അഭിപ്രായം പ്രബലപ്പെടുകയും അതിനെ ജനതാമദ്ധ്യത്തിൽ പ്രചരിപ്പിക്കയുംചെയ്തു തൽഫലമായി സഭാതലവനായ പാത്രിയർക്കീസിനെയും യാക്കോബായ സഭയേയുംവിട്ടു് ഒരു സ്വതന്ത്രസഭയായി നിന്നാലും തരക്കേടില്ല എന്നുള്ള അഭിപ്രായത്തിൽ എത്തിച്ചേർന്നു. ഈ അവസരത്തിൽ ഞാനും ഹൈച്ചർച്ചുപുസ്തകങ്ങൾ വരുത്തി വായിക്കുകയും ഈ വിശ്വാസം എനിക്കും ഉണ്ടാകയും ചെയ്തു. ഓർത്തഡോക്സുസഭയുടെ വിശ്വാസം ഇവിടെയും അവസാനിക്കുന്നില്ല. കുറെകഴിഞ്ഞപ്പോൾ ഉത്തരദക്ഷിണധ്രുവങ്ങൾപോലെ അകൽച്ചയുള്ള ബ്രദർ, പെന്തിക്കോസ്തി മുതലായ നവീകരണസഭകളുമായി പലരും മൈത്രിയിൽ ഏർപ്പെട്ടു. അവർ മദ്ധ്യതിരുവിതാംകൂറിൽ പല സ്ഥലങ്ങളിലും മതപരമായ പല കോൺഫറൻസുകളും ബൈബിൾക്ലാസ്സുകളും നടത്തിത്തുടങ്ങുകയും അവരുടെ ലഘുലേഖകളും പരസ്യങ്ങളും അന്തരീക്ഷത്തിൽ പറപ്പിക്കുകയുംചെയ്തു. ഏതു പ്രസംഗവും കേൾക്കാം, ഏതു പുസ്തകവും വായിക്കാം, എല്ലാം ദൈവവചനമാണു്, സകലത്തേയും പരിശോധിച്ചു, നല്ലതിനെ മുറുകെപ്പിടിക്കണം എന്നൊക്കെയായി. അവരുടെ പ്രചരണവേലയുടെ ഫലമായി പലരും കഥയറിയാതെ അവരുടെ സഭകളിലേക്കു ഒഴുകാൻ തുടങ്ങി. ഈ അവസരത്തിൽ ജനതയെ സത്യവിശ്വാസത്തിൽ നിലനിറുത്തുന്നതിനു എന്താണുമാർഗ്ഗം എന്നു് ആലോചിച്ചതിൽ നമുക്കും ആവശ്യം അനുസരിച്ചു ഓരോ ഇടവകകളിൽ മതപരമായ കോൺഫറൻസുകൾ നടത്തണമെന്നും സ്ഥിരമായ ഒരു കോൺഫറൻസു പത്തനംതിട്ടവച്ചു ആണ്ടുതോറും നടത്തണമെന്നും ഉള്ള അഭിപ്രായം പ്രബലപ്പെട്ടു. ഈ കാര്യത്തെപ്പററി ആലോചിച്ചു തീരുമാനിക്കാനായി എൻെറ സ്വന്ത ഇടവകയായ പുത്തൻപീടികപള്ളിയിൽവച്ചു തുമ്പമൺ ഭദ്രാസനഇടവകക്കാരുടെ ഒരു യോഗം ഇടവകമെത്രാൻെറ അനുമതിയോടുകൂടി ഞാൻ വിളിച്ചുകൂട്ടുകയും മേൽപ്പറഞ്ഞപ്രകാരമുള്ള നിശ്ചയം പാസ്സാക്കപ്പെടുകയുംചെയ്തു. "മാക്കാംകുന്നു കൺവൻഷൻ" എന്ന നാമധേയത്തിൽ ആണ്ടുതോറും മൂന്നോനാലോ ദിവസങ്ങളിൽ നടന്നുവരുന്ന മഹായോഗം ആണു് ഇതു്. ഞാൻ അതിൻെറ ജനയിതാവും കത്തോലിക്കാസഭയിൽ ചേരുന്നതുവരെ അതിൻെറ നടത്തിപ്പുകാരനും ആയിരുന്നു. പാഷണ്ഡോപദേഷ്ടാക്കൾ കാലുകുത്തുന്നിടത്തെല്ലാം ഞാൻ ഓടിയെത്തുകയും അവരുമായി വാദപ്രതിവാദങ്ങളിൽ ഏർപ്പെടുകയും പ്രസംഗയോഗങ്ങളും വേദപാഠക്ലാസ്സുകളും വഴിയായി അവരുടെ ഉപദേശങ്ങളെ ഖണ്ഡിക്കയും ചെയ്തുകൊണ്ടിരുന്നു. കൂടാതെ ഇതിനുമുമ്പേ തന്നെ വിജാതീയമിഷൻപ്രവർത്തനവും ആരംഭിച്ചിരുന്നു. യാക്കോബായസഭയെ സംബന്ധിച്ചിടത്തോളം മദ്ധ്യതിരുവിതാംകൂറിൽ ആദ്യമായി അന്യജാതിക്കാരെ സ്നാനപ്പെടുത്തി സഭയിൽചേർത്തു് അഭിവന്ദ്യനായ എൻെറ പിതാവും ഞാനുംകൂടിയായിരുന്നു. (തുടരും)



ജനറൽ ഫ്റാങ്കോയും പത്നിയും ഫാത്തിമാദേവാലയത്തിൽ മുട്ടുകുത്തിനില്ക്കുന്നു. ഫ്റാങ്കോ ഔദ്യോഗികകാര്യങ്ങൾ പ്രമാണിച്ചു് പോർട്ടുഗലിൽപോയ അവസരത്തിൽ ഫാത്തിമായിലെ തീർത്ഥകേന്ദ്രം സന്ദർശിക്കയും ദിവ്യബലിയിൽ സംബന്ധിച്ചു് ദിവ്യകാരുണ്യം സ്വീകരിക്കയും ചെയ്തു.

Thanksgiving



For favours received

C. Chacko Pudichery, Manjoor

## പരസ്യമായ ദിവ്യബലി

മദ്ധ്യകൊറിയയിൽ കെയ്സോങ്ങിനടുത്തുള്ള സന്ധിസംഭാഷണമേഖലയിൽ പ്രത്യേകം തയാറാക്കിയ ഒരുന്നതപീഠത്തിൽ പരസ്യമായ ദിവ്യബലി അർപ്പിക്കപ്പെട്ടിരിക്കുന്നു. ഒരമേരിക്കൻ സൈനികചാപ്ലനായ ഫാ. സ്റ്റീഫൻ കെയിൻ ആണു് ബലിയർപ്പിച്ചതു്. ഐക്യരാഷ്ട്ര സൈനികപ്രതിനിധിപകനായ ബ്രിഗേഡിയർ ജനറൽ ഫ്റാങ്കു് അല്ലൻ ഉൾപ്പെടെ അനേകം കത്തോലിക്കർ പ്രസ്തുതദിവ്യബലിയിൽ സംബന്ധിക്കുകയുണ്ടായി.

# സമാപ്തചരിതനായ വല്ലദാരസ്

(കെ. റ്റി. സെബാസ്റ്റ്യൻ ബി. എ.)

എൽ. എം. വല്ലദാരസ്: ഇന്ത്യയിലെ സെൻറ് വിൻസെൻറ് ഡി പോൾ പ്രവർത്തകർക്ക് സുപരിചിതമാണ് ആ നാമം. ഭാരതത്തിലെ കത്തോലിക്കരായ സാമൂഹ്യപ്രവർത്തകർക്ക് സുന്ദരവും അനവദ്യവുമായ ഒരു സ്മരണയെ, ഒരു ആദർശദീപത്തെ, പിതൃസ്വത്തായി നൽകിയിട്ട് ആ വയോവൃദ്ധൻ കാലയവനികയ്ക്കുള്ളിൽ തിരോധാനംചെയ്തു.

രണ്ടു സംവത്സരങ്ങൾക്കുമുമ്പു മാത്രമാണ് ഈ ലേഖകൻ മി. വല്ലദാരസിനെ—ഇന്ത്യയിലെ ആയിരക്കണക്കിനുള്ള വിൻസെൻറ് ഡി പോൾ പ്രവർത്തകരുടെ ആ അനിഷേധ്യനേതാവിനെ—ബോംബെയിലുള്ള അദ്ദേഹത്തിൻെറ വസതിയിൽവച്ച് സന്ദർശിച്ചതു്. പശ്ചിമേന്ത്യൻ സെൻട്രൽ കൗൺസിൽ ജനറൽ സെക്രട്ടറിയും പ്രസിഡൻറും, എല്ലാം, അദ്ദേഹം തന്നെയായിരുന്നു. കേരളത്തിലെ വിൻസെൻറ് ഡി പോൾ കോൺഫറൻസുകൾക്ക് സംഘടനാപരമായി നേരിടേണ്ടിവന്ന ചില വൈഷമ്യങ്ങളെക്കുറിച്ച് സംസാരിക്കുവാനത്രേ ഞാൻ അദ്ദേഹത്തെ സന്ദർശിച്ചതു്.



ലേഖകൻ

ശ്രീ വല്ലദാരസിനെ കണ്ടപ്പോൾ എൻെറ സ്മൃതിപഥത്തിൽ തെളിഞ്ഞുയർന്നതു് ചിത്രങ്ങളിൽ സാധാരണ കാണാറുള്ള വയോധികനായ സെൻറ് വിൻസെൻറ് ഡി പോളിൻെറ രൂപമായിരുന്നു. വാർദ്ധക്യംകൊണ്ട് നമ്രമായ അദ്ദേഹത്തിൻെറ ശിരസ്സ്, മുമ്പിൽ കൂമ്പാരമായി കിടന്നിരുന്ന വിൻസെൻഷ്യൻ ഫയലുകളെ സ്പർശിക്കുന്നതുപോലെ തോന്നി. ആ എഴുപത്തഞ്ചുകാരൻെറ ചുക്കിച്ചുളുങ്ങിയ മുഖവും കൈപ്പത്തികളും വിളിച്ചുപറയുന്നുണ്ടായിരുന്നു അദ്ദേഹത്തിന് വിശ്രമം ആവശ്യമാണെന്നു്. വാർദ്ധക്യസഹജമായ അസ്വാസ്ഥ്യങ്ങൾക്കുപുറമേ പലവിധമായ രോഗങ്ങളും ആസ്ത്മായും അദ്ദേഹത്തെ ബാധിച്ചിരുന്നു. "മി. വല്ലദാരസ് അണയുവാൻപോകുന്ന ഒരു ദീപമാണ്." ബോംബെ കത്തീഡ്റലിലെ ഒരു കൊച്ചച്ചൻ എന്നോട് നേരമ്പോക്കായി മുമ്പൊരിക്കൽ പറയുകയുണ്ടായി. ആ പ്രസ്താവന എത്രമാത്രം വാസ്തവമാണെന്നു് അദ്ദേഹത്തെ നേരിട്ടുകണ്ടപ്പോൾ മാത്രമാണ് എനിക്ക് ബോധ്യമായതു്. കേരളീയനായ ഈ വിനീതസഹോദരനെ കണ്ടമാത്രയിൽ അദ്ദേഹം കസേരയിൽനിന്നും ബദ്ധപ്പെട്ട് എഴുന്നേററു. നിവർന്നുനില്ക്കുവാനുള്ള ശ്രമത്തിനിടയിൽ ആ വൃദ്ധരൂപം നഖശിഖാന്തം വിറയ്ക്കുന്നുണ്ടായിരുന്നു. ആ വൃദ്ധൻ ആഹ്ലാദപൂർവ്വം ഇരുകരങ്ങളും എൻെറ നേരെ നീട്ടി. സൗഹൃദത്തിൻെറ ആ കരങ്ങൾക്കുള്ളിൽ എൻെറ കരങ്ങൾ അമർന്നു. കേരളത്തിലെ വിൻസെൻറ് ഡി പോൾ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനുള്ള പല പ്രായോഗികമാർഗ്ഗങ്ങളും അദ്ദേഹം എനിക്കു നിർദ്ദേശിച്ചുതന്നു. എൻെറ സംശയങ്ങൾക്കെല്ലാം അദ്ദേഹം സന്തോഷപൂർവ്വം മറുപടിനൽകി. ഞങ്ങളുടെ സംഭാഷണം അവസാനിക്കാറായപ്പോൾ മി. വല്ലദാരസിൻെറ ഭാര്യ (അവരും ഒരു രോഗിണിയായിരുന്നു.) ഞങ്ങളുടെ മുറിയിൽ കടന്നുവന്നു. മി. വല്ലദാരസ് അത്യദ്ധ്വാനംകൊണ്ട് മരണത്തെ വേഗത്തിൽ വിളിച്ചുവരുത്തുകയാണെന്നും കോൺഫറൻസുസംബന്ധമായ ജോലികളിൽ ഏർപ്പെട്ടിരിക്കുമ്പോൾ ആഹാരാദികാര്യങ്ങൾ മററാരെങ്കിലും ഓർമ്മപ്പെടുത്തിയില്ലെങ്കിൽ മറന്നുപോവുകയാണ് പതിവ് എന്നും ഗുണവതിയായ ആ സ്ത്രീ എന്നോട് പരാതിപറയുകയുണ്ടായി. അവർ മുറിയിൽനിന്നും വെളിയിൽ പോയപ്പോൾ ഞാൻ മി വല്ലദാരസിനോട് പറഞ്ഞു: "അങ്ങേക്ക് ഇനി വിശ്രമം ആവശ്യമാണ്. കോൺഫറൻസുജോലികൾ ഇനി ചെറുപ്പക്കാർ നോക്കട്ടെ." ഇതിന് അദ്ദേഹം പറഞ്ഞ മറുപടി ഇന്നും എൻെറ ചെവികളിൽ മുഴങ്ങുന്നുണ്ട്. "കുഞ്ഞേ," അദ്ദേഹം പറയുകയാണ്, "ഈ വൃദ്ധഗാത്രത്തിൽ ജീവൻ കിടക്കുവോളവും ഞാൻ സെൻറ് വിൻസെൻറ് ഡി പോൾ സൊസൈററിക്കുവേണ്ടി പ്രവർത്തിക്കും. ഇതു ദൈവത്തിൻെറ ജോലിയാണ്. ദൈവത്തിൻെറ ജോലി പിറുപിറുപ്പുകൂടാതെ തന്നെ ചെയ്യേണ്ടിയിരിക്കുന്നു." ആ മറുപടിക്കുമുമ്പിൽ ഞാനറിയാതെതന്നെ എൻെറ ശിരസ്സ് നമിച്ചുപോയി!

കഴിഞ്ഞ കാൽശതാബ്ദക്കാലമായി മി. വല്ലദാരസ് സെൻറ് വിൻസെൻറ് ഡി പോൾ സൊസൈററിയുടെ ഇന്ത്യയിലെ ഏററവും വലിയ ഘടകമായ "Central Council of Western India"യുടെ ജനറൽ സെക്രട്ടറി, പ്രസിഡൻറ് എന്നീ നിലകളിൽ പ്രവർത്തനം നടത്തിക്കൊണ്ടുപോരുകയായിരുന്നു. അവഗാഢമായ പരിചിന്തനത്തിനുശേഷമത്രേ കുശാഗ്രബുദ്ധിയും ഒരു നിയമബിരുദധാരിയുമായ ഫ്റെഡറിക് ഒസാനം വിൻസെൻറ് ഡി പോൾ സൊസൈററിയുടെ നിയമങ്ങൾ കരുപ്പിടിപ്പിച്ചതു്. പ്രസ്തുത നിയമങ്ങൾ കാലദേശാദികൾക്ക് അതീതമായിരിക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശ്യം. സൊസൈററി നിയമങ്ങളിൽ യാതൊരു വിട്ടുവീഴ്ചയും വരുത്താതെ ഫ്റെഡറിക് ഓസാനാമിൻെറയും സഹപ്രവർത്തകരുടെയും ചൈതന്യത്തിൽ ഇന്ത്യൻ കോൺഫറൻസുകളേയും വളർത്തിക്കൊണ്ടുപോരുവാൻ ശ്രീ വല്ലദാരസ് അതീവ ശ്രദ്ധാലുവായിരുന്നു.

ഇന്ത്യയിലെ കോൺഫറൻസുകളിൽ ഭൂരിപക്ഷവും നമ്മുടെ മലയാളക്കരയിലാണല്ലോ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്. കേരളക്കരയിലെ കോൺഫറൻസുകളുടെ ക്രമമായ പുരോഗതിയെ ശ്രീ വല്ലദാരസ് അതിയായ താല്പര്യത്തോടുകൂടിയത്രേ വീക്ഷിച്ചുകൊണ്ടിരുന്നതു്.

ഈ ലേഖകൻ ശ്രീ വല്ലദാരസിനെ സന്ദർശിക്കുന്നതിനു് ഏതാനും വാരം മുമ്പുമാത്രമായിരുന്നു, പാരിസിലുള്ള കൗൺസിൽ ജനറലിൽനിന്നും ഔദ്യോഗികമായി നിയോഗിക്കപ്പെട്ട മി. ഹെൻട്രി ജേക്കബ്ബ് അദ്ദേഹത്തെ സന്ദർശിച്ചതു്. ഇന്ത്യൻ കോൺഫറൻസുകൾ ശ്രീ വല്ലദാരസിൻെറ നേതൃത്വത്തിൽ പ്രശസ്തമാംവിധം പുരോഗമിക്കുന്നുണ്ടെന്നു് അദ്ദേഹം മനസ്സിലാക്കുകയും പ്രസിഡൻറുപദം തുടർന്നുവഹിക്കണമെന്നു് ശ്രീ വല്ലദാരസിനോടു് അഭ്യർത്ഥിക്കുകയുമാണുണ്ടായതു്. പക്ഷേ സെൻട്രൽ കൗൺസിലിൻെറ വർദ്ധിച്ചുവരുന്ന ജോലിത്തിരക്കിനേയും മി. വല്ലദാരസിൻെറ വാർദ്ധക്യത്തേയും പരിഗണിച്ച് മി. ഹെൻട്രി ജേക്കബ്ബ്, അദ്ദേഹത്തിനു സഹായികളായി ബോംബെ പർട്ടിക്കലർ കൗൺസിലിലുള്ള ഉത്സാഹികളായ നാലു പ്രവർത്തകാംഗങ്ങളെ നിയോഗിക്കുകയും അവർക്കായി സെൻട്രൽ കൗൺസിൽ ജോലികൾ ഭാഗിച്ചുകൊടുക്കുകയുമുണ്ടായി. (ഇപ്രകാരമുണ്ടായ ജോലി വിഭജനഫലമായിട്ടത്രേ കേരളക്കരയിലെ കോൺഫറൻസുകൾ ഡോ. ജെ. പി. മെനേസിസ് എം ബി ബി എസ് അവർകളുടെ മേൽനോട്ടത്തിൽ വന്നതു്.) തൻെറ സഹായികൾ നാലുപേർക്കും ശ്രീ വല്ലദാരസ് ദിവസേനയെന്നോണം നിർദ്ദേശങ്ങൾ നൽകിക്കൊണ്ടത്രേ ഇരുന്നതു്.

കുറേ നാളുകളായി, കാലിനു നേരിട്ട ഒരു ഒടിവു സംബന്ധിച്ച അദ്ദേഹം ചികിത്സയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. വിദഗ്ദ്ധന്മാരുടെ പരിചരണം ഉണ്ടായിരുന്നുവെങ്കിലും കഴിഞ്ഞ ജൂലൈ 22-ാംതിയതി ക്രിസ്തുവിൻെറ ആ വീരസേനാനി മൃതിയടയുകയത്രേ ചെയ്തതു്. മരിക്കുമ്പോൾ അദ്ദേഹത്തിനു എഴുപത്തിയേഴുവയസ്സു പ്രായമുണ്ടായിരുന്നു. മരിക്കുന്നതിനു രണ്ടുമൂന്നുദിവസങ്ങൾക്കു മുമ്പുവരേയും അദ്ദേഹം സെൻട്രൽ കൗൺസിൽ പ്രസിഡൻറ് എന്നനിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. "ഈ വൃദ്ധഗാത്രത്തിൽ ജീവൻ കിടക്കുവോളവും ഞാൻ സെൻറ് വിൻസെൻറ് ഡി പോൾ സൊസൈററിക്കുവേണ്ടി പ്രവർത്തിക്കും." വീരോചിതമായ ആ പ്രതിജ്ഞ അദ്ദേഹം നിറവേററുകതന്നെചെയ്തു.

അദ്ദേഹത്തിൻെറ ജീവിതകാലം നിസ്വാർത്ഥസേവനത്തിൻെറ ഒരു പര്യായമായിരുന്നു. സെൻറ് വിൻസെൻറ് ഡി പോൾ സൊസൈററിയിൽ പ്രവർത്തിക്കുന്നതുകൊണ്ട് ഒരുവനു ലൗകികമായ യാതൊരു മേന്മയും ലഭിക്കുന്നില്ല. ഒരു സെൻറ് വിൻസെൻറ് ഡി പോൾ പ്രവർത്തകൻ അന്യഥാ അന്ധകാരപൂർണ്ണമായ പാവങ്ങളുടെ ജീവിതത്തിലേക്ക് ആശ്വാസത്തിൻേറയും സഹായത്തിൻേറയും കൈത്തിരിയുമായി ഇറങ്ങിച്ചെല്ലുകയാണ്. അന്ധകാരത്തെ ശപിക്കുന്നതിൽഭേദം ഒരു ദീപം കത്തിച്ചുവയ്ക്കുകയാണെന്നു് അയാൾ വിശ്വസിക്കുന്നു. പാവങ്ങളുടെ സന്തോഷപൂർണ്ണങ്ങളായ മുഖങ്ങൾ—അവ കാണുമ്പോൾ അയാളുടെ ഹൃദയം നിറയുകയാണ്. ഈശ്വരസ്നേഹത്താൽ പ്രേരിതമായി, സാഹോദര്യത്തിൻെറ ചിഹ്നമായി നൽകപ്പെടുന്ന ഒരു കോപ്പ പച്ചവെള്ളത്തിനുപോലും അനശ്വരമായ സമ്മാനം വാഗ്ദാനംചെയ്തിരിക്കുന്ന ക്രിസ്തുവിൽ അയാൾ വിശ്വസിക്കുന്നു. അയാൾക്ക് ലോകത്തിൻെറ മേന്മകൾ ആവശ്യമില്ലതന്നെ. ശ്രീ വല്ലദാരസിൻെറ ജീവിതം നമ്മെ പഠിപ്പിക്കുന്നതു് ഇതെല്ലാമാണ്. കേരളത്തിലെ സാമൂഹ്യപ്രവർത്തകർക്ക് പൊതുവിലും സെൻറ് വിൻസെൻറ് ഡി പോൾ പ്രവർത്തകർക്ക് പ്രത്യേകമായും അദ്ദേഹത്തിൻെറ ജീവിതം ഒരു മാതൃകയായിരിക്കേണ്ടതാണ്.

സെൻട്രൽ കൗൺസിൽ പ്രസിഡൻറായി ശ്രീ വല്ലദാരസിൻെറ സ്ഥാനത്തു ഇതുവരേയും ഒരുത്തരും തെരഞ്ഞെടുക്കപ്പെട്ടിട്ടില്ല. കേരളക്കരയിലുള്ള കോൺഫറൻസുകൾ, സെൻട്രൽ കൗൺസിലിൽനിന്നും മറിച്ചൊരു നിർദ്ദേശം ലഭിക്കുന്നതുവരെ കത്തിടപാടുകൾ നടത്തേണ്ടതു് ഡോക്ടർ മെനേസിസ് ആയിട്ടായിരിക്കണമെന്നുള്ള വസ്തുത ഈയവസരത്തിൽ ഓർമ്മിപ്പിച്ചുകൊള്ളട്ടെ. അദ്ദേഹത്തിൻെറ പൂർണ്ണമായ മേൽവിലാസം താഴെ ചേർക്കുന്നു:—

Dr. J. P. Menezes,
M. B. B.S., B. M. S.
Willingdon House
Soparibag Road
Parel, Bombay 12

## എൻെറ ഗാനങ്ങൾ

ഞാൻ പത്രപംക്തികൾവഴിയായും, പുസ്തകരൂപേണയും പ്രസിദ്ധംചെയ്തുവരുന്ന ഗാനങ്ങളുടെ പകർപ്പവകാശം എപ്പോഴും ആലപ്പുഴ "മാളിയേക്കൽ ബ്രദേഴ്സി"നായിരിക്കുകയാൽ, അവരുടെ രേഖാമൂലമായ അനുവാദമില്ലാതെ പ്രസ്തുത ഗാനങ്ങളൊന്നും എടുത്തു് ഏതെങ്കിലും രൂപേണ പ്രസിദ്ധംചെയ്യുവാൻ ആർക്കും അവകാശമില്ലാത്തതും മറിച്ച് ആരെങ്കിലും ചെയ്യുന്നപക്ഷം അതിൽവച്ചുണ്ടാകുന്ന നഷ്ടത്തിനു് പ്രസ്തുത പ്രസിദ്ധീകരണക്കാർ ഉത്തരവാദികളായിരിക്കുന്നതുമാകുന്നു എന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്നു്,

വർഗ്ഗീസ് ജെ. മാളിയേക്കൽ,
കോൺവെൻറ് സ്ക്വയർ, ആലപ്പുഴ

## ദൈവം യോജിപ്പിച്ചതിനെ

മനുഷ്യൻ വേർപെടുത്തിയാൽ!

ബ്രിട്ടണിലെ വിവാഹമോചനങ്ങളുടെ കണക്കാണ് താഴെ ചേർക്കുന്നതു്:—

| കൊല്ലം | എണ്ണം |
|---|---|
| 1891 | 371 |
| 1938 | 6250 |
| 1947 | 60,000 |
| 1948 | 43,500 |

"ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപെടുത്തി"യാൽ ഇതായിരിക്കും ഫലം.

ബ്രിട്ടണിലെ, വിവാഹവും വിവാഹമോചനവും സംബന്ധിച്ച നിയമങ്ങളിൽ എന്തെങ്കിലും ഭേദഗതികൾ ചെയ്യേണ്ടതുണ്ടോ എന്നന്വേഷിച്ചറിയുന്നതിനായി ഇപ്പോളൊരു "റോയൽ കമ്മീഷൻ" നിയമിക്കപ്പെട്ടിരിക്കയാണ്. ജഡ്ജിമാർ, അദ്ധ്യാപകന്മാർ, വക്കീലന്മാർ ആദിയായി 19പേർ അതിൽ അംഗങ്ങളായുണ്ട്. പ്രസ്തുത കമ്മീഷൻെറ നിയമനത്തെ ആഗസ്റ്റ് 23-ാംനു- ബ്രിട്ടീഷുരാജാവ് അംഗീകരിക്കുകയുണ്ടായി.

## 32 കൊല്ലം മതി

ലോകത്തിൽ ആകപ്പാടെ ഒരു കത്തോലിക്കൻ മാത്രമേയുള്ളുവെന്നു സങ്കല്പിക്കുക. അയാൾ കൊല്ലംതോറും ഒരാളെ മാനസാന്തരപ്പെടുത്തുകയും, മാനസാന്തരപ്പെടുന്നവർ ഓരോരുത്തരും അപ്രകാരം ചെയ്യുകയും ചെയ്യുകയാണെങ്കിൽ, 32 കൊല്ലംകൊണ്ട് ലോകത്തിലുള്ളവരെല്ലാം കത്തോലിക്കരായിത്തീരുന്നതാണ്.


# കാത്തലിക്ക് ബാങ്ക് ഓഫ് ഇൻഡ്യാ ക്ലിപ്തം

1938-ൽ സ്ഥാപിതം

**ശാഖകൾ**

ആലപ്പുഴ, അതിരമ്പുഴ, കോഴിക്കോട്ട്, ചങ്ങനാശേരി, എടത്വാ, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, & തിരുവനന്തപുരം

ഹെഡാഫീസ്: ചങ്ങനാശേരി, സൗത്തിൻഡ്യാ

## കഴിഞ്ഞ അഞ്ചുവർഷത്തെ അഭിവൃദ്ധി റിപ്പോർട്ട്

| വർഷം | അടഞ്ഞ മൂലധനം | സ്ഥിരനിക്ഷേപം | ആകെ നിക്ഷേപങ്ങൾ | ആകെ പ്രവർത്തനമൂലധനം | ഡിവിഡൻഡ് |
|---|---|---|---|---|---|
| 1945 | 4,30,460 | 7,97,357 | 11,57,808 | 18,66,016 | 6 ശതമാനം |
| 1946 | 4,75,420 | 9,90,671 | 15,39,463 | 21,80,311 | 6 ശതമാനം |
| 1947 | 4,93,540 | 11,24,472 | 16,65,536 | 23,30,676 | 6 ശതമാനം |
| 1948 | 5,50,490 | 12,16,474 | 17,09,083 | 24,63,575 | 6 ശതമാനം |
| 1949 | 5,92,310 | 13,17,211 | 17,20,138 | 25,26,296 | 4 ശതമാനം |

ആകർഷകമായ നിരക്കുകളിൽ എല്ലാവിധ ബാങ്കിടപാടുകളും നടത്തപ്പെടുന്നു.

3 മുതൽ 5 ശതമാനം വരെയുള്ള ആകർഷകമായ പലിശനിരക്കുകളിൽ സ്ഥിരനിക്ഷേപങ്ങൾ സ്വീകരിക്കപ്പെടുന്നു.

# സർവ്വാധിപത്യരാഷ്ട്രവും വിദ്യാഭ്യാസ പ്രശ്നങ്ങളും—അനന്തരകരണീയമെന്തു്?

III

## അന്തരീക്ഷത്തിനാവശ്യമായ മററ ചില ഘടകങ്ങൾ

(ഷെവലിയർ ജോസഫ് പെട്ട എം. എ.)

### ചിത്രാലങ്കാരങ്ങൾ

വിദ്യാലയങ്ങളിൽ പവിത്രതരമായ അന്തരീക്ഷം പുലർത്തുന്നതിലേക്കു് ഉത്തമരായ അദ്ധ്യാപകന്മാർ അവശ്യാവശ്യമാണെന്നും അങ്ങനെയുള്ളവരെ തേടിപ്പിടിച്ചു് നിയമിക്കേണ്ടതു് മാനേജരുടെ അനുപേക്ഷണീയകടമകളിൽ ഒന്നാണെന്നും പറഞ്ഞുകഴിഞ്ഞു. ഏതൽകാര്യാർത്ഥം, അപ്രധാനങ്ങളെങ്കിലും അഭിലഷണീയങ്ങളും സഹായകങ്ങളുമായ വേറെയും ചിലകാര്യങ്ങൾ മാനേജർക്കു ചെയ്യുവാൻ കഴിയും. അവയിലൊന്നു, വിദ്യാലയത്തിലെ പ്രധാനപ്പെട്ട സമ്മേളനശാലകളിലും,



ക്ലാസ്സുമുറികളിലും, പരിസരങ്ങളിലും, വിശുദ്ധന്മാരുടെ തിരുസ്വരൂപങ്ങൾ — പ്രത്യേകിച്ചും ഓരോ ക്ലാസ്സുമുറിയിലും ഓരോ ക്രൂശിതരൂപം, ഇല്ലെങ്കിൽ ഓരോ ഒഴുക്കൻകുരിശുതന്നെയെങ്കിലും —സ്ഥാപിക്കുക എന്നുള്ളതാണു്. ക്രിസ്തുരാജന്റെ പ്രൗഢവും പ്രശാന്തസുന്ദരവും കരുണാമസൃണവും സർവ്വഥാ സമാകർഷകവുമായ ഛായാപടം ഏതൊരു സമ്മേളനശാലയ്ക്കാണു് ഒരു മകുടാലങ്കാരമാകാത്തതു്? കൂടാതെ, വിദ്യാലയത്തോടു അനുബന്ധിച്ചുള്ള കളിസ്ഥലങ്ങളുടെ പാർശ്വങ്ങളിലും പുഷ്പവാടികളിലും ചേതോഹരങ്ങളായ ചെറുസ്തംഭങ്ങളിന്മേൽ രാജാധിരാജന്റെയും അവിടുത്തെ വിശ്വസ്തവീരസേനാനികളുടേയും മോഹനപ്രതിമകൾ സ്ഥാപിക്കുന്നതും ഉത്തമമായിരിക്കും. ഈശോസഭക്കാരുടെ കലാലയപരിസരങ്ങൾ അവർ ഈ വിധത്തിലാണു് അലങ്കരിച്ചു മോടിപിടിപ്പിക്കുന്നതു്. നമ്മുടെ നാട്ടിലും പല കോൺവെന്റ് സ്കൂളുകാർ അങ്ങനെ ചെയ്തുവരുന്നുണ്ടു്. പാശ്ചാത്യലോകത്തിലെ കത്തോലിക്കാരാജ്യങ്ങളിൽ അതു സർവ്വസാധാരണവുമാണു്.

സർവ്വരും സമ്മതിക്കും—ചില "പുരോഗമന"ക്കാർ ഒഴിച്ചു്— ചിത്രശില്പകലകൾക്കു് സ്വഭാവരൂപവൽക്കരണവുമായുള്ള ബന്ധം അതിപ്രധാനമാണെന്നു്. അശ്ലീലചിത്രങ്ങൾക്കു് അധമവിചാരവികാരപരമ്പരകൾ ഇളക്കിവിടുന്നതിനുള്ള കഴിവു് അപാരമാണെങ്കിൽ, തത്തുല്യംതന്നെയാണു് ആദർശസമ്പുഷ്ടമായ ഉൽകൃഷ്ടചിത്രങ്ങൾക്കു സദ്വികാരങ്ങളും സച്ചിന്തകളും ഉത്തേജിപ്പിക്കുന്നതിയുള്ള ശക്തിയും. സാമാന്യജനങ്ങൾ—കലാവിദഗ്ദ്ധന്മാരല്ല—നിത്യേന സമ്മേളിക്കുന്ന പൊതുവിശ്രമസ്ഥലങ്ങളിലും അവർ വായിക്കുന്ന പത്രമാസികകളിലും നഗ്നങ്ങളായ സ്ത്രീപുരുഷപ്രതിമകളും ചിത്രങ്ങളും പ്രദർശിപ്പിച്ചു കലാപ്രബുദ്ധത കലശലാക്കുന്നതിനുള്ള സ്വാതന്ത്ര്യം "കലകലയ്ക്കുവേണ്ടി" എന്ന അബദ്ധാദർശം മുറുകെപ്പിടിച്ചുകൊണ്ടിരിക്കുന്ന ഉപരിപ്ലവബുദ്ധികളായ ചില പണ്ഡിതമ്മന്യന്മാർക്കുണ്ടെങ്കിൽ; വഴിവക്കിലുള്ള മതിലുകളും ഗൃഹഭിത്തികളും നിറയെ ആഭാസചിത്രങ്ങൾ നിരത്തിപ്പതിച്ചു മനുഷ്യമനസ്സിനെ മൃഗീയവികാരങ്ങളിൽ അധഃപതിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യം സാത്താന്റെ ദൂതന്മാർക്കുണ്ടെങ്കിൽ; എന്തുകൊണ്ടു് വിദ്യാലയങ്ങളിലും സമീപപ്രദേശങ്ങളിലും നല്ലനല്ല ചിത്രങ്ങൾ പൂജ്യമായി പ്രതിഷ്ഠിച്ചു ബാലഹൃദയങ്ങളെ സദ്വികാരങ്ങളിലേക്കുയർത്തിവിടുന്നതിനുള്ള സ്വാതന്ത്ര്യം നമുക്കുണ്ടായിക്കൂടാ? ഏതേതു മതത്തിൽപ്പെട്ടവരായാലും, നിർമത്സരബുദ്ധികളേവരും ഈ പ്രസ്ഥാനത്തെ സ്വാഗതംചെയ്യുമെന്നുള്ളതിനു സംശയമില്ല. അനാവശ്യമായി മറ്റുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്താതെ, സൗമനസ്യത്തോടും ഔചിത്യദീക്ഷയോടുംകൂടി പ്രവർത്തിക്കുന്നപക്ഷം ആശാസ്യമായ ഈ പരിവർത്തനം എവർക്കും തൃപ്തികരമായവിധത്തിൽ സമാധാനം സാധിക്കാവുന്നതാണു്.

### സംഗീതം, അഭിനയം

ചിത്രശില്പകലകൾപോലെതന്നെ സംഗീതം, നടനകല എന്നിവയും മനഃസംസ്കരണത്തെ കാര്യമായി സഹായിക്കുന്ന കരുത്തേറിയ കരുക്കളാണു്. സംഗീതമാപാദമധുരം എന്നല്ല കവിവാക്യം. സർപ്പരാജനുംകൂടി സംഗീതമധുരിമയ്ക്കു വിധേയനായി തലകുനിക്കുന്നില്ലേ? ശ്രുതിമധുരവും ഭക്തിനിർഭരവുമായ ഗാനരീതികൾ ശ്രോതാക്കളിൽ ഒരു പാരത്രിക ചൈതന്യംതന്നെ ഉളവാക്കുന്നു. സംഗീതസുഖം ആസ്വദിക്കുന്നതിനു കഴിവില്ലാത്ത മനുഷ്യനെ ഭയപ്പെടുകതന്നെ വേണമെന്നു മഹാകവി ഷെയ്ക്സ്പിയർ പറഞ്ഞിട്ടുള്ളതിലും അല്പം പരമാർത്ഥമില്ലാതില്ല. ക്ലേശഭാരം കുറയ്ക്കുന്നതിനും മനസ്സമാധാനം വളർത്തുന്നതിനും ഭ്രാതൃദയ ഉദിപ്പിക്കുന്നതിനും പരസ്പരസൗഹാർദ്ദം വർദ്ധിപ്പിക്കുന്നതിനും ക്രോധവികാരങ്ങൾ ശമിപ്പിക്കുന്നതിനും പ്രശാന്തത പുലർത്തുന്നതിനും പരുഷചിത്തം മൃദുലമാക്കുന്നതിനും അന്തരംഗത്തിൽനിന്നു ദുഷ്ടവിചാരങ്ങൾ ദൂരീകരിച്ചു ശിശുതുല്യമായ നൈർമ്മല്യം പ്രദാനംചെയ്യുന്നതിനും ഉൽകൃഷ്ടസംഗീതത്തിനു ശക്തിയുണ്ടു്. അതുപോലെതന്നെ നല്ലരീതിയിൽ അഭിനയിക്കപ്പെടുന്ന നാടകങ്ങളും യുവഹൃദയങ്ങളിൽ ആദർശമുദ്രകൾ ആഴമായി പതിക്കുന്നതിനു തികച്ചും പര്യാപ്തങ്ങളാണു്. വീരപുരുഷന്മാരുടെ ധീരകൃത്യങ്ങളനുകരിക്കുന്നതിനും ഹീനപാത്രങ്ങളുടെ അധമപ്രവൃത്തികൾ വർജ്ജിക്കുന്നതിനും അങ്ങനെ സന്മാർഗ്ഗനിരതമായ ജീവിതം നയിക്കുന്നതിനും ഉത്തമങ്ങളായ നാടകങ്ങൾ നമുക്കു പ്രേരണനൽകുന്നു. പുസ്തകപാരായണത്തിൽനിന്നോ പ്രസംഗശ്രവണത്തിൽനിന്നോ ലഭ്യമാകാത്ത ശക്തിയേറിയ ഒരു ചൈതന്യപ്രകർഷമാണു് അഭിനയദർശനംമൂലം നമ്മിൽ ഉളവാകുന്നതു്. ഏവംവിധങ്ങളായ ഉപാധികൾ വിവേചനാപൂർവ്വം സന്ദർഭോചിതമായി പ്രയോഗിച്ചു വിദ്യാലയത്തിലെ അന്തരീക്ഷം പരിപൂതവും ഉത്തേജകവുമാക്കിത്തീർക്കുന്നതിനു മാനേജർക്കു സാധിക്കും. കുറെയൊക്കെ ബുദ്ധിമുട്ടേണ്ടിവരും, ഇല്ലാതില്ല. ചില ചില്ലറ പ്രതിബന്ധങ്ങൾ ഉണ്ടായെന്നുംവരാം. എന്നാലും, സ്ഥിരോത്സാഹത്തോടുകൂടി തുടന്നു പ്രവർത്തിക്കുന്നപക്ഷം ഉദ്ദിഷ്ടഫലം കൈവരാതിരിക്കയില്ല. അദ്ധ്യാപകവൃന്ദത്തിന്റെ ആത്മാർത്ഥമായ സഹകരണം ഈ കാര്യത്തിലും അത്യന്താപേക്ഷിതമാണു്. എന്നിരുന്നാലും മാനേജരുടെ നിരന്തരമായ നേതൃത്വമായിരിക്കും അതിന്റെ ജീവനാഡി. അദ്ദേഹത്തിന്റെ മനഃപൂർവ്വമായ ശ്രദ്ധയും പ്രോത്സാഹനവുമില്ലെങ്കിൽ "നശ്വരമായ്‌വരും നിശ്ശേഷയത്നവും."

### മാനേജരുടെ വ്യക്തിവിലാസം

അവസാനമായി, അന്തരീക്ഷരൂപവൽക്കരണത്തിൽ മാനേജരുടെ വ്യക്തിത്വത്തിനുള്ള അദ്വിതീയമായ പ്രാധാന്യത്തെക്കുറിച്ചുകൂടി ഒരു വാക്കുപറഞ്ഞുകൊള്ളട്ടെ. ഒരു സ്വകാര്യവിദ്യാലയത്തിന്റെ നട്ടനായകത്വം വഹിക്കുന്നതു് അതിന്റെ മാനേജരാണു്. അദ്ദേഹമാണു് അതിന്റെ നട്ടെല്ലു്. ഈ അച്ചുതണ്ടിന്മേലാണു അതിന്റെ അനുദിനപ്രവർത്തനം ഭ്രമണംചെയ്തുകൊണ്ടിരിക്കുന്നതു്. അദ്ദേഹത്തിന്റെ വ്യക്തിവിലാസവും സ്വഭാവശുദ്ധിയും ആദർശാഭിലാഷങ്ങളും പാവനമായ ജീവിതചര്യയും വിദ്യാലയത്തിന്റെ ഭാഗധേയങ്ങളെ അവഗാഢം സ്പർശിക്കാതിരിക്കയില്ല. യഥാരാജാ തഥാ പ്രജയെന്നുണ്ടല്ലോ. "ആന പോയപുറെ വാലും" എന്നു പഴമക്കാരും പറയാറുണ്ടു്. എന്നതുപോലെ, ഒരു വിദ്യാലയത്തിലെ ഉപാദ്ധ്യായന്മാരും വിദ്യാർത്ഥികളും ഒരുപോലെ അവിടത്തെ മാനേജരെയാണു പിൻചെല്ലുന്നതു്. അദ്ദേഹത്തിന്റെ മുഖദർപ്പണത്തിലാണു് അവർ പ്രചോദനവും പ്രോത്സാഹനവും തേടുന്നതു്.

"As the flow'rs of the forest
unfold to the sun,
So o'r young hearts rejoice as
in kindness you come.
As they brighten to beauty
beneath its warm rays,
So your smiles and applause
give us courage today."

എന്നത്രെ മാനേജരുടെ സാന്നിദ്ധ്യത്തിൽ വിദ്യാർത്ഥിവൃന്ദം ആഹ്ലാദംകൊള്ളുന്നതു്. അദ്ദേഹത്തിന്റെ പൈതൃകമായ ഉപദേശനിർദ്ദേശങ്ങൾ അവരെ നയിക്കുന്നു; അനുഭാവപൂർവ്വമായ അനുശാസനങ്ങൾ അവരെ നിയന്ത്രിക്കുന്നു. എന്നിരുന്നാലും, ഗഹനങ്ങളായ ഉപദേശനിർദ്ദേശപരമ്പരകൾ അനുസരിച്ചെന്നതിനെക്കാൾ, അദ്ദേഹത്തിന്റെ ആദർശങ്ങളും അനുദിനപ്രവർത്തനപരിപാടികളും അനുകരിച്ചു പ്രവർത്തിക്കുന്നതിനാണു് അവർ കൂടുതൽ വാസനപ്രദർശിപ്പിക്കുക. ഉത്തമമാതൃകയാണല്ലോ ഉപദേശത്തെക്കാളുപരിഗുണം ചെയ്യുന്നതു്. ഇങ്ങനെയെല്ലാമിരിക്കെ, ഒരു കത്തോലിക്കാവിദ്യാലയത്തിലെ മാനേജർസ്ഥാനം എത്രമാത്രം ഉത്തരവാദിത്വമേറിയതാണെന്നു പ്രത്യേകം എടുത്തുപറയേണ്ടതില്ല. മാനേജർ ഒരു വന്ദ്യവൈദികൻകൂടിയായാൽ ഈ ഉത്തരവാദിത്വം പതിന്മടങ്ങു വർദ്ധിക്കുന്നു. അത്രമാത്രം ഉന്നതമാണു് ഒരു വൈദികന്റെ പദവി.

### മതപഠനവും മാനേജരും

അന്തരീക്ഷത്തെപ്പററിയാണല്ലോ ഇതുവരെ പ്രതിപാദിച്ചതു്. നിർമ്മലവും ആദർശനിർഭരവും ചൈതന്യസമ്പൂർണ്ണവുമായ ഒരന്തരീക്ഷം സൽസ്വഭാവരൂപവൽക്കരണത്തിനു് അവശ്യാവശ്യകമത്രെ. എങ്കിലും അതൊരു അനുകൂലപശ്ചാത്തലം മാത്രമേ ആകുന്നുള്ളു. അതുകൊണ്ടുമാത്രം മതിയായില്ല. വിദ്യാർത്ഥികൾ നേരിട്ടു നിർവ്വഹിക്കേണ്ടതായ കർമ്മപരിപാടികളും കൂടിയേകഴിയൂ. അവയിൽവച്ചു സർവ്വോപരി പ്രാധാന്യം അർഹിക്കുന്നതു മതപഠനമാണു്. ഒരു കത്തോലിക്കാവിദ്യാലയം ഉദ്ദിഷ്ടഫലം പുറപ്പെടുവിക്കണമെങ്കിൽ അതിൽ മതപഠനത്തിനു പ്രഥമസ്ഥാനം കല്പിച്ചുകൊടുക്കണം. ധാർമ്മികമൂല്യങ്ങളേയും ഭൗതികപ്രലോഭനങ്ങളേയും തമ്മിൽ തിരിച്ചറിഞ്ഞു് അതാതിനനുഗുണമായ വിലകല്പിക്കുന്നതിനു പര്യാപ്തമായ ആദ്ധ്യാത്മികപ്രബുദ്ധതയും ക്രമീകൃതമനോഭാവവും അദ്ധ്യേതാക്കളിൽ കൈവളർത്തുന്നതിനു മതോപദേശംകൊണ്ടുമാത്രമേ സാധിക്കയുള്ളു. സനാതനങ്ങളായ മതതത്വങ്ങളിൽ അധിഷ്ഠിതമല്ലാത്ത ശാസ്ത്രവും സംസ്കാരവുമെല്ലാം കേവലം ശൂന്യങ്ങളാണെന്നുള്ള നഗ്നമായ പരമാർത്ഥം, നാലുപാടും നടമാടുന്ന അനുദിനസംഭവങ്ങൾ ഉച്ചൈസ്തരം വിളിച്ചുപറയുന്നു. മതാദ്ധ്യാപനകാര്യത്തിൽ ഗവമ്മെന്റുകളുടെ പ്രതികൂലമനോഭാവവും മറ്റുനടപടികളും നമ്മുടെ മുമ്പിൽ ഭാരിച്ചപ്രതിബന്ധങ്ങൾ വലിച്ചുവച്ചിട്ടുണ്ടെങ്കിലും നാം മുഴുകഴിവും പ്രയോഗിച്ചു ദൃഢനിശ്ചയത്തോടുകൂടി പരിശ്രമിക്കുന്നപക്ഷം ഈ വിഷമസന്ധി ഏറെക്കുറെ തരണംചെയ്യുന്നതിനും നമ്മുടെ വിദ്യാലയങ്ങളെ പുനരുദ്ധരിച്ചു കത്തോലിക്കാചൈതന്യത്തിന്റെ ശക്തികേന്ദ്രങ്ങളാക്കിത്തീർക്കുന്നതിനും സാധിക്കുന്നതാണു്. മാനേജർമാർ മുൻനിന്നും അവരുടെ പിന്നിൽ മാതാപിതാക്കന്മാർ തുണനിന്നും ഇരുപാർശ്വങ്ങളിൽ അദ്ധ്യാപകവൃന്ദം അണിനിരന്നും ധാർമ്മികമായ ഒരു കുരിശുയുദ്ധംതന്നെ നാം നടത്തേണ്ടിയിരിക്കുന്നു. മനസ്സുള്ളേടത്തു മാർഗ്ഗവും തെളിഞ്ഞുവരും.

### സമയനിർണ്ണയം

ആദ്യമായി ദൃഷ്ടിപതിയേണ്ടതു സമയനിർണ്ണയത്തിലാണു്. മററു ക്ലാസുകളെല്ലാം കഴിഞ്ഞു നാലുമണിക്കുശേഷമുള്ള ക്ഷീണമുഹൂർത്തത്തിലേക്കു നീട്ടിവയ്ക്കാതെ, ദിവസേന കാലത്തു ഒമ്പതരമണി മുതൽ പത്തുവരെ, അഥവാ 9-55 വരെ വേദപാഠക്ലാസ്സുകൾ നടത്തുന്നപക്ഷം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഉണർവോടും ഉന്മേഷത്തോടുംകൂടി അവയിൽ സംബന്ധിക്കുന്നതിനു സാധിക്കും. മാതാപിതാക്കന്മാരുടെ ഹാർദ്ദമായ അനുഭാവമുണ്ടെങ്കിൽ ഈ കാര്യത്തിൽ യാതൊരു ബുദ്ധിമുട്ടിനും ഇടവരുന്നതല്ല. ഒൻപതരമണിക്കുതന്നെ കുട്ടികൾ വിദ്യാലയത്തിൽ എത്തിച്ചേരണമെന്നുള്ളതാണല്ലോ ഇതുസംബന്ധിച്ച പ്രധാന പ്രശ്നം. മാതാപിതാക്കന്മാർ — പ്രത്യേകിച്ചും മാതാക്കൾ—വിചാരിച്ചാൽ അക്കാര്യം എളുപ്പത്തിൽ നടന്നുകൊള്ളും. മതപഠനത്തിന്റെ അത്യുഗ്രമായ അടിയന്തിരാവശ്യം ശരിക്കു മനസ്സിലാക്കിയാൽ അവർ അതിൽ ആത്മാർത്ഥമായി സഹകരിക്കുമെന്നുള്ളതും തീർച്ചയാണു്. കന്യകാമഠങ്ങൾ നടത്തുന്ന പല വിദ്യാലയങ്ങളിലും ഈ സമ്പ്രദായം വിജയപൂർവ്വം നടന്നുവരുന്നുണ്ടു്. അതുകൊണ്ടു് അവയിലെ കുട്ടികളുടെ ഇതരപഠനത്തിനു യാതൊരു കോട്ടവും തട്ടുന്നുമില്ല. നേരെമറിച്ചു അത്തരം വിദ്യാലയങ്ങളാണു് പൊതുപരീക്ഷാഫലങ്ങളിൽ അഗ്രിമസ്ഥാനം കരസ്ഥമാക്കുന്നതു്. ആകയാൽ കത്തോലിക്കാവിദ്യാലയങ്ങൾ എല്ലാംതന്നെ ഈ സമ്പ്രദായം പരീക്ഷാർത്ഥമെങ്കിലും ഒന്നു പ്രയോഗിച്ചുനോക്കണമെന്നാണു് എന്റെ വിനീതമായ അഭ്യർത്ഥന. ഒരുപക്ഷെ ആരംഭത്തിൽ അല്പം ചില തടസ്സങ്ങൾ നേരിട്ടേക്കാം. എന്നാൽ കാലാന്തരത്തിൽ അവ മാഞ്ഞുമറഞ്ഞുപോകും.

മതപഠനത്തിന്റെ പ്രാധാന്യത്തെപ്പററി പ്രസംഗവേദികളിൽനിന്നുംമററും നാം എത്ര ശക്തിയുക്തം പ്രതിപാദിക്കാറുണ്ടു്. അത്തരം അധരസേവകൊണ്ടുമാത്രം തൃപ്തിപ്പെടാതെ, പ്രായോഗികമായ ചില ത്യാഗങ്ങൾകൂടി സഹിക്കുന്നതിനു നാം തയ്യാറാകേണ്ടതല്ലേ? അതിനു നാം സന്നദ്ധരല്ലെങ്കിൽ നമ്മുടെ പ്രസംഗങ്ങളും പ്രലപനങ്ങളുമെല്ലാം വെറും പുറംപൂച്ചുമാത്രമാണെന്നും നമ്മുടെ പ്രസ്താവനകളിലും വാദകോലാഹലങ്ങളിലും നമുക്കുതന്നെ വിശ്വാസമില്ലെന്നുമല്ലേ അർത്ഥമാക്കേണ്ടതു്? പ്രഥമദൃഷ്ടിയിൽ അല്പം പ്രയാസമുള്ളതായിക്കാണുന്നതൊക്കെ അപ്രായോഗികങ്ങളായി തള്ളിക്കളഞ്ഞാൽ എന്തൊരു നല്ലകാര്യമാണു് നമുക്കു ചെയ്യാൻ സാധിക്കുക? നമ്മുടെ വിദ്യാർത്ഥികളും മതപഠനം അവരുടെ സഹപാഠികൾക്കില്ലാത്തതും ദുസ്സഹവുമായ ഒരു വിശേഷഭാരമായി കരുതിയേക്കാം. പക്ഷെ ഒരു സംഗതി അവരും ഓർമ്മിക്കേണ്ടതുണ്ടു്. കൂടുതൽ യോഗ്യത വേണമെങ്കിൽ കൂടുതൽ പ്രയത്നിച്ചേ മതിയാവൂ. "ഉണ്ടും തിന്നും മുണ്ടുംകിറി" നടന്നാൽ മതിയെന്നു മോഹിക്കുന്ന "അങ്ങാടിപ്പിള്ളേർക്കു്" പ്രയത്നഭാരവും വളരെ കുറവാണു്. എന്നാൽ കുറെക്കൂടി നല്ല നിലയിൽ എത്തിച്ചേരണമെന്നു് ആഗ്രഹിക്കുന്ന ഉൽക്കർഷേച്ഛുക്കളായ ബാലികാബാലന്മാർ കൂടുതൽ ബുദ്ധിമുട്ടി പ്രയത്നിക്കേണ്ടിയിരിക്കുന്നു. നാം കാണുന്നുണ്ടല്ലോ, എൻജിനീയറിംഗ്, മെഡിസിൻ, നാവികസൈന്യം, വ്യോമസേന എന്നിങ്ങനെ കൂടുതൽ മാനനീയവും ആദായകരവുമായ തുറകളിൽ പ്രവേശിക്കുന്നതിനു് ഉദ്ദേശിക്കുന്നവർ അവരുടെ അദ്ധ്യയനകാലത്തും പരിശീലനവേളയിലും ചെയ്യേണ്ടിവരുന്ന അത്യദ്ധ്വാനം. കേവലം ലൗകികനേട്ടങ്ങളെമാത്രം ലാക്കാക്കി ഇത്രയേറെ ബുദ്ധിമുട്ടുകൾ അവർ സഹിക്കുന്നുണ്ടെങ്കിൽ, ലൗകികത്തിനു പുറമെ പാരത്രികമായ ഐശ്വര്യസൗഭാഗ്യങ്ങൾകൂടി കാംക്ഷിക്കുന്നവരായ കത്തോലിക്കാവിദ്യാർത്ഥികൾ മററുള്ളവരെ അപേക്ഷിച്ചു കൂടുതൽ അദ്ധ്വാനിക്കയും ത്യാഗമനുഷ്ഠിക്കയും ചെയ്യേണ്ടിവരുന്നതിൽ എന്തൊരാക്ഷേപത്തിനാണു വഴിയുള്ളതു്? എന്തൊരാവലാതിക്കാണു ന്യായമുള്ളതു്? സ്വരാജ്യപൗരത്വം മാത്രമല്ല, സ്വർരാജ്യപൗരത്വംകൂടി അവർക്കുണ്ടെന്നും തദനുയോജ്യമായ ഉൽകൃഷ്ടപരിശീലനം കരഗതമാക്കേണ്ടതു് അവരുടെ ഒഴിച്ചുകൂടാത്ത കടമയാണെന്നും കത്തോലിക്കാവിദ്യാർത്ഥികൾ നന്നായി ധരിക്കണം. ഈ വാദഗതി നമ്മിൽ ചിലർക്കു ബോധ്യമാകുന്നില്ലെങ്കിൽ, വല്ലാത്തൊരു സങ്കുചിതമനോഭാവം അതില

(ശേഷം 7-ാംപേജിൽ)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 25 ‖ ERNAKULAM, SEPTEMBER 5, 1951 ‖ No. 4


## ഐ. എസ്. പി. സോഷ്യലിസവും ഗാന്ധിസവും ഒന്നുതന്നെയെന്നോ?

"സോഷ്യലിസവും ഗാന്ധിസവും—രണ്ടും ഒന്നുതന്നെ" എന്ന വലിയതലക്കെട്ടിൽ കേരളത്തിലെ ഒരു ദിനപ്പത്രം ഒരു പ്രസംഗസംഗ്രഹം കുറച്ചുമുമ്പു റിപ്പോർട്ടു ചെയ്തിരുന്നു. നാഗപ്പൂരിൽ ജി. എസ്. കോമേഴ്സ് കോളേജ് വിദ്യാർത്ഥികളോട് ആഗസ്റ്റ് 15-ാംനു ശ്രീ ജയ്പ്രകാശ് ചെയ്ത പ്രസംഗത്തിന്റെ റിപ്പോർട്ടായിരുന്നു അതു്. "ഗാന്ധിസത്തിനും സോഷ്യലിസത്തിനും തമ്മിൽ വളരെ യോജിപ്പുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. അധികം താമസിയാതെ തന്നെ ഈ രണ്ടു ചിന്താഗതികളും ഒന്നിച്ചു ചേരാനിടയാകുന്നതാണു്. അതിനാൽ വിദ്യാർത്ഥികളോടെനിക്കു പറയുവാനുള്ളതു്, എല്ലാ ആദർശങ്ങളും ശാസ്ത്രീയമായി പഠിക്കുവാനും ഇന്ത്യയുടെ പുനരുദ്ധാരണപരിശ്രമങ്ങൾക്കായി അവരുടെ വിശ്രമവേളകൾ വിനിയോഗിക്കാനുമാണു്" എന്നത്രെ ശ്രീ ജയ്പ്രകാശ് ആ പ്രസംഗത്തിൽ വിദ്യാർത്ഥികളോടു പറഞ്ഞതു്. ജയ്പ്രകാശ് നേതൃത്വം വഹിക്കുന്ന സോഷ്യലിസവും നാഷണൽ കോൺഗ്രസ്സ് ആദർശമായി സ്വീകരിച്ചിരിക്കുന്ന ഗാന്ധിസവും തത്വത്തിലും പ്രയോഗത്തിലും വളരെ വളരെ വ്യത്യസ്തങ്ങളാണെന്നാണു് ഇതുവരെ പ്രസ്താവിക്കപ്പെട്ടിട്ടുള്ളതു്. ശ്രീ ജയ്പ്രകാശ്തന്നെ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിലും ഔദ്യോഗികപ്രസ്താവനകളിലും പരസ്യപ്രസംഗങ്ങളിലും രണ്ടും തമ്മിലുള്ള വ്യത്യാസം ആവർത്തിച്ചാവർത്തിച്ചു ചൂണ്ടിക്കാണിക്കുകയും, ഗാന്ധിസമല്ല സോഷ്യലിസംമാത്രമാണു് മററു രാജ്യങ്ങളിലെപ്പോലെ ഇന്ത്യക്കും രക്ഷാമാർഗ്ഗമെന്നു വാദിക്കുകയും ചെയ്തിട്ടുണ്ടു്. അങ്ങനെയിരിക്കെ ഗാന്ധിസത്തിനും സോഷ്യലിസത്തിനും തമ്മിൽ വളരെ യോജിപ്പുണ്ടെന്നാണു് തന്റെ വിശ്വാസമെന്നു് ശ്രീ ജയ്പ്രകാശ് ഇപ്പോൾ പ്രഖ്യാപിക്കുന്നതു് എന്തുകൊണ്ടെന്നു മനസ്സിലാകുന്നില്ല. ഇന്ത്യയിലെ പൊതുതിരഞ്ഞെടുപ്പ് ആസന്നമായിരിക്കുകയും, കോൺഗ്രസ്സിനെതിരായി കമ്മ്യൂണിസ്റ്റുകളെ ഒഴിച്ചു ബാക്കിയുള്ള എല്ലാ പാർട്ടികളേയും കൂട്ടിച്ചേർത്തു് തിരഞ്ഞെടുപ്പിൽ മത്സരിക്കുവാൻ ജയ്പ്രകാശ് പ്രചരണം നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഈ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ അഭിപ്രായമാററം തിരഞ്ഞെടുപ്പിനുള്ള അടവുകളിൽ ഒന്നാണെന്നു മാത്രം വിചാരിക്കുവാനേ ന്യായം കാണുന്നുള്ളു.

### ജയ്പ്രകാശ് തന്റെ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ളതു് ഗാന്ധിസത്തിനെതിരാണു്

"സോഷ്യലിസം എന്തിനു്?" എന്ന തലക്കെട്ടിൽ ശ്രീ ജയ്പ്രകാശ് കുറെ കൊല്ലങ്ങൾക്കുമുമ്പെഴുതിയ ഗ്രന്ഥത്തിൽ കാൾമാർക്സിന്റെ സാമ്പത്തികസിദ്ധാന്തങ്ങളെ അനുകരിച്ചുള്ള തത്വങ്ങളും പരിപാടികളുമാണു് ഐ. എസ്. പി. സോഷ്യലിസം സ്വീകരിക്കുന്നതെന്നു് സവിസ്തരം വിവരിച്ചശേഷം, ആ സോഷ്യലിസവും ഗാന്ധിസവും തമ്മിലുള്ള മൗലികമായ വ്യത്യാസങ്ങളെപ്പററി പ്രതിപാദിക്കുവാൻ ഒരദ്ധ്യായംതന്നെ വിനിയോഗിക്കുന്നു. എന്നിട്ടു് ആ ഭാഗം ഉപസംഹരിച്ചിരിക്കുന്നതിങ്ങനെയാണു :-

"സോഷ്യലിസത്തിന്റെ തുടക്കംതന്നെ സാമ്പത്തികാസമത്വത്തിന്റെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണത്തിൽനിന്നാകുന്നു. ഒട്ടുപേർ രാജാക്കന്മാരായും, കുറേപേർ ജന്മിമാരായും മുതലാളിമാരായും, വളരെപ്പേർ അഗതികളായും എങ്ങനെ ഭവിച്ചു; മനുഷ്യരുടെ ചൂഷണത്തിനിടയാകുന്ന രഹസ്യങ്ങൾ എന്തെല്ലാം?—എന്നു് അതു് അന്വേഷിക്കുന്നു. ഈ അന്വേഷണം സോഷ്യലിസ്റ്റിനെ സമുദായദുരിതങ്ങളുടെ മൂലകാരണത്തിലെത്തിക്കുകയും ആ മൂലകാരണത്തെ അയാൾ നിക്കംചെയ്യുകയും ചെയ്യുന്നു. സമുദായദൂഷ്യങ്ങളുടെ ഉറവുതന്നെ വററിക്കുകയാണു് സോഷ്യലിസ്റ്റ് ചെയ്യുന്നതു്.

"ഗാന്ധിസം, നേരെമറിച്ചു്, ഈ ചോദ്യങ്ങളെക്കുറിച്ചു് ആലോചിക്കുന്നേയില്ല. കുറച്ചുപേർ രാജാക്കന്മാരും ജന്മിമാരും മുതലാളിമാരും ആയും, ബഹുഭൂരിപക്ഷംപേർ കേവലം അഗതികളോ, അഗതികളിൽനിന്നു അല്പം ഭേദപ്പെട്ടവരോ ആയും, എങ്ങനെ ഭവിക്കുന്നു എന്ന പ്രശ്നംതന്നെ ഗാന്ധിസത്തിൽ ആവിർഭവിക്കുന്നില്ല. നിലവിലുള്ള സമുദായക്രമത്തെ ധനിക-ദരിദ്രവർഗ്ഗവ്യത്യാസങ്ങളോടുകൂടി അതു് അംഗീകരിക്കുന്നു. കീഴ്വർഗ്ഗക്കാരുടെനേരെ മേൽവർഗ്ഗക്കാരുടെ പെരുമാററത്തെ അല്പമൊന്നു പരിഷ്കരിക്കുന്നതിൽ മാത്രമാണു് അതിന്റെ ശ്രദ്ധ പതിയുന്നതു്. ജന്മിയുടേയും മുതലാളിയുടേയും ധനം എവിടെനിന്നു വരുന്നു എന്നു ചോദിക്കുവാൻ ധൈര്യപ്പെടാതെ അതു്, അതിന്റെ കാരുണ്യവായ്പിൽ, ധനികന്മാർ ദരിദ്രരുടെ ട്രസ്റ്റികളായിവർത്തിക്കണമെന്നും ധനം ദരിദ്രരുടെ നന്മയ്ക്കായി ചെലവഴിക്കണമെന്നും ഉദ്ബോധിപ്പിക്കുക മാത്രം ചെയ്യുന്നു.

"ഒരു സോഷ്യലിസ്റ്റിനു് ഈ തത്വനീതി വഞ്ചനയ്ക്കു സമമായിത്തോന്നുന്നു—ആത്മവഞ്ചനമാത്രമല്ല, ചൂഷിതജനങ്ങളെ ആകെയുള്ള വഞ്ചന. ഞങ്ങളുടെ അഭിപ്രായത്തിൽ, ജന്മിയുടേയും മുതലാളിയുടേയും ധനം കുടിയാന്മാരുടേയും തൊഴിലാളികളുടേയും പ്രയത്നത്തിൽനിന്നുവരുന്നതാകുന്നു; ആകയാൽ അതു്, പ്രൂധോ (Proudhon)ന്റെ സുപ്രസിദ്ധശൈലിയിൽ, "മോഷണ"മാണു്. ഈ മോഷണത്തിൽ കണ്ണുചിമ്മുന്നതു്, യാതൊരു ചോദ്യവുംകൂടാതെ അതിനെ തുടരുവാനനുവദിക്കുന്നതു്, അതിനു പാവനത്വംകൂടി കല്പിക്കുന്നതു്—വഞ്ചിക്കുന്ന തത്വനീതിയാണു്. വഞ്ചന കല്പിച്ചുകൂട്ടിയല്ലായിരിക്കാം; പക്ഷെ അതുകൊണ്ടുമാത്രം, ഫലത്തിൽ, അതു വഞ്ചനയല്ലാതാകുന്നില്ല.

"ഉപരിവർഗ്ഗക്കാരുടെ അപരാധം മോഷണം മാത്രമല്ല, അക്രമംകൂടിയാകുന്നു. ജനസാമാന്യത്തിൽനിന്നു മോഷ്ടിക്കുന്ന ധനധാന്യാദികൾ അവർ സംരക്ഷിക്കുന്നതും നിലനിർത്തുന്നതും അക്രമത്തിന്റെ പിൻബലത്തോടുകൂടിയാണു്. നിയമം—നിലവിലുള്ളതു് വർഗ്ഗനിയമമാണെന്നു ഓർമ്മയിരിക്കട്ടെ—തടയാത്തപക്ഷം, നിയമത്തിനു പിൻബലമായി സംഘടിതസായുധശക്തികൾ ഇല്ലാത്തപക്ഷം, കുടിയാന്മാരും തൊഴിലാളികളും നാളെ ഭൂമിയും യന്ത്രശാലകളും അധീനപ്പെടുത്തുന്നതായിരിക്കും.

"മേധാവിത്വം തുടരുന്നതിനു രാജാവിനും ജന്മിക്കും മുതലാളിക്കും ഉള്ള അധികാരമെന്തെന്നു ഗാന്ധിജി ചോദ്യം ചെയ്യുന്നില്ലാത്തതിനാൽ, ഇന്നത്തെ ബൃഹത്തരമായ, സുസംഘടിതമായ മോഷണത്തേയും അക്രമത്തേയും പരോക്ഷമായി അദ്ദേഹം അനുകൂലിക്കുകയാണു് ചെയ്യുന്നതു്. പരോക്ഷമായല്ല, പ്രത്യക്ഷത്തിൽ പരസ്യമായിത്തന്നെ അദ്ദേഹം അതു് അനുവദിക്കുന്നു. ജന്മിമാരുടെ സ്വത്തു് പിടിച്ചുടക്കുവാനുള്ള ഏതൊരു ശ്രമത്തേയും താൻ എതിർക്കുന്നതാണെന്നാണല്ലോ അദ്ദേഹം ജന്മിമാരോടു് പറഞ്ഞിട്ടുള്ളതു്. ഇന്നത്തേപ്പോലെ പണമുണ്ടാക്കുവാൻ അവർക്കു ധാർമ്മികമായ അധികാരമുണ്ടെന്നു കുറച്ചുമുമ്പു് അഹമ്മദാബാദ്മില്ലുടമസ്ഥന്മാരോടും അദ്ദേഹം പറയുകയുണ്ടായി."

ജയ്പ്രകാശിന്റെ ഈ വാക്കുകളിൽനിന്നുതന്നെ കാണാം, അദ്ദേഹത്തിന്റെ സോഷ്യലിസത്തിനും ഗാന്ധിസത്തിനും തമ്മിലുള്ള മൗലികമായവ്യത്യാസമെന്തെന്നു്. അദ്ദേഹത്തിന്റെ സോഷ്യലിസത്തിൽ സ്വകാര്യസ്വത്തുടമയ്ക്കു സ്ഥാനമേ ഇല്ല. സ്വകാര്യസ്വത്തുടമ സമുദായത്തിന്റെ സ്വത്തിൽനിന്നു മോഷണം ചെയ്യപ്പെട്ടിട്ടുള്ളതിന്റെ ഫലമാണെന്നും, ആകയാൽ മോഷ്ടാക്കളിൽനിന്നു് അതു തിരിച്ചെടുക്കേണ്ടതാണെന്നും, യാതൊരു പ്രതിഫലവും നൽകാതെ പൗരാവലിയുടെ സ്വകാര്യസ്വത്തുമുഴുവനും സർക്കാരിൽ നിന്നു പിടിച്ചെടുക്കുന്നതു് അതിനുള്ള ഏകമാർഗ്ഗമാണെന്നുമാണു് ജയ്പ്രകാശിന്റെ വാദം. ഇതിൽനിന്നു് എത്രയോ വ്യത്യസ്തമാണു് ഗാന്ധിസത്തിലെ സ്വകാര്യസ്വത്തുടമയെ സംബന്ധിച്ചുള്ള തത്വങ്ങളും പരിപാടികളും! ആ തത്വവും പരിപാടിയുമാണു് ഇന്ത്യൻ ഭരണഘടനയിൽ കൊള്ളിച്ചിട്ടുള്ളതു്. ഭരണഘടനയിലെ പ്രസ്തുത വകുപ്പുകളെ ഐ. എസ്. പി. അപലപിക്കുകയും അവ ഭരണഘടനയിൽനിന്നു നീക്കേണ്ടതാണെന്നു വാദിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണു്. 1950 ജൂലൈ ആദ്യവാരത്തിൽ മദ്രാസിൽ സമ്മേളിച്ച സോഷ്യലിസ്റ്റ് പാർട്ടിവാർഷികത്തിൽ പാസാക്കിയ പ്രമേയങ്ങളിൽ പ്രധാനമായ ഒന്നു് ഇതിനു തെളിവാണു്.

### സോഷ്യലിസ്റ്റു വാർഷികത്തിലെ പ്രമേയം ഗാന്ധിസത്തിനെതിരാണു്

"സാമ്പത്തികാവകാശങ്ങളേയും സ്വകാര്യസ്വത്തുക്കളേയും കുറിച്ചുള്ള വ്യവസ്ഥകൾ വളരെ കുഴച്ചുമറിച്ചാണു് (ഭരണഘടനയിൽ) ചേർക്കപ്പെട്ടിരിക്കുന്നതു്; അവ കണിശമായും മുതലാളികൾക്കനുകൂലമായ സ്വഭാവത്തോടുകൂടിയതാണു്. സ്വകാര്യസ്വത്തില്ലാത്ത തൊഴിലാളികളെ ചൂഷണംചെയ്യുന്നതിനെതിരായി ഉറപ്പുകളൊന്നും നൽകപ്പെട്ടിട്ടില്ല; എന്നാൽ അതേസമയംതന്നെ സ്വകാര്യസ്വത്തുടമകളുടെ, മുതലാളികളുടെ പ്രത്യേകിച്ചു്, താല്പര്യങ്ങൾ വിശേഷവിധിയായി പരിരക്ഷിക്കപ്പെട്ടിട്ടുണ്ടു്; പബ്ലിക് ആവശ്യങ്ങൾക്കായി സർക്കാരിൽനിന്നെടുക്കുന്ന സ്വകാര്യസ്വത്തിന്റെ നഷ്ടപരിഹാരം സംബന്ധിച്ചും പ്രത്യേകമായ വിധത്തിൽ ഉറപ്പുനൽകിയിട്ടുമുണ്ടു്...... രാഷ്ട്രത്തിന്റെ നയത്തിനു മാർഗ്ഗദർശനം നൽകുന്ന തത്വങ്ങൾ മനഃപൂർവ്വം അവ്യക്തങ്ങളായി വച്ചിരിക്കുകയാണു്. ജന്മിത്വവും മുതലാളിത്തവും നിർമ്മാർജ്ജനം ചെയ്യുന്നതു സംബന്ധിച്ചോ, ഇൻഡ്യൻജനതയുടെ ബഹുഭൂരിപക്ഷംവരുന്ന കർഷകരുടെ സാമ്പത്തികതാല്പര്യങ്ങൾ പരിരക്ഷിക്കുന്നതുസംബന്ധിച്ചോ യാതൊരു മാർഗ്ഗദർശനവും അവയിലുൾപ്പെടുത്തിയിട്ടില്ല...... സ്വകാര്യസ്വത്തവകാശങ്ങൾ സംബന്ധിച്ചുള്ള വ്യവസ്ഥകൾ പിൻവലിക്കപ്പെടേണ്ടതായിട്ടാണിരിക്കുന്നതു്. എന്നാൽ മാത്രമേ സോഷ്യലിസ്റ്റ് സമ്പ്രദായത്തിലുള്ള സാമ്പത്തികപുനരുദ്ധാരണം നഷ്ടപരിഹാരം നൽകണമെന്നുള്ള നിർബന്ധത്താൽ പ്രതിബന്ധിക്കപ്പെടാതിരിക്കുകയുള്ളു."

വ്യത്യാസം കണ്ടാലും!

### ഐ. എസ്. പി. യുടെ പരിഷ്കരിച്ച നയപ്രഖ്യാപനവും ഗാന്ധിസത്തിനു് എതിരാണു്.

ഐ. എസ്. പി. യുടെ ജനറൽ കൗൺസിൽ 1947 ആഗസ്റ്റിൽ നാഗപ്പൂരിൽവച്ചു സ്വീകരിച്ചതും 1949 ഒക്ടോബറിൽ ബാംഗളൂരിൽവച്ചു പരിഷ്കരിച്ചതുമായ നയപ്രഖ്യാപനത്തിൽ പാർട്ടിയുടെ സാമ്പത്തികസിദ്ധാന്തവും പരിപാടിയും വിവരിച്ചിരിക്കുന്നതിങ്ങനെയാണു്:

"ക്യാപ്പിററലിസ്റ്റു സമുദായവ്യവസ്ഥിതി സ്വകാര്യലാഭത്തിനായി തൊഴിലാളികളെ ചൂഷണം ചെയ്യുന്നതിലാണു് അടിസ്ഥാനപ്പെടുത്തിയിരിക്കുന്നതു്..... സോഷ്യലിസ്റ്റ് സമുദായവ്യവസ്ഥിതിയിൽ ഈ അടിസ്ഥാനം പൂർണ്ണമായും മൗലികമായും മാറുന്നു. ഈ വ്യവസ്ഥിതിയിൽ ക്യാപ്പിററലിസമേ ഉണ്ടായിരിക്കുകയില്ല. അതായതു് കൂടുതൽ കൂടുതൽ വസ്തുക്കൾ ഉല്പാദിപ്പിക്കുവാൻ വേണ്ടി തൊഴിലാളികളുടെ പ്രയത്നശക്തി ഉപയോഗിക്കുന്ന ഉല്പാദകവസ്തുക്കളുടെ സ്വകാര്യഉടമക്കാരായ ഒരു വർഗ്ഗവും ഉണ്ടായിരിക്കുകയില്ല.........

"ക്യാപ്പിററലിസത്തിന്റെ കീഴിൽ ക്യാപ്പിററലിസ്റ്റുകളുടേയും ജന്മികളുടേയും വകയായിരുന്ന വസ്തുക്കൾ സോഷ്യലിസത്തിന്റെ കീഴിൽ തൊഴിലാളികളുടെ വകയായിരിക്കും; വ്യക്തിപരമായിട്ടല്ല, പ്രത്യുത സമൂഹപരമായി. മററു വാക്കുകളിൽപ്പറഞ്ഞാൽ, രാഷ്ട്രം അതിന്റെ കീഴുള്ള അവയവങ്ങൾ, മുനിസിപ്പാലിററികൾ, ഗ്രാമസമൂഹങ്ങൾ, കോഓപ്പറേററിവുകൾ, തത്തുല്യങ്ങളായ സംഘാതസ്ഥാപനങ്ങൾ ഇവയായിരിക്കും വസ്തുക്കളുടെ ഉടമസ്ഥന്മാർ. അവരെല്ലാവരുംകൂടി സകല സാമ്പത്തികപ്രവർത്തനങ്ങളുടേയും മാനേജർമാരും ഡയറക്ടറന്മാരുമായിരിക്കും. വൻതോതിലുള്ള സകല വ്യവസായങ്ങളും, ഉദാഹരണമായി രാജ്യസംരക്ഷണത്തിനുള്ളതും അടിസ്ഥാനങ്ങളുമായ വ്യവസായങ്ങൾ, രാഷ്ട്രത്തിന്റെ ഉടമയിലും മാനേജ്മെന്റിലുമായിരിക്കും. ഉപഭോഗവ്യവസായങ്ങളും ചെറിയതോതിലും മദ്ധ്യതോതിലുമുള്ള വ്യവസായങ്ങളും ഇതരസംഘാതസ്ഥാപനങ്ങളുടെ ഉടമയിലായിരിക്കും. ഭൂമിയുടെ ഉടമ മൊത്തത്തിൽ ഗ്രാമസമൂഹത്തിന്റേതായിരിക്കും. വ്യക്തികളായ കൃഷിക്കാർക്കു് അവരിൽനിന്നുവേണം ഭൂമി കിട്ടുവാൻ. അതു ഏററവും കുറഞ്ഞതും ഏററവും കൂടിയതും എത്ര ഏക്കറെന്നു ക്ലിപ്തപ്പെടുത്തുകയും ചെയ്തിരിക്കും. കൃഷി സാക്ഷാൽ നടത്തുന്നതു് കോഓപ്പറേററിവുകൾ വഴിയായോ, കോഓപ്പറേററീവു് സൊസൈററിയുടെ അംഗങ്ങളെന്നനിലയിൽ പ്രവർത്തിക്കുന്ന വ്യക്തികളായ കൃഷിക്കാർ വഴിയായോ ആയിരിക്കും.

"കച്ചവടസ്ഥാപനങ്ങളും രാഷ്ട്രത്തിന്റെയോ കോഓപ്പറേററീവുകളുടെയോ വസ്തുക്കളായിരിക്കും. അവരായിരിക്കും സകല കച്ചവടങ്ങളും നടത്തുന്നതു്. അയൽവക്കവുമായുള്ള ഏററവും ചെറിയ കച്ചവടം മാത്രമേ ഇതിൽനിന്നൊഴിവാക്കപ്പെടുന്നുള്ളു. അതു വ്യക്തികളുടെ കരങ്ങൾക്കു വിട്ടുകൊടുക്കാവുന്നതാണു്. ബാങ്കിംഗ് സമസ്തവും രാഷ്ട്രത്തിന്റെ കരങ്ങളിലായിരിക്കും."

വ്യവസായം, കൃഷി, കച്ചവടം മുതലായി സാമ്പത്തികരംഗത്തിലെ ഉല്പാദനത്തിന്റേയും വിതരണത്തിന്റേയും സകല ജോലികളും വ്യക്തികളുടേയും ഗണങ്ങളുടേയും സ്വകാര്യഉടമയിൽനിന്നും നടത്തിപ്പിൽനിന്നും പിടിച്ചെടുത്തു രാഷ്ട്രത്തിന്റെ ഉടമയിലും നടത്തിപ്പിലും ആക്കണമെന്നുള്ള സോഷ്യലിസത്തിന്റെ നയപ്രഖ്യാപനം ഗാന്ധിസത്തിന്റേതിൽനിന്നു് എത്രയോ വ്യത്യസ്തം!

### ജയ്പ്രകാശ് നേതൃത്വംവഹിച്ച പ്രകടനം

ഐ. എസ്. പി. രൂപീകരിച്ചതും, സകല സംസ്ഥാനങ്ങളിൽനിന്നും പ്രതിനിധികൾ പങ്കെടുത്തതും, ഏകദേശം 20,000 പേർ മാർച്ചുചെയ്തുകൊണ്ടിരുന്നതും, ജയ്പ്രകാശ്, ലോഹിയ മുതലായ നേതാക്കന്മാർ നയിച്ചതുമായ ഒരു ഘോഷയാത്ര കഴിഞ്ഞ ജൂൺ 3-ാംനു ന്യൂഡൽഹിയിൽ നടത്തപ്പെട്ടു. ഒരു വയോവൃദ്ധൻ സർവാംഗം ചങ്ങലയാൽ ബന്ധിക്കപ്പെട്ടു് "ഇന്ത്യയെ ബന്ധിച്ചിരിക്കുന്ന ചങ്ങലകളെ പൊട്ടിക്കേണ്ടതിന്റെ ആവശ്യകതയെ സൂചിപ്പിച്ചുകൊണ്ടു്, ഘോഷയാത്രയുടെ മുൻപിൽ നടന്നിരുന്നു. പഴയ ഡൽഹിയുടേയും പുതിയ ഡൽഹിയുടേയും പ്രധാനപ്പെട്ട തെരുവുകളിൽക്കൂടി 9 മൈലോളം മാർച്ചുചെയ്തശേഷം ഘോഷയാത്ര സെക്രട്ടറിയേററിന്റെ മുൻപിലുള്ള റോഡിൽ നിലയുറപ്പിച്ചു. "നെഹ്രുഗവമ്മെൻറിനെ നിങ്ങൾ തിരിച്ചുവിടുന്നതു് എന്തിനെക്കൊണ്ടാണു? ഇൻഡ്യയിലെ പട്ടിണിപ്പാവങ്ങളും നഗ്നരുമായ ലക്ഷോപലക്ഷങ്ങളെക്കൊണ്ടാണു്" എന്ന വാക്യമാണു് ഘോഷയാത്രക്കാർ കൂടെക്കൂടെ ഉദ്ഘോഷിച്ചിരുന്നതു്. ഘോഷയാത്ര അവിടെ നിന്നശേഷം ജയപ്രകാശും ലോഹ്യായും ഒരു ജീപ്പിൽക്കയറി ഗവമ്മെൻറുമന്ദിരത്തിലേക്കു് ഓടിച്ചുപോയി. ഘോഷയാത്രക്കാരുടെ പ്രതിനിധികളെന്നനിലയിൽ പ്രസിഡൻറു് രാജേന്ദ്രപ്രസാദ് അവരെ സ്വീകരിച്ചു. അവർ ഒരു

പ്രമാണപത്രിക (ചാർട്ടർ) അദ്ദേഹത്തിന്റെ കൈയിൽ കൊടുത്തു. "അതു് ഇൻഡ്യയിലെ ജനങ്ങളുടെ ഒരു ചാർട്ടറാണെന്നും, അതു സ്വീകരിക്കുവാനും പ്രവൃത്തിയിൽ വരുത്തുവാനും ഇൻഡ്യയിലെ ജനങ്ങൾ ഇൻഡ്യാഗവമ്മെന്റിനോടു് ആവശ്യപ്പെടുന്നെന്നും, അതിന്റെ വെളിച്ചം രാജ്യത്തിലെ ഓരോ ഗൃഹത്തിലേക്കും കൊണ്ടുചെല്ലുവാൻ അവർ സത്യപ്രതിജ്ഞ ചെയ്തിരിക്കയാണെന്നും" മററും ആ ചാർട്ടറിൽ പറഞ്ഞിരുന്നു. ഗവമ്മെന്റു് സ്വീകരിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യണമെന്നു് അതിൽ ആവശ്യപ്പെട്ടിരുന്ന കാര്യങ്ങളിൽ പലതും ഗാന്ധ്യൻ ആദർശമനുസരിച്ചു് കോൺഗ്രസു് ഗവമ്മെന്റു് സ്വീകരിച്ചിട്ടുള്ളവയും പ്രവൃത്തിയിൽ വരുത്തുവാൻ തുടങ്ങിയിട്ടുള്ളവയുമാണു്. എന്നാൽ അവ കൂടാതെ സോഷ്യലിസ്റ്റാദർശമനുസരിച്ചുള്ള കാര്യങ്ങളും അതിൽ ആവശ്യപ്പെട്ടിട്ടുണ്ടു്. പ്രധാന വ്യവസായങ്ങളെല്ലാം രാഷ്ട്രസാൽക്കരിക്കണം; ഭൂമി മുഴുവനും പുനർവിഭജനം നടത്തണം; കൈവശത്തിന്റെ പരമാവധി 30 ഏക്കറാക്കണം; അവകഴിച്ചു കൂടുതലുള്ള ഭൂമി മുഴുവനും ഭൂമിയില്ലാത്തവരും ദരിദ്രരുമായ കൃഷിക്കാർക്കു തുല്യമായി വിതിച്ചുകൊടുക്കണം; സകലരുടെയും വരുമാനങ്ങൾ ഒന്നുമുതൽ പത്തുവരെയുള്ള അനുപാതമനുസരിച്ചു ക്രമപ്പെടുത്തണം മുതലായവയായിരുന്നു അവ. അന്നു വൈകിട്ടു ശ്രീ ജയു്പ്രകാശു് ഒരു പൊതുയോഗത്തിൽ പ്രസംഗിച്ചുകൊണ്ടു് പറഞ്ഞതിങ്ങനെയാണു്: "സോഷ്യലിസ്റ്റു് പരിപാടി മാത്രമേ ഈ രാജ്യത്തെ മുന്നോട്ടു കൊണ്ടുപോകയുള്ളു. 4 കൊല്ലത്തെ കോൺഗ്രസ്സുഭരണത്തിനു ഭക്ഷണത്തിന്റെയും വസ്ത്രത്തിന്റെയും പാർപ്പിടത്തിന്റെയും പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിഞ്ഞില്ല. സോഷ്യലിസ്റ്റു്പാർട്ടിയുടെ പരിപാടിയനുസരിച്ചു നാടാകെ നടത്തുന്ന പ്രചരണപ്രസ്ഥാനത്തിനു് നെഹ്റുഗവമ്മെന്റിനെ ഇളക്കിമറിക്കുവാൻ തീർച്ചയായും സാധിക്കും. അപ്രകാരമൊരു പ്രചരണപ്രസ്ഥാനം സംവിധാനംചെയ്യുവാനുള്ള ധൈര്യം ജനങ്ങളിൽ സൃഷ്ടിക്കുവാൻ ഇന്നത്തെ പ്രകടനം സഹായിക്കേണ്ടതാണു്."

ഇങ്ങനെ ഗാന്ധിസത്തിന്റെ ആദർശങ്ങളെ തത്വത്തിലും പ്രയോഗത്തിലും എതിർത്തുകൊണ്ടുപോന്നിട്ടുള്ള ശ്രീ ജയു്പ്രകാശാണു് "സോഷ്യലിസത്തിനും ഗാന്ധിസത്തിനും തമ്മിൽ വളരെ യോജിപ്പുണ്ടെന്നു്" ഇപ്പോൾ വിളിച്ചുപറയുന്നതു്. ഇതിന്റെ ആത്മാർത്ഥതയെ ചോദ്യംചെയ്യാതിരിക്കാൻ ആർക്കാണു് സാധിക്കുക?

## സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| തിരു-കൊച്ചിയിൽ | 6—0—0 |
| തിരു-കൊച്ചിക്കു പുറമെ | 6—8—0 |
| ഇൻഡ്യക്കുപുറമെ | 8—0—0 |

## അടുത്തയാഴ്ചയിൽ

സെപ്റ്റംബർ

9 ഞാ: പന്തക്കുസ്താ 17-ാം ഞായർ ക. മറിയത്തിന്റെ തിരുനാമം
10 തി: നിക്കൊളാസു്
11 ചൊ: പ്രോത്തോസും ഹോയാസിന്തോസും
12 ബു: ക. മറിയത്തിന്റെ പിറവി എട്ടാമിടം
13 വ്യാ: ടി. എട്ടാമിടം
14 വെ: കുരിശിന്റെ പുകഴ്ച
15 ശ: ക. മറിയത്തിന്റെ പിറവി എട്ടാംനാൾ

(5-ാംപേജു് തുടർച്ച)

വർദ്ധിക്കുന്നുണ്ടെങ്കിൽ അതിനുള്ള കാരണം മരണാനന്തരജീവിതത്തിന്റെ യാഥാർത്ഥ്യത്തെപ്പററി അവർക്കുള്ള ബോധ്യക്കുറവാണെന്നു പറയാതെ ഗത്യന്തരമില്ല. സജീവമായ വിശ്വാസമുള്ളേടത്തു ത്യാഗസമന്വിതമായ പ്രവർത്തനവും പ്രത്യക്ഷപ്പെടും, തീർച്ചതന്നെ.

### അദ്ധ്യാപകതിരഞ്ഞെടുപ്പു്

മത്സരം സംബന്ധിച്ചു രണ്ടാമതായി, എന്നാൽ കുറെക്കൂടി കാര്യമായി, മാനേജരുടെ ദൃഷ്ടി പതിയേണ്ടതു് അദ്ധ്യാപകതിരഞ്ഞെടുപ്പിലാണു്. ആർക്കെങ്കിലും കണ്ടമാനം കൈകാര്യം ചെയ്യുന്നതിനു വിട്ടുകൊടുക്കാവുന്ന ഒരു വിഷയമല്ല വേദശാസ്ത്രം. വിദ്യാലയത്തിലെ സമർത്ഥരും പൊതുസമ്മതിയാർജ്ജിച്ചിട്ടുള്ളവരുമായ ഗുരുഭൂതന്മാരായിരിക്കണം വേദാദ്ധ്യാപനത്തിനു നിയോഗിക്കപ്പെടുന്നതു്. മാത്രമല്ല, മാനേജരും ഹെഡു്മാസ്റ്ററും കഴിയുന്നത്ര അതിൽ പങ്കുവഹിക്കുകയും വേണം. എങ്കിലേ വേദപാഠനത്തിനു അതർഹിക്കുന്ന നിലയും വിലയും സിദ്ധിക്കുകയുള്ളു. കൂടാതെ, വേദോപദേശക്ലാസ്സുകൾ മറെറല്ലാക്ലാസ്സുകളെക്കാൾ കൂടുതൽ പ്രൗഢവും ആസ്വാദ്യവുമായിരിക്കേണ്ടതാണു്. അതു സാധിക്കണമെങ്കിലും മുൻപന്തിയിലെ അദ്ധ്യാപകന്മാർ അവ കൈകാര്യം ചെയ്യേണ്ടിയിരിക്കുന്നു. വേദശാസ്ത്രം അതിഗഹനമായ ഒരു വിഷയമാകയാൽ അതിന്റെ പ്രതിപാദനം സമർത്ഥവും സുന്ദരവുമായിരുന്നാൽ മാത്രമേ വേണ്ടത്ര ആകർഷകത്വം അതിനുണ്ടാകയുള്ളു. ഹൃദ്യവും പത്ഥ്യവുമായ രീതിയിൽ മനഃശിക്കോല്ലാസത്തോടു ചേർത്തു തത്വപ്രബോധനവും സന്മാർഗ്ഗോപദേശവും പ്രദാനംചെയ്യുന്നവയായിരിക്കണം വേദപാഠനക്ലാസ്സുകൾ.

ഗ്രന്ഥവിസ്താരഭയമുള്ള ബാലന്മാർക്കും
അന്തരംഗത്തിൽ ബോധമില്ലാത്ത ജനങ്ങൾക്കും
ചന്തമോടറിവാനായി പഞ്ചതന്ത്രം ഖ്യാതിതി

ലളിതവും മധുരവുമായ ഭാഷയിൽ, നന്ദർഭോചിതമായ കഥകളും കൂട്ടിച്ചേർത്തു മനംകവരുന്നമട്ടിൽ വ്യാഖ്യാനിച്ച മഹാകവി കുഞ്ചൻനമ്പ്യാരുടെ നയവിശേഷം തന്നെയാണു് നമ്മുടെ മതാദ്ധ്യാപകന്മാരും സ്വീകരിക്കേണ്ടതു്. അല്ലാത്തപക്ഷം അദ്ധ്യേതാക്കൾ ക്ഷീണിച്ചു മുഷിഞ്ഞു അശ്രദ്ധരായിത്തീരുന്നതിനും വേദപാഠനത്തെ ദ്വേഷിച്ചു വെറുക്കുന്നതിനും ഇടവരും. "Omnia vincit qui mixuit utile dulci"—പ്രയോജനകരമായതു മധുരമായതിനോടു ഇണക്കിച്ചേർക്കുന്നവൻ സർവ്വത്ര വിജയിക്കുന്നു. സർവ്വവും വിജയിക്കുന്നു.

(തുടരും)

## ചോദ്യോത്തരപംക്തി

**ചോ.** എന്തുകൊണ്ടാണു് വി. യൗസേപ്പിനെ ഒരു വൃദ്ധനായി ചിത്രീകരിച്ചു കാണുന്നതു്?

**ഉ.** "അപ്പോക്രീഫ" എന്നു വിളിക്കപ്പെടുന്ന അപ്രാമാണികഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള ഐതിഹ്യങ്ങളെ ആധാരമാക്കിയായിരിക്കണം അപ്രകാരം ചിത്രീകരിച്ചിരിക്കുന്നതു്. പരിശുദ്ധ കന്യകാമറിയത്തിന്റെ വിവാഹസമയം അടുത്തുവന്നപ്പോൾ പ്രധാനപുരോഹിതനായ സക്കറിയാസു് പലരേയും ക്ഷണിച്ചുവരുത്തിയെന്നും അക്കൂട്ടത്തിൽ 90 വയസ്സായിരുന്ന വി. യൗസേപ്പിന്റെ കൈയിലുണ്ടായിരുന്ന വടി അത്ഭുതകരമായി പുഷ്പിച്ചതിനാൽ അദ്ദേഹത്തെക്കൊണ്ടു് മറിയത്തെ വിവാഹം കഴിപ്പിച്ചെന്നുമാണു് ഐതിഹ്യം. ചരിത്രദൃഷ്ട്യാ ഇതിനു് എത്രമാത്രം പ്രാധാന്യം കല്പിക്കാമെന്നു ഖണ്ഡിതമായി പറയാൻ പ്രയാസം. എങ്ങനെയായാലും വി. യൗസേപ്പു് മറിയത്തെ വിവാഹംചെയ്ത സമയം ഒരു പടുകിഴവനല്ലായിരുന്നുവെന്നു സങ്കല്പിക്കുന്നതിനാണു് കൂടുതൽ ന്യായം കാണുന്നതു്. ഏതത്സംബന്ധമായി ഒരു നവീനഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതു് ഇപ്രകാരമാണു്: "പരിശുദ്ധ കന്യകയുടെ കാവൽക്കാരനും സംരക്ഷകനുമായ വി. യൗസേപ്പു്, ഈശോയുടെ വളർത്തുപിതാവും രക്ഷാകർത്താവുമായ അദ്ദേഹം—ഈശോയുമൊന്നിച്ചു് ഈജിപ്തിലേക്കു് യാത്രചെയ്യുകയും അവിടെനിന്നും അങ്ങയെ നസറത്തിലേക്കു് മടക്കിക്കൊണ്ടുവരികയും, സ്വന്തം അദ്ധ്വാനത്തിന്റെഫലംകൊണ്ടു അങ്ങയെ സംരക്ഷിക്കുകയും ചെയ്ത അദ്ദേഹം—ആരോഗ്യം ക്ഷയിച്ച ഒരു വൃദ്ധനായിരിക്കാൻ നിവൃത്തിയില്ല മാത്രമല്ല, ഔചിത്യവും ദീക്ഷിക്കേണ്ടതുണ്ടു്. ഒട്ടുംതന്നെ അനുയോജ്യമല്ലാത്ത അപ്രകാരമൊരു വിവാഹബന്ധം അനുവദിച്ചുകൊടുത്തുകൊണ്ടു് ദൈവം തിരുക്കുടുംബത്തെ ബഹുജനങ്ങളുടെ പരിഹാസവിഷയമാക്കുമെന്നു പ്രതീക്ഷിക്കാവുന്നതല്ല. വി. യൗസേപ്പു പൂർണ്ണാരോഗ്യവാനും സ്വകർത്തവ്യാനുഷ്ഠാനത്തിനു് യോജിച്ചവിധം പ്രായംകുറഞ്ഞവനും മററുള്ളവരുടെ ബഹുമാനം അർഹിക്കത്തക്ക പൗരുഷം പാകതവന്നവനും ആയിരുന്നുവെന്നുമാണു് എല്ലാ സാഹചര്യങ്ങളും തെളിയിക്കുന്നതു്."

(Jesus Christ, by Prat S. J.)

## തിരു.കൊച്ചിവാർത്തകൾ

സെപ്റ്റംബർ 1-ാംനു- ലീഡറുടെ അദ്ധ്യക്ഷതയിൽ കൂടിയ കോൺ. പാർലമെന്ററി പാർട്ടിയോഗം കെ. പി. സി. സി പ്രസിഡണ്ടു് ശ്രീ കുമ്പളത്തു ശങ്കുപ്പിള്ള തന്റെ രാജി പിൻവലിക്കണമെന്നും അദ്ദേഹവും പാർട്ടിലീഡർ ശ്രീ സി. കേശവനും തമ്മിൽ അഭിപ്രായൈക്യത്തോടുകൂടി തങ്ങളുടെ നേതൃത്വം തുടർന്നു നല്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ടു് ഒരു പ്രമേയം പാസാക്കുകയുണ്ടായി. യോഗം പുതിയ എക്സിക്യൂട്ടീവു് കമ്മിററിയിലേക്കു് താഴെ പറയുന്നവരെ ഐകകണ്ഠ്യേന തിരഞ്ഞെടുത്തിരിക്കുന്നു:

ഡെപ്യൂട്ടി ലീഡർ അലക്സാണ്ടർ പറമ്പിത്തറ, ചീഫ്‌വിപ്പു് എൻ. പി. വറുഗീസ്, സെക്രട്ടറി എ. പി. ഉദയഭാനു. ജോയിന്റു് സെക്രട്ടറി എ. കെ. ജോർജ്, ട്രഷറർ കെ. എ. മാത്യു. ഡെപ്യൂട്ടിവിപ്പുകൾ ചെറിയാൻ കാപ്പൻ എൻ. എസ്സു് കൊച്ചുകുഞ്ഞു്, എക്സി. കമ്മിററിയംഗങ്ങൾ: ബാലകൃഷ്ണൻ തമ്പി, കെ. എ. മഹമ്മദ്, ഈച്ചരമേനോൻ, എ. എം. തോമസ്, പി. ടി. ചാക്കോ, മത്തുകുഞ്ഞിത്തൊമ്മൻ, പി. ഗോപാലൻ, കെ. രാമകൃഷ്ണപിള്ള, അക്കാമ്മ ചെറിയാൻ, വി. ഒ. മർക്കോസ്, ജി. പി. നീലകണ്ഠപ്പിള്ള, സി. നാരായണപിള്ള, കെ. കെ. ചെല്ലപ്പൻ പിള്ള.

ഇൻഡ്യാഗവമ്മെന്റിന്റെ നിർബന്ധപൂർവ്വമായ നിർദ്ദേശത്തെ ആദരിച്ചു് സംസ്ഥാനത്തു് അരിവില വർദ്ധിപ്പി…

## പള്ളിസാമാനങ്ങൾ

പിച്ചളകത്തിസാൽ, ഫ്ളവർവാസു്, കാസ കുസ്തോദി അരുളിക്ക, മുത്തുക്കുട തുടങ്ങിയുള്ള സാമാനങ്ങളും, മെഴുകുതിരിയും

എറണാകുളത്തുള്ള മുക്കന്നൂർ അനാഥശാല ഡിപ്പോയിൽ കിട്ടുന്നതാണു്.

…ക്കാതെ നിവൃത്തിയില്ലെന്നു് ലീഡർ പാർട്ടി യോഗത്തെ അറിയിക്കുകയുണ്ടായി. വില എത്രകണ്ടു വർദ്ധിപ്പിക്കണമെന്ന കാര്യം എക്സിക്യൂട്ടീവിന്റെ തീരുമാനത്തിനു വിട്ടുകൊടുത്തിരിക്കുന്നു.

—അസംബ്ളി സ്പീക്കർ ശ്രീ ടി. എം. വറുഗീസ് പ്രസ്തുതോദ്യോഗം രാജിവയ്ക്കുവാൻ തീരുമാനിച്ചിരിക്കുന്നു. പുതിയ ഡെപ്യൂട്ടി സ്പീക്കറുടെ തിരഞ്ഞെടുപ്പിനുശേഷമേ രാജിസമർപ്പിക്കുകയുള്ളു എന്നറിയുന്നു.

—കമ്മ്യൂണിസ്റ്റു് നേതാവു് ശ്രീ എ. കെ. ഗോപാലന്റെ സന്ദർശനം സംബന്ധിച്ചു് പൊതുയോഗങ്ങളും ഘോഷയാത്രകളും മററു പ്രകടനങ്ങളും നടത്തുന്നതിനെ തിരുവനന്തപുരം, കൊല്ലം, കോട്ടയം എന്നീ ഡിസ്ട്രിക്റ്റുകളിൽ നിരോധിച്ചിരിക്കുന്നു. മി. ഗോപാലൻ പ്രസ്സു്കോൺഫറൻസു് നടത്തുന്നതിനേയും നിരോധിച്ചിട്ടുണ്ടു്. തൃശ്ശൂർ ഡിസ്ട്രിക്ടിലും ഒരുമാസത്തേക്കു് പൊതുയോഗങ്ങളും ഘോഷയാത്രകളും നിരോധിച്ചിരിക്കുന്നു.

—മുൻമന്ത്രി ശ്രീ ടി. കെ. നാരായണപിള്ളയുടെ പ്രൈവററു് സെക്രട്ടറി ശ്രീ വയ്ക്കം കുന്നത്തുനാട്ടു് ജി. പി. തഹസിൽദാരായി നിയമിച്ചിരിക്കുന്നു.

## മഹാപാതകം

### ആഭാസചിത്രങ്ങളെപ്പററി മദ്രാസ് മുഖ്യമന്ത്രി

അഖിലേന്ത്യാ സിനിമാ സാങ്കേതികവിദഗ്ദ്ധരുടെ കോൺഫറൻസു് സെപ്റ്റംബർ 2-ാംനു- മദ്രാസിൽവച്ചു ഉൽഘാടനംചെയ്ത അവസരത്തിൽ സിനിമായെന്നപേരിൽ എന്തു പേക്കൂത്തും കാണിച്ചു പണമുണ്ടാക്കാൻ കൂസലില്ലാത്തവർക്കു ശ്രദ്ധേയമായ ഒരു ഉദ്ബോധനം മദ്രാസു മുഖ്യമന്ത്രി മി. കുമാരസ്വാമി രാജാ നൽകിയിരിക്കുന്നു. അദ്ദേഹം പറഞ്ഞു:- വിനോദത്തിനും ഉല്ലാസത്തിനും ഉള്ള വകകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ദൃശ്യവിദ്യാഭ്യാസരീതി ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്തു വളരെ അത്യാവശ്യമാണു്. സംഗീതത്തിലായാലും സംഭാഷണത്തിലായാലും കഥാഗതിയിലായാലും നിങ്ങളുടെ പാവനമായ കർത്തവ്യം മറന്നു നിങ്ങൾ പ്രവർത്തിച്ചാൽ അതുമൂലം നിങ്ങൾ ചെയ്യുന്ന പാതകം, സാന്മാർഗ്ഗിക സാമ്പത്തിക രംഗങ്ങളിൽ വരുത്തിവയ്ക്കുന്ന വിപത്തു് എത്രമാത്രമാണെന്നു് നിങ്ങൾ മനസ്സിലാക്കണം. ആഭാസവും വഴിപിഴച്ചതുമായ രംഗങ്ങൾ അടങ്ങുന്ന ചിത്രങ്ങളെയാണു് ഞാനിവിടെ വിവക്ഷിക്കുന്നതു്. അധികം സിനിമാകളുടെയും ഗതി അതാണുതാനും. ഇവ അതേപടി പ്രദർശിപ്പിക്കാൻ അലക്ഷ്യമായി അനുവദിച്ചാൽ പണം കൂടുതൽ നേടാം. ചിത്രാക്കൂട്ടങ്ങൾ ആകർഷകവുമായിരിക്കാം. പക്ഷെ സന്മാർഗ്ഗത്തെ പാടെ ധ്വംസിക്കുന്ന ഇത്തരം ചിത്രങ്ങൾ സമുദായത്തിനു വരുത്തിക്കൂട്ടുന്ന നാശം, ആപത്തു്, കുറച്ചൊന്നുമല്ല.

ഹാത്തിമാമാതാവിന്റെയും സിസ്റ്റർ അൽഫോൻസായുടേയും സഹായത്താൽ ഒന്നരമാസത്തോളം അത്യാസന്നനിലയിൽ കിടന്നിരുന്ന എന്റെ കുട്ടി സുഖം പ്രാപിച്ചതിന്നു ഉപകാരസ്മരണ.

തൊയക്കാവു്. ഇ. എൽ. ജോസപ്പു്

## ഇൻഡ്യാവാർത്തകൾ

ജാപ്പനീസു് സമാധാന ഉടമ്പടി സംബന്ധിച്ചു അമേരിക്കയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 4-ാംനു- മുതൽ സാൻഫ്രാൻസിസ്കോയിൽ നടക്കുന്ന വിവിധരാഷ്ട്രങ്ങളുടെ സമ്മേളനത്തിൽ ഇൻഡ്യ സംബന്ധിക്കുന്നതല്ലെന്നു് ഇൻഡ്യൻ പ്രധാനമന്ത്രി പ്രഖ്യാപനം ചെയ്തിരിക്കുന്നു. പ്രസ്തുത ഉടമ്പടിയിലെ ചില വ്യവസ്ഥകൾ ജപ്പാന്റെ പരമാധികാരത്തിനു ഹാനികരമായതുകൊണ്ടാണു്(?) അതിൽ ഒപ്പുവയ്ക്കുവാൻ ഇൻഡ്യ വിസമ്മതിക്കുന്നതെന്നും പ്രധാനമന്ത്രി വ്യക്തമാക്കിട്ടുണ്ടു്.

—പത്രനിയമത്തിൽ മൗലികാവകാശങ്ങളെ ഹനിക്കുന്ന ചില വ്യവസ്ഥകൾ റദ്ദാക്കിക്കൊണ്ടുള്ള ഒരു ബിൽ ആഭ്യന്തരവകുപ്പുമന്ത്രി പാർലമെന്റിൽ അവതരിപ്പിച്ചിരിക്കുന്നു. ഈ ബില്ലനുസരിച്ചു് പത്രവാർത്തകൾ പ്രസിദ്ധീകരണത്തിനു മുമ്പായി പരിശോധിക്കുന്ന സമ്പ്രദായവും സെക്യൂരിററി കെട്ടിവയ്ക്കലും നിർത്തലാക്കുന്നതാണു്. എന്നാൽ അക്രമത്തിനു പ്രേരണനല്കുന്നതും ആഭാസവുമായ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനെ ബില്ലിൽ കുററകരമാക്കിയിട്ടുണ്ടു്.

—കാശ്മീരിൽ കൺസ്റ്റിററുവന്റു് അസംബ്ളി തിരഞ്ഞെടുപ്പിനുള്ള നോമിനേഷൻ പൂർത്തിയാകുകയും ഷേക്കു് അബ്ദുള്ള, ബക്ഷിഗുലാം മഹമ്മദു് തുടങ്ങിയ നേതാക്കന്മാർ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെടുകയും ചെയ്തിരിക്കുന്നു.

—പ്രധാനമന്ത്രി പണ്ഡിററു് നെഹ്റു, ആഭ്യന്തരകാര്യമന്ത്രി ശ്രീ രാജഗോപാലാചാരി, ധനകാര്യമന്ത്രി ശ്രീ ദേശ്മുഖു് ശ്രീമതി വിജയലക്ഷ്മി പണ്ഡിററു് മുതലായവർ സെപ്റ്റംബർ 1-ാംനു- കാശ്മീർ സന്ദർശിക്കുകയും കാശ്മീർ നിവാസികൾ അവർക്കു ഗംഭീരമായ സ്വീകരണം നല്കുകയുമുണ്ടായി

# വിശുദ്ധരുടെ നാമകരണം

(സി. റ്റി. കൊട്ടാരം)

കേരളീയസഭാമാതാവിൻെറ പ്രശസ്യപുത്രിയും പാവനസ്മരണാർഹയുമായ സിസ്റ്റർ അൽഫോൺസാ "അൾത്താരയുടെ ബഹുമാന"ത്തിനു പാത്രീഭൂതയായിത്തീർന്നു കാണുവാൻ അതിയാഗ്രഹം പ്രദർശിപ്പിക്കുന്ന അനേകലക്ഷങ്ങൾ ഈ കേരളക്കരയിലുണ്ട്. സുകൃതചരിതയായ ആ കന്യകാരത്നത്തെ സംബന്ധിച്ച് ചില അന്വേഷണങ്ങൾ നടത്തി റിപ്പോർട്ടു സമർപ്പിക്കുവാൻ പാലാ രൂപതാദ്ധ്യക്ഷൻ തിരുമേനിയോട് പരിശുദ്ധസിംഹാസനം ആവശ്യപ്പെട്ടുകഴിഞ്ഞുവെന്നുള്ള മംഗളവാർത്ത അൽഫോൺസാഭക്തലക്ഷങ്ങളെ കോൾമയിർകൊള്ളിക്കുകതന്നെ ചെയ്തിരിക്കണം. അനന്തരനടപടികളെപ്പററി അറിയുവാൻ ജിജ്ഞാസയോടെ ഏവരും കാത്തിരിക്കുന്ന ഈ വേളയിൽ വിശുദ്ധന്മാരുടെ നാമകരണം (Canonisation) സംബന്ധിച്ച് കത്തോലിക്കാതിരുസഭ അവലംബിക്കുന്ന നടപടിക്രമത്തെപ്പററി ഏതാനും വിവരങ്ങൾ താഴെ ചേർക്കുന്നതു സന്ദർഭോചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു.

കത്തോലിക്കാസഭ വിശുദ്ധന്മാരായി വണങ്ങിപ്പോരുന്നവരിൽ രക്തസാക്ഷികളെന്നും (Martyrs) ഖ്യാപകന്മാരെന്നും (Confessors) രണ്ടു വിഭാഗങ്ങളുണ്ട്. ക്രിസ്തുനാഥനിലുള്ള വിശ്വാസം നിമിത്തം — ക്രിസ്ത്യാനിയായിത്തീർന്നു എന്ന കാരണം — ക്രിസ്തുവിനെപ്രതി ക്രൈസ്തവമതവിരോധികളുടെ പീഡനങ്ങൾക്കു വിധേയരായി ജീവാർപ്പണം ചെയ്യേണ്ടിവന്നവരാണ് രക്തസാക്ഷികൾ അഥവാ വേദസാക്ഷികൾ. അത്യുൽകൃഷ്ടമായവിധം പുണ്യജീവിതം കഴിച്ച് ക്രൈസ്തവസമാധാനപൂർണ്ണതയിൽ ചരമമടഞ്ഞവരെയാണ് ഖ്യാപകന്മാരെന്നു വിളിക്കുന്നതു്. രക്തസാക്ഷികളെയും ഖ്യാപകന്മാരെയും വിശുദ്ധപദവിയിലേക്കുയർത്തുന്നതു സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ വിശദാംശങ്ങളിൽ വ്യത്യസ്തങ്ങളെങ്കിലും സാരാംശത്തിൽ ഒന്നുതന്നെയത്രെ. സിസ്റ്റർ അൽഫോൺസാ ഖ്യാപകഗണത്തിൽപെടുന്നതിനാൽ ഖ്യാപകന്മാരെ സംബന്ധിച്ചുള്ള നടപടിക്രമം വിവരിച്ചാൽ മതിയാകുമല്ലോ.

ഏതൊരു വ്യക്തിയെയും — വേദസാക്ഷിയായാലും കൊള്ളാം ഖ്യാപകനായാലും കൊള്ളാം — വിശുദ്ധനായി നാമകരണം ചെയ്യുന്നതിനു പ്രാരംഭമായി ധന്യപദവിയിലേക്കുയർത്താറുണ്ട്. "ധന്യ"ന്മാരാണു സമയത്തിൻെറ തികവിൽ വിശുദ്ധന്മാരായി പ്രഖ്യാപിക്കപ്പെടുന്നതു്. ഒരു വേദസാക്ഷിയെ അഥവാ ഒരു ഖ്യാപകനെ കത്തോലിക്കാസഭയിൽ ഭാഗികമായൊ സാർവ്വത്രികമായൊ പരസ്യമായി വണങ്ങുന്നതിനു അനുവദിക്കുവാനൊ ആജ്ഞാപിക്കുവാനൊ തിരുസഭയുടെ പരമാദ്ധ്യക്ഷനായ മാർപ്പാപ്പാക്കധികാരമുണ്ട്. ഒരു വ്യക്തിയെ ധന്യപദവിയിലേക്കുയർത്തുമ്പോൾ അയാളെ സഭയിൽ ഭാഗികമായി അഥവാ പ്രാദേശികമായി (ഒരു രൂപതയിലോ ഒരു രാജ്യത്തോ) പരസ്യമായി വണങ്ങുന്നതിനു് മാർപ്പാപ്പാ ഒരു ഡിക്രിമൂലം അനുവദിക്കുക മാത്രമാണു ചെയ്യുന്നതു്; ഒരുപക്ഷെ ആജ്ഞാപിച്ചെന്നുംവരാം. പ്രത്യുത, ഒരാളെ വിശുദ്ധ പദവിയിലേക്കുയർത്തുമ്പോൾ അയാളെ സഭയിൽ സാർവ്വത്രികമായി പരസ്യമായി വണങ്ങുന്നതിനു മാർപ്പാപ്പാ ഒരു ഡിക്രി മൂലം കല്പിക്കുകയത്രെ ചെയ്യുന്നതു്. ഇതിൽനിന്നും ധന്യസംജ്ഞാദാനവും വിശുദ്ധ സംജ്ഞാദാനവും തമ്മിലുള്ള വ്യത്യാസം തത്സംബന്ധമായി റോമ്മാ മാർപ്പാപ്പാ പുറപ്പെടുവിക്കുന്ന കല്പനയുടെ (decree) സ്വഭാവത്തെയും വ്യാപ്തിയെയും ആശ്രയിച്ചാണിരിക്കുന്നതെന്നു വ്യക്തമാണല്ലോ. പത്താംപീയൂസ് മാർപ്പാപ്പായെ കഴിഞ്ഞ ജൂൺ 3-ാംനു ധന്യപദവിയിലേക്കുയർത്തിയിരിക്കയാണ്. ആ തിരുമേനിയെ പരസ്യമായി വണങ്ങുവാൻ സഭ മുഴുവനോടും മാർപ്പാപ്പാ ആജ്ഞാപിച്ചിട്ടില്ല; സഭ മുഴുവനെയും അതിനായി അനുവദിച്ചിട്ടുമില്ല. എന്നാൽ ഇററലിയിൽ പത്താംപീയൂസിനെ പരസ്യമായി വണങ്ങുവാൻ അനുവദിച്ചിട്ടുണ്ട്. 1933-ലാണല്ലോ ഇംഗ്ലണ്ടിലെ രക്തസാക്ഷിയായ സർ തോമസ് മൂറിനെ ധന്യപദവിയിൽനിന്നും വിശുദ്ധപദവിയിലേക്കുയർത്തിയതു്. 1933 വരെ ധന്യനായ സർ തോമസ് മൂർ ഇംഗ്ലണ്ടിലെങ്ങും നിയമാനുസൃതം പരസ്യമായ വണക്കത്തിനർഹനായിരുന്നു. 1933-ൽ അദ്ദേഹം വിശുദ്ധനായി പ്രഖ്യാപിക്കപ്പെട്ടശേഷമാവട്ടെ കത്തോലിക്കാസഭ സാർവ്വത്രികമായി അദ്ദേഹത്തെ പരസ്യമായി വണങ്ങുവാൻ ആജ്ഞാപിതമായിരിക്കുന്നു.

വിശുദ്ധന്മാരുടെ നാമകരണം സംബന്ധിച്ചുള്ള നടപടിക്രമം സഭയുടെ നിയമാവലിയിൽ ഒരു പ്രത്യേകവിഭാഗമായി ചേർത്തുകാണുന്നുണ്ട്. വൈഷമ്യമേറിയ ഒരു കേസ് കീഴ്ക്കോടതി മുതൽ സുപ്രീംകോടതിവരെ തള്ളിക്കൊണ്ടുപോയി ഓരോ കോടതിയിൽനിന്നും അനുകൂലമായ വിധി സമ്പാദിക്കുന്നതിൻെറ ഒരു പ്രതിരൂപിയാണ് ഒരു വിശുദ്ധൻെറ നാമകരണക്കേസ് സംബന്ധിച്ചുള്ള നടപടിക്രമം വായിക്കുമ്പോൾ ഒരുത്തനുണ്ടാകാവുന്നതു്. രൂപതക്കോടതിയിൽ സമാരംഭിച്ച് നിയമാനുസൃതം പുരോഗമിച്ച് ഈ വക കേസുകൾ കൈകാര്യം ചെയ്യുന്ന സഭയുടെ സുപ്രീംകോടതിയായ റീത്തുകളുടെ തിരുസംഘത്തിൽനിന്നു് അനുകൂലമായ വിധിതീർപ്പും അതിൽ മാർപ്പാപ്പായുടെ കൈയൊപ്പും സമ്പാദിക്കുന്നതോടുകൂടിമാത്രം അവസാനിക്കുന്ന ഒരു കേസാണിതു്. ഈ കേസുനടത്തലിനു് സാമാന്യഗതിയിൽ വളരെയധികം കാലദൈർഘ്യവും ബുദ്ധിമുട്ടും പണച്ചെലവും തല്പരകക്ഷികൾക്കു നേരിടുന്നതുമാണ്. കേസ് അന്വേഷണവും വിചാരണയും ആരംഭിച്ചിട്ട് നൂററാണ്ടുകാലമായിട്ടും ധന്യപദത്തിലെത്താൻ കഴിയാത്ത ഖ്യാപകന്മാർ ഇന്നുമുണ്ട്; ധന്യന്മാരായിട്ട് ശതാബ്ദങ്ങൾ കഴിഞ്ഞിട്ടും ഇതേവരെ "വിശുദ്ധ പദവിയിലേക്കുയർത്തപ്പെടാത്തവരുടെ സംഖ്യയും വളരെ വലുതാണ്", എന്നാൽ, വി. കൊച്ചുത്രേസ്യായെപ്പോലെ ശീഘ്രഗതിയിൽ "ധന്യ"രാകാനും "വിശുദ്ധ"രാകാനും കഴിഞ്ഞവരും ഇല്ലാതില്ല.

(തുടരും)

---

# നിര്യാതനായി

## റവ. ഫാദർ സെലസ്റ്റിൻ

തേവര കൊവേന്തയിലെ ഒരംഗമായിരുന്ന റവ. ഫാ. സെലസ്റ്റിൻ ടി. ഒ. സി. ഡി. (ഫാദർ ആൻറണി പുതുശ്ശേരി) ആഗസ്റ്റ് 31-ാംനു വെള്ളിയാഴ്ച എറണാകുളം ജനറലാസ്പത്രിയിൽവച്ച് മൂത്രാശയസംബന്ധമായ രോഗംനിമിത്തം നിര്യാതനായിരിക്കുന്നു. മൃതദേഹം പിറേറദിവസം തേവര ആശ്രമദേവാലയത്തിൽ യഥാവിധി സംസ്കരിക്കപ്പെട്ടു. റവ. ഫാദർ ജോസഫ് പാറേക്കാട്ടിൽ ചരമപ്രഭാഷണം നടത്തി. സംസ്കാരകർമ്മത്തിലെ അവസാനചടങ്ങുകളിൽ എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയാണ് പ്രധാനകാർമ്മികത്വം വഹിച്ചതു്. തിരുമേനി തദനന്തരം നടത്തിയ ലഘുപ്രഭാഷണത്തിൽ പരേതൻെറ സേവനസന്നദ്ധതയേയും, അദ്ദേഹത്തിൽ കുടികൊണ്ടിരുന്ന പ്രാർത്ഥനയുടേയും ത്യാഗത്തിൻേറയും ചൈതന്യത്തെയും മുക്തകണ്ഠം പ്രകീർത്തിക്കുകയുണ്ടായി. ശവസംസ്കാരകർമ്മങ്ങളിൽ സന്യാസികളും, എറണാകുളം, വരാപ്പുഴ അതിരൂപതകളിൽപ്പെട്ട ഇടവകപ്പട്ടക്കാരുമുൾപ്പെടെ 90-ഓളം വൈദികരും, പരേതൻെറ ബന്ധുക്കൾ, അദ്ദേഹം ജോലിനോക്കിയിട്ടുള്ള സ്ഥലങ്ങളിലെ ജനങ്ങൾ, കോളെജ് വിദ്യാർത്ഥികൾ എന്നിവരടങ്ങിയ ഒരു വലിയ ജനസഞ്ചയവും സംബന്ധിക്കുകയുണ്ടായി.

പരേതനായ വന്ദ്യവൈദികൻ 1881-ൽ എടാട്ട് ഇടവകയിലെ പുരാതനവും പ്രസിദ്ധവുമായ പുതുശ്ശേരി കുടുംബത്തിൽ ജാതനായി. 17-ാമത്തെ വയസ്സിൽ കാണ്ടിയിലെ പേപ്പൽ കലാലയത്തിൽ വൈദികവിദ്യാഭ്യാസം ആരംഭിക്കുകയും 1907-ൽ പുരോഹിതപട്ടം സ്വീകരിക്കുകയുംചെയ്തു. മടങ്ങിവന്നശേഷം ആലുവാ സെൻറ് മേരീസ് ഹൈസ്കൂൾ റെക്ടറായും മാനേജരായും, മുവ്വാററുപുഴ, കാഞ്ഞൂർ, ഞാറയ്ക്കൽ, ആരക്കുഴ മുതലായ പള്ളികളിൽ വികാരിയായും ജോലിനോക്കുകയുണ്ടായി. 1937-ൽ കർമ്മലീത്താസഭയിൽ ചേരുകയും കൂനമ്മാവിൽവച്ച് നിത്യവ്രതവാഗ്ദാനം നിർവ്വഹിക്കുകയും ചെയ്തു. തദനന്തരം ചെത്തിപ്പുഴ ആശ്രമത്തിൽ "ഗുരു"വായി കുറെക്കാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

പരേതൻെറ വ്യക്തിഗുണങ്ങളായ ഗുണങ്ങൾ അനന്യസാധാരണങ്ങളായിരുന്നു. ഇടവകവികാരിയായിരുന്നപ്പോൾ സാധുക്കളുടെ ഉററമിത്രമായിട്ടാണ് അദ്ദേഹം വർത്തിച്ചിട്ടുള്ളതു്. അദ്ദേഹം കാഞ്ഞൂർ ഫൊറോനാപള്ളി വികാരിയായിരിക്കുമ്പോഴാണ് 99 ലെ വലിയ വെള്ളപ്പൊക്കമുണ്ടായതു്. തദവസരത്തിൽ, സ്വന്തം ജീവൻപോലും അപകടത്തിലാക്കിക്കൊണ്ടു് ഒരു വള്ളത്തിൽ എന്നും കുളത്തെത്തി സാധുക്കൾക്കുവേണ്ട അരിയും മററും വാങ്ങി തിരിച്ചുപോയ സംഭവം ഒരുത്തർക്കും വിസ്മരിക്കാവുന്നതല്ല. കൃത്യാന്തരബാഹുല്യങ്ങൾക്കിടയിൽ സ്വന്തം ആത്മീയകാര്യങ്ങൾ ഏററവും വലിയ നിഷ്ഠയോടുകൂടിയാണ് അദ്ദേഹം നിർവ്വഹിച്ചുവന്നതു്. ആശ്രമത്തിലദ്ദേഹം ഒരുത്തമസന്യാസിയായി വർത്തിച്ചു മേലധികാരികളുടെനേർക്ക് പ്രദർശിപ്പിച്ചുവന്ന ശിശുസഹജമായ വിധേയത്വം, അനുസ്യൂതം പുലർത്തിയിരുന്ന പ്രാർത്ഥനാരൂപി ഇവ ഏററവും അഭിനന്ദനീയമായിരുന്നു. മരിക്കുന്നതിനു എട്ടു ദിവസം മുമ്പ് എഴുതി പെ. ബ. പ്രിയോരച്ചൻെറ അംഗീകാരം വാങ്ങിച്ച കാര്യ



പരിപാടിയിൽ, വിവിധനിയോഗങ്ങൾക്കായി അനുദിനം 15 "വിസിത്ത"കൾക്കു സ്ഥാനം നൽകിയിട്ടുള്ളതായി കാണുന്നു. ആസ്പത്രിയിലേക്കു മാററപ്പെട്ട ദിവസ (ആഗ. 29.) ത്തെ ആദ്ധ്യാത്മികഡയറിയിൽ അനേകായിരം സുകൃതജപങ്ങൾ ചൊല്ലിയതായും ആശയടക്കങ്ങൾ ചെയ്തതായും രേഖപ്പെടുത്തിട്ടുണ്ട്. ഇപ്രകാരം ഒരുത്തമവൈദികനും ഒരുത്തമസന്യാസിയുമായിരുന്നു പരേതൻ.

എറണാകുളം അതിരൂപതാസെക്രട്ടറി റവ. ഫാ. വറുഗീസ് പുതുശ്ശേരി എം എ പരേതൻെറ സഹോദരപുത്രനും പെരുമ്പാവൂർ പള്ളി വികാരി റവ. ഫാദർ ആൻറണി പുതുശ്ശേരി സഹോദരപൌത്രനും, കൊരട്ടി പള്ളി വികാരി റവ. ഫാദർ ഡോമിനിക്ക് കോയിക്കര പിതൃസഹോദരീപൌത്രനും, റവ. സിസ്റ്റേഴ്സ് സ്ലാദീയൂസ്, എമിലിയ എന്നിവർ സഹോദരപുത്രികളുമാണെന്ന വിവരം പ്രസ്താവ്യമാണ്.

R. I. P.




മേവെള്ളൂർ: എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ നാമഹേതുകതിരുനാൾ പ്രമാണിച്ച് ആഗസ്റ്റ് 28-ാംനു സ്ഥലം മരിയാസഖ്യത്തിൻെറ ആഭിമുഖ്യത്തിൽ റവ. ഫാ. സെബാസ്റ്റ്യൻ അയിത്രക്കാരൻ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടുകയുണ്ടായി.

—പാലയൂർ: ഫൊറോനാപള്ളി ഇടവകയിലെ വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 20-ാംനു ഒരു ഡിസ്പെൻസറി ഉൽഘാടനംചെയ്തിരിക്കുന്നു.

സ്ഥലം സെൻറ് തോമസ് ക്ലബിൻെറ 6-ാം വാർഷികം ആഗസ്റ്റ് 18-ാം തിയതി കൊണ്ടാടുകയുണ്ടായി.

—മഞ്ഞുമ്മൽ: സൊഡാലിററികളുടേയും "കുരിശുയോദ്ധാക്കളു"ടേയും സംയുക്തവാർഷികം ആഗസ്റ്റ് 19-ാംനു റവ. ഫാ. അഗസ്റ്റിൻ കോന്നുള്ളി എം എയുടെ അദ്ധ്യക്ഷതയിൽ ആഘോഷിച്ചിരിക്കുന്നു. ശ്രീ പി. ജി. വിൻസെൻറ് ബി എ ആയിരുന്നു പ്രാസംഗികൻ.

—മേരിലൻഡ്: പാലാരൂപതയിൽ കുറവിലങ്ങ് ഇടവകാതിർത്തിയിൽ പ. അമലോത്ഭവമാതാവിൻെറ നാമത്തിൽ പണിതുവരുന്ന മേരിലൻഡുപള്ളിയെ ഒരിടവകപ്പള്ളിയായി ഉയർത്തുവാൻ പാലാ മെത്രാൻ തിരുമേനി അനുമതി നല്കിയിരിക്കുന്നു.

—ചൊവ്വര: ആഗസ്റ്റ് 26-ാംനു റവ. ഫാ. ക്ലെമൻറ് സി ഡി യുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ വച്ച് സ്ഥലത്തെ യൂത്തുലീഗ് പുനരുദ്ധരിക്കുകയും വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ ഒരു ശാഖ ഉൽഘാടനം ചെയ്കയും ചെയ്തിരിക്കുന്നു. ശ്രീ കെ. പി. ഉറുമീസ് ബി എ ബി എൽ തദവസരത്തിൽ ഒരു പ്രസംഗംചെയ്തു.

—മുട്ടം: സ്ഥലത്തെ ഫ്രാൻസിസ്കൻ മൂന്നാംസഭയുടെ സുവർണ്ണജൂബിലി ആഗസ്റ്റ് 19-ാംനു സാഘോഷം കൊണ്ടാടിയിരിക്കുന്നു. തത്സംബന്ധമായി റവ. ഫാ. ലിയോ ഒ എഫ് എം അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ സംഘം സുപ്പീരിയർ റവ. ഫാ. ജോർജ്ജ് വട്ടംകണ്ടം, ബ്രദർ പീററർ റെഡ്ഡി എന്നിവർ ഓരോ പ്രസംഗം ചെയ്കയുണ്ടായി.

—പൂഞ്ഞാർ: ചെറുപുഷ്പമിഷൻലീഗിൻെറ ആഭിമുഖ്യത്തിൽ സെപ്തംബർ 6 മുതൽ 9 വരെ തിയതികളിൽ ഒരു മിഷൻ പ്രദർശനം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നതായറിയുന്നു.

—അരിക്കര: റവ. ഫാ. അബ്രാഹം മാക്കിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽവച്ച് വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ ഒരു ശാഖ ഉൽഘാടനംചെയ്യപ്പെട്ടിരിക്കുന്നു. മെ. മാത്യു പോൾ, കെ. സി. ചാക്കോ എന്നിവരായിരുന്നു പ്രാസംഗികർ.

—വരന്തരപ്പിള്ളി: സുറിയാനി കർമ്മലിത്താസഭ വകയായി പുതുതായാരംഭിക്കുവാൻപോകുന്ന ആശ്രമത്തിൻെറയും കപ്പേളയുടെയും ശിലാസ്ഥാപനകർമ്മം ആഗസ്റ്റ് 22-ാംനു തൃശ്ശൂർ മെത്രാൻ തിരുമനസ്സുകൊണ്ടു നിർവ്വഹിച്ചിരിക്കുന്നു.

—കുറുമ്പനേടം: സൊഡാലിററി ശാഖകളുടെ സംയുക്തവാർഷികം ആഗസ്റ്റ് 15-ാംനു ശ്രീ കെ. ഇ. ജോബ് എം എ എൽ ടി യുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. മെ. മുട്ടത്തു വർക്കി ബി എ, എം. എം. ജോസഫ് ബി എ എന്നിവരായിരുന്നു പ്രാസംഗികർ.

—തോട്ടക്കര: മാതാവിൻെറ സ്വർഗ്ഗാരോപണത്തിരുനാൾ പ്രമാണിച്ച് ആഗസ്റ്റ് 15-ാംനു സ്ഥലം സൊഡാലിററിയുടെ ആഭിമുഖ്യത്തിൽ കൂടിയ പൊതുയോഗത്തിൽ റവ. ഫാ. ജോർജ്ജ് കൊച്ചുപറമ്പിൽ ആദ്ധ്യക്ഷംവഹിച്ചു.

—കൂരാച്ചുണ്ട്: ആഗസ്റ്റ് 15-ാംനു ശ്രീ പി. കെ. ജോയി അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ മെ. പി. വി. ജോർജ്ജ്, വി. തോമസ് എന്നിവർ ഓരോ പ്രസംഗംചെയ്തു.

—അത്രൂർ: മരിയസഖ്യങ്ങളുടെയും ദിവ്യകാരുണ്യ ബാലസൈന്യത്തിൻെറയും വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറയും സംയുക്താഭിമുഖ്യത്തിൽ ആഗസ്റ്റ് 15-ാംനു റവ. ഫാ. ഫ്രാൻസിസ് ഫെർണാൻഡസ് അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം ചേരുകയുണ്ടായി. മിസ് അനസ്താസിയാ എബ്രഹാം, ശ്രീ കെ. സി. ഈപ്പൻ ബി എ. എന്നിവരായിരുന്നു പ്രസംഗകർ.

---

# വിമർശനവീഥി

## പണിമുടക്കുവഴിയായി രാജ്യത്തെ ചൂഷണം ചെയ്യുകയോ?

തൊഴിലാളികൾ മുതലാളിമാരെക്കുറിച്ചു പുറപ്പെടുവിച്ചുകൊണ്ടിരുന്നിട്ടുള്ളതും ഇപ്പോഴും പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നതുമായ ആക്ഷേപങ്ങളുടെ സാരസർവ്വസ്വം തങ്ങളെ അവർ ചൂഷണം ചെയ്യുന്നുവെന്നതാണ്. തങ്ങൾക്കു സുഖമായും സമാധാനമായും ജീവിക്കുവാനുള്ള ജന്മസിദ്ധമായ അവകാശങ്ങളെ നിശ്ശേഷം വിസ്മരിച്ചുകൊണ്ടും അതിനു വിപരീതമായും തങ്ങളെക്കൊണ്ടു മുതലാളികൾ ജോലിചെയ്യിച്ച് ആദായമെടുക്കുന്നുവെന്നും, മുതലാളിമാർ സാമ്പത്തികമായും രാഷ്ട്രീയമായും വളരെ ശക്തന്മാരായിരിക്കുന്നതുകൊണ്ട് അവരോട് എതിർക്കുവാൻ നിവൃത്തിയില്ലാതെ അവരുടെ വ്യവസ്ഥകളനുസരിച്ചു തങ്ങൾ വേലചെയ്യേണ്ടിവരുന്നുവെന്നും ഉള്ളതിലാണ്, മുതലാളിമാരുടെ ഈ ചൂഷണം അടങ്ങിയിരിക്കുന്നതെന്നു തൊഴിലാളികൾ ആവലാതിപറയുന്നു. ലിബറലിസം എന്ന ഇടപെടാനയം—മുതലാളികളും തൊഴിലാളികളും തമ്മിലുള്ള ഏർപ്പാടുകൾ മുഴുവനും അവർതമ്മിൽ ചെയ്യേണ്ടതാണെന്നും രാഷ്ട്രത്തിനോ മതത്തിനോ പൊതുജനാഭിപ്രായത്തിനോ അതിൽ ഇടപെടുവാൻ അവകാശമില്ലെന്നുമുള്ള നയം സർവസാമാന്യമായി നിലവിലിരുന്ന കഴിഞ്ഞ നൂറ്റാണ്ടിൽ തൊഴിലാളികളുടെ ഈ ആവലാതി തികച്ചും യഥാർത്ഥമായിരുന്നു. എന്നാൽ ക്രമേണ പ്രസ്തുതനയത്തിനു മാറ്റംവരികയും, തൊഴിലാളികളോടുള്ള മുതലാളിമാരുടെ ഇടപാടുകളെ നിയന്ത്രിക്കുവാൻ രാഷ്ട്രത്തിനും മതത്തിനും പൊതുജനാഭിപ്രായത്തിനും അവകാശമുണ്ടെന്നുള്ള സുബദ്ധമായ അഭിപ്രായത്തിനു പ്രാബല്യം സിദ്ധിക്കുകയും, തൽഫലമായി തൊഴിലാളികളുടെ അവകാശങ്ങൾ കൂടുതൽകൂടുതലായി ആദരിക്കപ്പെടുകയും ചെയ്തുപോന്നിട്ടുണ്ട്. ആശാസ്യമായ ഈ നയമാറ്റത്തിനു സഹായിച്ചിട്ടുള്ള കാരണങ്ങളിൽ പ്രധാനമായതു് തൊഴിലാളിസംഘടനകളാണ്. പ്രബലന്മാരായ മുതലാളികളോടു ന്യായമായ വിധത്തിൽ തന്നെയും അവകാശവാദം നടത്തുവാൻ ഒറ്റയൊറ്റയായി നിന്നാൽ തങ്ങൾക്കു സാധിക്കുകയില്ലെന്നും, നേരെമറിച്ച് വേണ്ടവിധം സംഘടിച്ച് ഒന്നായി നിന്നാൽ തങ്ങൾക്കു് അതു സാധിക്കുമെന്നും തൊഴിലാളികൾ മനസ്സിലാക്കി. തൊഴിലാളികൾക്കു സംഘടിക്കുവാനുള്ള അവകാശം ഇംഗ്ലണ്ടിലും ഫ്രാൻസിലും മററു പരിഷ്കൃതരാജ്യങ്ങളിലും കഴിഞ്ഞ നൂററാണ്ടിന്റെ ആരംഭദശവരെ നിഷേധിക്കപ്പെട്ടിരുന്നു. ആ നിഷേധം സ്വാഭാവികന്യായത്തിനു വിരുദ്ധമാണെന്നും, സംഘടിക്കുവാനുള്ള അവകാശം ഏതുമനുഷ്യനും ജന്മനാ ലഭിച്ചിട്ടുള്ളതാണെന്നും തൊഴിലാളികൾക്കു സംഘടനയല്ലാതെ അവരുടെ അവകാശവാദം പുലർത്തുവാൻ മററു മാർഗ്ഗമില്ലെന്നും കത്തോലിക്കാ മതാദ്ധ്യക്ഷന്മാർ—ഇംഗ്ലണ്ടിൽ കർദ്ദിനാൾ മാനിംഗ്, അമേരിക്കയിൽ കർദ്ദിനാൾ ഗിബ്ബൺസ്, ജർമ്മനിയിൽ ബിഷപ്പ് കെററലർ—പ്രഖ്യാപിച്ചു. ആ പ്രഖ്യാപനത്തെ 1891-ൽ 13-ാം ലെയോ മാർപ്പാപ്പാ തൊഴിലാളികളുടെ പട്ടയം എന്ന നാമത്തിൽ സുപ്രസിദ്ധമായ "റേരും നൊവാരും" എന്ന വിശ്വലേഖനത്താൽ സ്ഥിരീകരിക്കുകയും ചെയ്തു. തന്മൂലം തൊഴിലാളിസംഘടനകൾക്കു രാഷ്ട്രത്തിന്റേയും മതത്തിന്റേയും പൊതുജനാഭിപ്രായത്തിന്റേയും മുമ്പിൽ അംഗീകരണം ലഭിക്കുകയും അവ ലോകമാസകലം വ്യാപിക്കുകയും ചെയ്യുകയുണ്ടായി. ഇപ്പോൾ തൊഴിലാളിസംഘടനകളാണ് തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടി എവിടെയും വാദം നടത്തിക്കൊണ്ടിരിക്കുന്നതു്. അവരുടെ വാദങ്ങൾ ഫലിക്കുകയും തൊഴിലാളികളുടെ അവകാശങ്ങൾ ലോകമാസകലം സമാദരിക്കപ്പെടുകയും ചെയ്യുന്നുണ്ടെന്നുള്ളതു് സന്തോഷകരംതന്നെ.

### പണിമുടക്ക്

തൊഴിലാളിസംഘടനകൾ ന്യായമായ സകല മാർഗ്ഗങ്ങളിലുംകൂടി വാദം നടത്തിയിട്ടും അവരുടെ അവശതകൾക്കു നീതിയുക്തമായ പരിഹാരം ലഭിക്കുന്നില്ലെന്നു കണ്ടാൽ അവസാനായുധമായി അവർക്കു് പ്രയോഗിക്കാവുന്ന ഒന്നാണ് പണിമുടക്ക്. കൂടിയാലോചനകൾ, ഒത്തുതീർപ്പുകൾ മുതലായ സമാധാനപരവും രഞ്ജനാപരവുമായ സകല മാർഗ്ഗങ്ങളും പരീക്ഷിച്ചുനോക്കിയിട്ട് അവ വിഫലങ്ങളായെന്നു സ്പഷ്ടമാകുന്നപക്ഷം അവസാനകൈയായി തൊഴിലാളികൾ പണിമുടക്കുന്നതു് ആക്ഷേപകരമല്ലതന്നെ. നേരെമറിച്ച് അവസാനത്തെ ആയുധം ആദ്യത്തേതായോ ഇടയ്ക്കുവച്ചുള്ളതായോ ഉപയോഗിക്കുന്നതു സ്പഷ്ടമായും അന്യായമായിരിക്കും. ഇന്ത്യയിലെ ഇപ്പോഴത്തെ സ്ഥിതി ഏതാണ്ട് ഈ നിലയിൽ എത്തിയിരിക്കുകയാണെന്നു് സവ്യസനം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഭയങ്കരമായ ഇക്കഴിഞ്ഞ ലോകമഹായുദ്ധത്തിനുശേഷം ഇന്ത്യയിൽ പണിമുടക്ക് ഒരു വലിയ വിപത്തായിത്തീർന്നിരിക്കുകയാണ്. ജീവിതത്തിലെ പ്രത്യേകം പ്രത്യേകമായ തൊഴിലുകളിൽ മാത്രമല്ല, ജീവിതത്തെ ആകമാനം ബാധിക്കുന്ന രംഗങ്ങളിലും ഏററവും വിപുലമായ തോതിൽ പണിമുടക്കുകൾ നടന്നുകൊണ്ടിരിക്കുന്നു. തപാലും കമ്പിയും ഡിപ്പാർട്ടുമെന്റിലും ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെന്റിലും റെയിൽവെ ഡിപ്പാർട്ടുമെന്റിലും നടത്തുന്ന പണിമുടക്കുകൾ രാജ്യത്തെ സകലമാനജനങ്ങളേയും സാരമായി ബാധിക്കുന്നതും ജീവിതനിർവഹണംതന്നെ അസാദ്ധ്യമാക്കിത്തീർക്കുന്നതുമാകയാൽ അവയുടെ നശീകരണഫലം എത്ര ഭീമമായിരിക്കുമെന്നു സുവിദിതമാണല്ലോ. ഏതൊരു പ്രസ്ഥാനത്തിന്റേയും ഗുണദോഷം നിർണ്ണയിക്കുന്ന മാനദണ്ഡം പൊതുജനക്ഷേമമാകുന്നു. ഭരണകർത്താക്കളുടേയും ഭരണീയരുടേയും ഏകലക്ഷ്യം പൊതുജനക്ഷേമമായിരിക്കണം. അതിനു സാരമായവിധം ഭംഗം നേരിടുവിക്കുന്ന ഏതു പ്രസ്ഥാനവും അതിനാൽത്തന്നെ അപലപനീയമായിത്തീരുന്നു. ഈ മാനദണ്ഡം വച്ചു നോക്കുമ്പോൾ ദേശീയവും പ്രാദേശികവുമായി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പണിമുടക്കുകൾ പലതും ആക്ഷേപാർഹങ്ങളാണെന്നു സമ്മതിച്ചേ തീരൂ. മഹാത്മാഗാന്ധി, ജവഹരിലാൽ നെഹ്റു മുതലായ വലിയ നേതാക്കന്മാരും, കോൺഗ്രസ്സ് വർക്കിംഗ് കമ്മിററി തുടങ്ങിയ അഖിലേന്ത്യാപ്രശസ്തിയുള്ള സമിതികളും തൊഴിലാളിസംഘടനകളുടെ വഴിപിഴച്ച പണിമുടക്കുപ്രസ്ഥാനത്തെ അപലപിക്കുകയും കൂടിയാലോചനകൾക്കും ഒത്തുതീർപ്പുകൾക്കും വഴിപ്പെടണമെന്നു തൊഴിലാളിസംഘപ്രവർത്തകന്മാരെ ഉദ്ബോധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നുവരികിലും പണിമുടക്കുകൾ തുടരുകയും വർദ്ധിക്കുകയും ചെയ്യാനല്ലാതെ നിലയ്ക്കുവാനുള്ള ലക്ഷണങ്ങൾ കാണുന്നില്ല.

### ചൂഷണം

ശക്തികൂടിയവൻ ശക്തികുറഞ്ഞവനോട് അന്യായമായി പെരുമാറി മുതലെടുക്കുന്നതിനെയാണല്ലോ ചൂഷണമെന്നു പറയുന്നതു്. അങ്ങനെയെങ്കിൽ തൊഴിലാളിസംഘടനകളുടെ വ്യാപകമായ പണിമുടക്കുപ്രസ്ഥാനം അവരുടെ ഭാഗത്തുനിന്നുള്ള ചൂഷണമാണെന്നു പറയാതെ നിവൃത്തിയില്ല. തൊഴിലാളിസംഘടനകൾക്കു സംഖ്യാശക്തി വളരെയുണ്ട്. അവർ ഒന്നിച്ചുനിന്നു പണിമുടക്കിയാൽ ഗവമെന്റിനേയും പൊതുജനങ്ങളേയും കൂടി എത്ര അന്യായമായ വ്യവസ്ഥകൾക്കും വഴിപ്പെടുത്തുവാൻ സാധിക്കുമെന്ന ഒരു നില വന്നിട്ടുണ്ട്. ആ നിലയനുസരിച്ചു പ്രവർത്തിക്കുന്നപക്ഷം സംഖ്യയിലുള്ള അവരുടെ ശക്തി ദുരുപയോഗിക്കുകയായിരിക്കും ചെയ്യുന്നതു്. തൊഴിലാളികളെപ്പോലെതന്നെ അവരെ തൊഴിലിൽ ഏർപ്പെടുത്തിയിരിക്കുന്നവർക്കും ആ തൊഴിലിന്റെ ഫലം അനുഭവിക്കുന്ന പൊതുജനങ്ങൾക്കും ജന്മസിദ്ധമായ അവകാശങ്ങളുണ്ട്. പ്രസ്തുതാവകാശങ്ങളെ അവഗണിച്ചും അവയ്ക്കു വിപരീതമായും തൊഴിലാളിസംഘടനകൾ തങ്ങളുടെ സംഖ്യാശക്തി ഉപയോഗിക്കുമ്പോൾ അവർ തൊഴിലുടമസ്ഥന്മാരെയും പൊതുജനങ്ങളേയും ചൂഷണംചെയ്യുന്നു. സാമ്പത്തികമായി നോക്കുന്നപക്ഷം ഈ ചൂഷണം അവസാനത്തിൽ തൊഴിലാളികൾക്കുതന്നെ ആപൽക്കരമായി പരിണമിക്കുന്നതാണ്. അതിനാൽ തൊഴിലാളിസംഘടനകൾ നിവൃത്തിയുള്ളിടത്തോളം പണിമുടക്കുകൾ ഒഴിച്ചുവയ്ക്കുകയും മററു മാർഗ്ഗങ്ങൾ വഴിയായി അവകാശം സ്ഥാപിച്ചുകിട്ടുവാൻ ശ്രമിക്കുകയും ചെയ്യണം.

### ദുരുദ്ദേശം

തൊഴിലാളിസംഘടനകളുടെ ശരിയായ ഉദ്ദേശം അവരുടെ ജീവിതസ്ഥിതി, സാമ്പത്തികമായി പ്രത്യേകിച്ചു്, നന്നാക്കുന്നതായിരിക്കണം. എന്നാൽ പല തൊഴിലാളിസംഘടനകളുടേയും പിന്നിൽ വേറൊരുദ്ദേശം ഒളിഞ്ഞുകിടക്കുന്നുണ്ട്. പാവപ്പെട്ട തൊഴിലാളികൾ അതു് അറിയുന്നില്ലായിരിക്കും. അവരെ നയിക്കുന്ന ആളുകളിലായിരിക്കും ഈ ഉദ്ദേശം സ്ഥിതിചെയ്യുന്നതു്. തൊഴിലാളിസംഘടനകളിൽ പലതും നയിക്കുന്നതു കമ്മ്യൂണിസ്റ്റുകാരും സോഷ്യലിസ്റ്റുകാരുമാണെന്നു ഇതിനകം വെളിവായിട്ടുണ്ടല്ലോ. കമ്മ്യൂണിസ്റ്റുകാരുടെ ആദർശമാകട്ടെ സമൂലമായ സാമുദായികവിപ്ലവമാണെന്നു നമുക്കറിയാം. നിലവിലിരിക്കുന്ന സാമുദായികസ്ഥിതിയെ ഒററയടിക്കു തകർത്തു് തൽസ്ഥാനത്തു വേറൊരു വ്യവസ്ഥിതി ഏർപ്പെടുത്തണമെന്നാണ് അവരുടെ മോഹം. അതിനുള്ള ആയുധമായിട്ടാണ് തൊഴിലാളിസംഘടനകളെ അവർ ഗണിക്കുന്നതു്. തൊഴിലാളികൾ രാജ്യമാസകലം പണിമുടക്കിയാൽ നിലവിലിരിക്കുന്ന സകല ഏർപ്പാടുകളും താനേ സ്തംഭിക്കുകയും കീഴ്മേൽ മറിയുകയും ചെയ്യുമെന്നും ആ കുഴപ്പത്തിൽ ചാടിവീണു് പ്രവർത്തിക്കാമെന്നുമാണ് അവരുടെ ഗണന. സോഷ്യലിസ്റ്റുകാരുടെ പോക്കും ഏകദേശം ഈ ലക്ഷ്യം വച്ചുതന്നെയാണ്. തൊഴിലാളികൾ ഈ വസ്തുതകൾ വേണ്ടവിധം മനസ്സിലാക്കി, തങ്ങളുടെ ഗുണത്തെക്കാൾ രാഷ്ട്രീയാധികാരം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന തൊഴിലാളിനേതാക്കന്മാരുടേയും തൊഴിലാളിസംഘടനകളുടേയും പിടിയിലകപ്പെടാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അല്ലാത്തപക്ഷം ഗവമെന്റ് ഇടപെട്ടു പണിമുടക്കുകൾ നിയമവിരുദ്ധമാക്കുകയും അതുവഴി തൊഴിലാളിസംഘടനകളുടെ ശക്തിക്കു കോട്ടംതട്ടാനിടവരികയുംചെയ്യും.

### പണിമുടക്ക് നിയമവിരുദ്ധമാക്കി

ഇന്ത്യൻ സോഷ്യലിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിലുള്ള അഖിലേന്ത്യാ റെയിൽവേ തൊഴിലാളി ഫെഡറേഷൻ, കേന്ദ്രഗവമെന്റിന്റെ ആവർത്തിച്ചാവർത്തിച്ചുള്ള നിർദ്ദേശങ്ങൾക്കും ഉപദേശങ്ങൾക്കും വിരുദ്ധമായി, രാജ്യവ്യാപകമായ പണിമുടക്കു നടത്തുവാൻ നിശ്ചയിച്ചപ്പോൾ ആ പണിമുടക്കു നിയമവിരുദ്ധമാക്കി കേന്ദ്രഗവമെന്റിൽനിന്നു ഉത്തരവു പുറപ്പെടുവിച്ചു. അപ്രകാരംതന്നെ തിരു-കൊച്ചി സംസ്ഥാനത്തിലെ സ്റ്റേററ് ട്രാൻസ്പോർട്ട് ജോലിക്കാരിലൊരുഭാഗം പണിമുടക്കുവാൻ തീർച്ചയാക്കിയപ്പോൾ, ട്രാൻസ്പോർട്ടു എസൻഷ്യൽ സർവ്വീസായി പ്രഖ്യാപിച്ചുകൊണ്ടും അതിലെ പണിമുടക്ക് നിയമവിരുദ്ധമാക്കിക്കൊണ്ടും ഗവമെന്റിൽനിന്നു ഒരു പ്രസ്സ്നോട്ട് ഈയിടെ പുറപ്പെടുത്തുകയുണ്ടായി. ആ പ്രസ്സ്നോട്ടിലെ ഒരു ഭാഗം ഇങ്ങനെയാണ്:-

"സ്റ്റേററ് ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെന്റിലെ ജോലി തിരു-കൊച്ചി പൊതുരക്ഷാനടപടിനിയമം 12-ാം വകുപ്പനുസരിച്ച് എസൻഷ്യൽ സർവ്വീസായി ഇപ്പോൾ പ്രഖ്യാപനംചെയ്യപ്പെട്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട എല്ലാവരുടേയും ശ്രദ്ധ ഇതുസംബന്ധിച്ചു ഗസററിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വിജ്ഞാപനത്തിലേക്ക് ക്ഷണിച്ചുകൊള്ളുന്നു. എസൻഷ്യൽ സർവ്വീസായി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും ജോലിയിലോ ജോലികളിലോ ഏതെങ്കിലുമൊരാൾ, ആ ജോലിസംബന്ധിച്ചു നല്കപ്പെടുന്ന നിയമാനുസൃതമായ ഏതെങ്കിലും ഉത്തരവ് അനുസരിക്കാതിരിക്കുകയോ, ന്യായമായ ഒഴികഴിവില്ലാതെ ആ ജോലി ഉപേക്ഷിക്കുകയോ, അഥവാ ജോലിക്കു ഹാജരാകാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ, പൊതുരക്ഷാനിയമത്തിലെ 12-ാം വകുപ്പ് 3-ാം ഉപവകുപ്പനുസരിച്ച് ഒരു വർഷത്തെ തടവോ, പിഴയോ, രണ്ടുംകൂടിയോ ഉള്ള ശിക്ഷയ്ക്കു് അയാൾ അർഹനാണ്."

നാട്ടിൽ ഉണ്ണാനും ഉടുക്കാനും അത്യാവശ്യമായവകൾ ഇല്ലെന്നുള്ള കാരണം പറഞ്ഞു് ഗവമെന്റുകളെ അപലപിക്കുന്ന തൊഴിലാളിനേതാക്കന്മാർ അവരുടെ നേതൃത്വത്തിലുള്ള തൊഴിലാളികളെ പ്രോത്സാഹിപ്പിച്ചു ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുപകരം അവരെക്കൊണ്ടു പണിമുടക്കിച്ചു ഉല്പാദനം ഇപ്പോളുള്ളതിനെക്കാൾ കുറവാക്കുവാൻ കച്ചകെട്ടി പുറപ്പെടുന്നതു് ഏററവും വിലപനീയംതന്നെ.

---

## പ്രതിമാസഗ്രന്ഥക്ലബ്ബ്

### എറണാകുളം

**ആദ്യപുസ്തകം സെപ്റ്റംബറിൽ പുറപ്പെടുന്നു.**

**ഉടൻ വരിസംഖ്യ കൊടുത്തു പേർ രജിസ്റ്റർ ചെയ്യുക.**

---

## വിനോദവീഥി



അവരുടെ വഞ്ചിയാത്ര.

* * *

ഒരു ഡോക്ടർ മി. തോമസിനു് ഒരു മരുന്നിനു കുറിച്ചുകൊടുത്തു. താമസിയാതെ രോഗം സുഖപ്പെട്ടതിനാൽ കുറിപ്പ് ഉപയോഗിക്കേണ്ടിവന്നില്ല. രണ്ടുമാസം കഴിഞ്ഞു് കുറിപ്പു കോട്ടിന്റെ കീശയിൽ കിടക്കുന്നതുകണ്ടിട്ട്, അതു ഡോക്ടരുടെ കുറിപ്പാണെന്നു തോമസിനു മനസ്സിലായില്ല. രണ്ടുകൊല്ലം അയാളതു റെയിൽവേപാസ്സായി ഉപയോഗിച്ചു. അനന്തരമതു ഒരു സംഗീതവിദഗ്ദ്ധനായ മി. ജോണിന്റെ കൈയിൽ പെടാനിടയായി. അതിലെ കുത്തും വരയും കണ്ടിട്ട് അതു സംഗീതനോട്ടാണെന്നു തെററിദ്ധരിച്ചു്, ജോൺ അതുനോക്കി ഹർമോണിയം വായിക്കാനും തുടങ്ങിയത്രെ.

* * *

ചിന്താഗ്രസ്തനായ പ്രൊഫസരോട് അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞു: "ഞാനിന്നു ഡോക്ടരെ കാണാൻ പോയിരുന്നു." അതു കേട്ട ഭാവംപോലും ആദ്യം അദ്ദേഹം പ്രദർശിപ്പിച്ചില്ല. അല്പം നേരം കഴിഞ്ഞു് ചിന്തയിൽനിന്നും ഉണർന്നപ്പോൾ അദ്ദേഹം ചോദിക്കയാണ്: "നീയെന്താ പറഞ്ഞതു്? ഡോക്ടരെ കാണാൻ പോയെന്നോ? അയാൾക്കെങ്ങനെയിരിക്കുന്നു?"

* * *

പഞ്ഞിയെപ്പററിപഠിപ്പിച്ചുകൊണ്ടിരുന്ന അദ്ധ്യാപകൻ തോമസിനോട്: "നിന്റെ ആ ഷർട്ടു് എന്തുകൊണ്ടുണ്ടാക്കിയതാ?"

തോമസ്: "ഇതു് അപ്പന്റെ പഴേ ഷർട്ടു് വെട്ടിത്തയിച്ചതാ."

# തട്ടിപ്പിൽ അകപ്പെടരുത്


ഇക്കഴിഞ്ഞ ആഗസ്റ്റ് 15-ാംനു കോട്ടയം മൂന്നാംമണ്ഡലത്തിന്റെ ആഭിമുഖ്യത്തിലും മാന്നാനം കത്തോലിക്കാസമാജത്തിന്റെ സഹകരണത്തിലും നടത്തപ്പെട്ട മഹായോഗത്തിൽ ആദ്ധ്യക്ഷം വഹിച്ച ശ്രീ പാണ്ടവത്തുശങ്കരപ്പിള്ള ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി:

സമാധാനപൂർണ്ണവും പുരോഗമനോന്മുഖവുമായ ഒരു ഭാരതത്തിൽമാത്രമേ നമ്മുടെ മാതൃകാരാജ്യത്തിന്റെ പ്രവണതകൾ ശരിയായി പുഷ്പിക്കുകയുള്ളൂ. ചില വിധ്വംസകശക്തികൾ കാംക്ഷിക്കുന്നതുപോലെ രക്തപങ്കിലമായ ഒരു വിപ്ലവം കൊണ്ട് ഇൻഡ്യയിൽ പാലും തേനും ഒഴുക്കുവാൻ സാദ്ധ്യമല്ലതന്നെ. വിധ്വംസകരാഷ്ട്രീയ പ്രചരണതട്ടിപ്പിൽ നാം അകപ്പെടരുത്. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും കോൺഗ്രസു ഗവമ്മെണ്ടുകൾ പല പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്. മനുഷ്യസഹജമായ ചില ബലഹീനതകൾ കോൺഗ്രസുഭരണത്തിലും വന്നിട്ടുണ്ട്. പക്ഷെ തെററുകൾ തിരുത്തുവാൻ കോൺഗ്രസുകാർ സദാ സന്നദ്ധരാണ്. നമുക്കു ലഭിച്ചിരിക്കുന്ന രാഷ്ട്രീയ സ്വാതന്ത്ര്യത്തെ നാം വിദേശശക്തികൾക്ക് വീണ്ടും പണയപ്പെടുത്താതെ ഭാരതീയർ അഹമഹമികയാ കോൺഗ്രസ് കൊടിക്കീഴിൽ അണിനിരന്ന് രാജ്യസേവനം നടത്തിയാൽ മാത്രമേ നമ്മുടെ സ്വാതന്ത്ര്യം ശരിയായ ഫലം പുറപ്പെടുവിക്കുകയുള്ളൂ. അതിനായി സകലരേയും ആഹ്വാനംചെയ്തുകൊള്ളുന്നു.

യോഗം അലങ്കോലപ്പെടുത്തുവാൻ ചില കമ്മ്യൂണിസ്റ്റുകാർ പരിശ്രമിച്ചതിനെ പരാമർശിച്ച്, പ്രസംഗകൻ മി. വി. മാധവൻ എം. എൽ. എ. പ്രസ്താവിച്ചതിങ്ങനെയാണ്:

കോൺഗ്രസ്സുകാർ നടത്തുന്ന ഈവക മഹായോഗങ്ങളിൽ കമ്മ്യൂണിസ്റ്റുകാർ ചില കുഴപ്പങ്ങൾ ഉണ്ടാക്കുന്നത് ഈ രാജ്യത്ത് സാർവ്വത്രികമായിത്തീർന്നിട്ടുണ്ടെന്ന് പ്രസ്താവിക്കേണ്ടിവന്നതിൽ ഖേദിക്കുന്നു. ദുരുപദിഷ്ടരായ ഈ ചെറുപ്പക്കാർ അവർ ചെയ്യുന്നതെന്താണെന്നു ശരിയായി ഗ്രഹിക്കാതെയാണ് ഈ വേഷംകെട്ടുന്നത്. പൗരസ്വാതന്ത്ര്യത്തിന്റെയും പ്രസംഗസ്വാതന്ത്ര്യത്തിന്റെയും പേരിലാണ് കമ്മ്യൂണിസ്റ്റുകൾ ഈ ഒച്ചപ്പാടുകളൊക്കെ ഉണ്ടാക്കുന്നത്. പക്ഷെ മററുള്ളവർ മഹായോഗങ്ങൾ കൂടുമ്പോൾ കമ്മ്യൂണിസ്റ്റുകാർ ഇവ്വിധം പെരുമാറുന്നത് സാമാന്യമര്യാദപോലും യോജിച്ചതല്ല. അത് സംസ്കാരത്തിന്റെ കുറവുകൊണ്ടു മാത്രമാണ്. കമ്മ്യൂണിസ്റ്റുകാരുടെ സ്വർഗ്ഗരാജ്യമായ റഷ്യയിൽപ്പോലും ഈ പ്രസംഗസ്വാതന്ത്ര്യമോ വ്യക്തിസ്വാതന്ത്ര്യമോ ഉണ്ടോ? സോവ്യററു റഷ്യയിൽ സ്റ്റാലിൻഗവമ്മെണ്ടിനെതിരായി ശബ്ദമുയർത്തുന്നവന്റെ അവസാനം കഴുമരത്തിന്മേലാണ്. എന്നാൽ നമ്മുടെ ഭാരതം കൈക്കൊണ്ടിട്ടുള്ള നയം വ്യക്തിസ്വാതന്ത്ര്യത്തെ അനുകൂലിക്കുന്ന ഒന്നാണ്. പൗരസ്വാതന്ത്ര്യം ഏററവും കൂടുതൽ അനുവദിച്ചിട്ടുള്ള ഒന്നാണ് കോൺഗ്രസിന്റെ നേതൃത്വത്തിൽ കരുപ്പിടിപ്പിച്ച് നടപ്പിലാക്കിയിട്ടുള്ള ഇൻഡ്യൻ ഭരണഘടന. ഇൻഡ്യൻ ഭരണഘടനയിൽ അനുവദിച്ചിട്ടുള്ള വ്യക്തിസ്വാതന്ത്ര്യങ്ങൾ ശരിയായി പ്രയോഗക്ഷമമാക്കുന്നതിനുവേണ്ടിയാണ് എക്സിക്യൂട്ടിവിനോട് ഒട്ടുംതന്നെ വിധേയമല്ലാത്ത ഒരു ജുഡിഷ്യറിയെ ഇൻഡ്യൻ ഭരണഘടന നമുക്കു തന്നിരിക്കുന്നത്. ഇൻഡ്യയിൽ നീതിന്യായവകുപ്പു തികച്ചും സ്വതന്ത്രമാണ്. ഈ സ്വതന്ത്രമായ ജുഡിഷ്യറിയുടെ ഏററവും പ്രധാനഘടകമാണ് ഇൻഡ്യയിലെ സുപ്രിംകോടതി. ആ സുപ്രിംകോടതിയാണ് ഈ അടുത്ത കാലത്തു ഈ സംസ്ഥാനത്തു കമ്മ്യൂണിസ്റ്റ് നേതാക്കന്മാരായ റി. വി. തോമസ് മുതലായവരെ ജയിലിൽനിന്നും വിട്ടയച്ചത്. ഗവമ്മെണ്ടിനെതിരായും പൊതുജനങ്ങൾക്കെതിരായും കൊള്ളയും കൊലയും കൊള്ളിവയ്പും നടത്തുവാൻ പ്രേരിപ്പിച്ച കമ്മ്യൂണിസ്റ്റുനേതാക്കന്മാരെപ്പോലും ചില സാങ്കേതികനിയമതടസ്സംവെച്ചുകൊണ്ട് ഇൻഡ്യൻ സുപ്രിംകോടതി വിട്ടയക്കുകയാണ്. ഇങ്ങനെ സ്വതന്ത്രമായ ഒരു ജുഡിഷ്യറി റഷ്യയിലില്ല. റഷ്യയിലെ ജഡ്ജിമാർ എക്സിക്യൂട്ടിവിന്റെ ആജ്ഞാനുവർത്തികൾ മാത്രമാണ്.

ഇങ്ങനെ ഇൻഡ്യൻ ഭരണഘടന ഉദാരമായി നൽകിയിരിക്കുന്ന പൗരസ്വാതന്ത്ര്യത്തെ ഭഞ്ജിച്ച് ഈ രാജ്യത്ത് രക്തപങ്കിലമായ വിപ്ലവമുണ്ടാക്കുന്നതിനാണ് കമ്മ്യൂണിസ്റ്റുകൾ വെപ്രാളം കാണിക്കുന്നത്. അവർ ഈ രാജ്യത്തു സമത്വസുന്ദരമായ ഒരു രാഷ്ട്രീയ സാമ്പത്തിക വ്യവസ്ഥിതി നടപ്പിലാക്കുവാൻ പോകുന്നു എന്നാണ് ആക്രോശിക്കുന്നത്. എന്നാൽ ഈ സമത്വസൗന്ദര്യം എന്തുതന്നെ ആയിരുന്നാലും ഇൻഡ്യൻ ഭരണഘടന അനുവദിക്കുന്ന രീതിയിൽ മാത്രമേ നാം അതിനായി പ്രവർത്തിക്കാവൂ. ഇൻഡ്യൻ ഭരണഘടനാനിയമം എഴുതിയുണ്ടാക്കുവാൻ ഏററവും കൂടുതൽ ബുദ്ധിമുട്ടിയിട്ടുള്ളത് ഒരു ഹരിജൻ നേതാവായ ഡോ. അംബദ്കരാണ്. ഇൻഡ്യയിലെ അധഃസ്ഥിതവർഗ്ഗക്കാരുടെ ഒരു അനിഷേദ്ധ്യനേതാവും അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു സദാ ജാഗരൂകനുമായ ഡോ. അംബദ്കർ ഈ രാജ്യത്തെ അധഃസ്ഥിതവർഗ്ഗങ്ങൾക്കുകൂടിയും ശ്രേയസ്കരമായ പുരോഗതി കൈവരുത്തത്തക്ക ഏർപ്പാടുകൾ എല്ലാം ഇൻഡ്യൻ ഭരണഘടനയിൽ കൊള്ളിച്ചിട്ടുണ്ട്. ഇൻഡ്യക്കു സർവ്വതോമുഖമായ ശ്രേയസ്സ് കൈവരുത്തുന്നതിനുവേണ്ടി അധഃസ്ഥിതവർഗ്ഗങ്ങളുടെ നേതാവ് എഴുതിയുണ്ടാക്കിയതും മഹാത്മാഗാന്ധി, പണ്ഡിററ്നെഹ്റു മുതലായ ദേശീയനേതാക്കന്മാർ അവരുടെ സകല ആശിസ്സുകളും നിർല്ലോഭം നൽകിയിട്ടുള്ളതുമായ ഒരു ഭരണഘടനാനിയമം നടപ്പിലാക്കിയിരിക്കുന്ന കോൺഗ്രസ് ഗവമ്മെണ്ടിനു കമ്മ്യൂണിസ്റ്റുകളുടെ ബാലിശവും കൃത്രിമവുമായ വാദകോലാഹലങ്ങൾ കാണുമ്പോൾ യാതൊരു കുലുക്കവുമില്ല. ഇൻഡ്യയുടെ അഭ്യുന്നതിക്കുവേണ്ടി സകലരും ഉത്തരവാദിത്വബോധത്തോടുകൂടി പെരുമാറിയാൽ നമ്മുടെ മാതൃഭൂമിക്കു ഏററവും ശോഭനമായ ഒരു ഭാവിയുണ്ട്. ഏതായാലും കമ്മ്യൂണിസ്റ്റ് പ്രചരണതട്ടിപ്പിൽ ഭാരതീയർ അകപ്പെടുവാൻ പോകുന്നില്ല. കമ്മ്യൂണിസ്റ്റുകളുടെ ഉദ്ദേശം ഇൻഡ്യയെ വിദേശശക്തികൾക്കു അടിയറവുവയ്ക്കുക എന്നതാകയാൽ ഇൻഡ്യൻ സ്വാതന്ത്ര്യം കാംക്ഷിക്കുന്ന ഒരുത്തരും ഈ വഴിപിഴച്ച പ്രസ്ഥാനത്തിന്റെ പുറകേ പോകുമെന്നു വ്യാമോഹിക്കേണ്ടതില്ലായെന്നു എന്റെ യുവസ്നേഹിതന്മാരെ ഉപദേശിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.



ജനറൽ ഫ്റാങ്കോ സ്പാനിഷ് അഭ്യന്തരസമരത്തിന്റെ 12-ാം വാർഷികത്തിൽ സൈന്യങ്ങളെ നിരീക്ഷണം ചെയ്യുന്നു.

## "രാജദ്രോഹി" വിശുദ്ധപദത്തിലേക്ക്

അർമാഗിലെ മെത്രാപ്പോലീത്തായും അയർലണ്ടിലെ പ്രൈമേററുമായിരുന്ന വാഴ്ത്തപ്പെട്ട ഓലിവർ പ്ലങ്കെയെ വിശുദ്ധനെന്നു നാമകരണം ചെയ്യേണ്ടതിനെപ്പററി ജൂലൈ 24 ാംനു സമ്മേളിച്ച വത്തിക്കാൻതിരുസംഘം കൂടിയാലോചന നടത്തിയിരിക്കുന്നു. ടൈബൂണിൽവച്ച് 1681-ൽ രക്തസാക്ഷിത്വം വരിച്ച ഓലിവർതിരുമേനി 1920-ലാണ് സിദ്ധനെന്നു പ്രഖ്യാപിക്കപ്പെട്ടതു്. അദ്ദേഹത്തിൽ രാജ്യദ്രോഹക്കുററമാരോപിച്ച് 1681-ൽ ലണ്ടനിലെ രാജകീയ കോടതിയിൽ അദ്ദേഹത്തെ വിസ്തരിക്കുകയും തദനന്തരം വധശിക്ഷയ്ക്കു വിധിക്കുകയുമാണുണ്ടായതു്.

# അർച്ചന

(വിദ്വാൻ ജോസഫ് പള്ളിപ്പാടൻ.)

മുദമൊടു സുന്ദരമന്ദാനിലനി-
ഞ്ഞെങ്ങുമണഞ്ഞിടവെ,
മധുമലരിൻ നവമധുരം പരിമള-
മെങ്ങുമുയർന്നിടവെ,
ഉദയദിനേശനമന്ദാനന്ദം
പൊൽപ്പൊടി വിതറിടവെ,
മധുനിറയും നവമലരണി മഞ്ജുള-
ഹസിതംതൂകിടവെ,
കളകളമോഹന ഗാനാമൃതമ-
ക്കിളികളൊഴുക്കിടവെ,
ലളിതമനോഹരപുണ്യപ്പൂമലർ-
മാലയണിഞ്ഞീടുവാൻ,
നിത്യവരാമൃതമനിതരമൻപിൽ-
ത്തെല്ലനുകന്നീടുവാൻ,
ഭക്തിനിറഞ്ഞൊരു ഹൃദയം പേറി-
പ്പാവനചിന്തയൊടെ
ആരാധനയുടരുന്നതിനാരാ-
ലാദരവോടിവരും
ദീപാലംകൃത ദിവ്യശ്രീകര-
വേദികതൻ മുൻപിൽ
ദീനദയാകര സന്നിധിതന്നിൽ-
സുമഗണമർച്ചനകൾ
വിനയാന്വിതമതു നിറവേററിസ്സൽ-
ക്കാന്തികലർന്നമനം

സ്വർണ്ണപണയം
കുറഞ്ഞപലിശ. കൂടുതൽ നിരക്കു
ബാങ്ക് ഓഫ്
കൊച്ചിൻ ക്ലിപ്തം
എറണാകുളം
മട്ടാഞ്ചേരി, ചാലക്കുടി, തൃശ്ശൂർ,
വില്ലിങ്ങ്ടൺ ഐലൻറ്

## വാഴ്ത്തപ്പെട്ട പത്താം പിയൂസ്

പരിശുദ്ധനായ ഈ പാപ്പാ ജീവിച്ചിരിക്കുമ്പോൾത്തന്നെ പല അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുള്ളതു പ്രസിദ്ധമാണല്ലോ. നിര്യാണത്തിനു നാലുകൊല്ലംമുമ്പു നടന്ന ഒരു സംഭവത്തെപ്പററി ഫാദർ മക്ഏവോയി എന്ന ഡോമ്നിക്കൻ വൈദികൻ രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത ഡോമ്നിക്കൻ അന്നു റോമിൽ വൈദികപഠനങ്ങൾ നടത്തിവരികയായിരുന്നു. അദ്ദേഹത്തിന്റെ സ്നേഹിതനായ മി. വുഡ് എന്നൊരു ഇംഗ്ലീഷ് പ്രൊട്ടസ്റ്റൻറുകാരൻ നിത്യനഗരത്തിൽ "റോം" എന്നൊരു ഇംഗ്ലീഷ് പത്രത്തിന്റെ ആധിപത്യം വഹിച്ചുവന്നു. വുഡിന്റെ ഭാര്യ കത്തോലിക്കാ മതാവലംബിയായിരുന്നു. ഒൻപതു വയസ്സുള്ള അവരുടെ ഏകപുത്രി അപസ്മാരരോഗം നിമിത്തം കൂടക്കൂടെ മോഹാലസ്യത്തിനു വിധേയയായതിനാൽ വുഡ് കുടുംബം സന്താപനിമഗ്നമായി ഭവിച്ചു. പത്താം പിയൂസിന്റെ സന്നിധിയിൽ ചെന്നാൽ ഇതിനൊരു പ്രതിവിധിയുണ്ടാകാതിരിക്കയില്ലെന്നായിരുന്നു ഭർത്താവിന്റെ പൂർണ്ണവിശ്വാസം. ഡോമ്നിക്കൻ ആശ്രമത്തിന്റെ പ്രിയോരിന്റെ സഹായത്താൽ മകളുടെ ജന്മദിനാഘോഷാവസരത്തിൽ മാർപ്പാപ്പായുമായി ഒരു സന്ദർശനത്തിനു അനുമതി നൽകപ്പെട്ടു. ഭർത്താവും ഭാര്യയും പുത്രിയും ഒന്നിച്ചു പരിശുദ്ധപിതാവിന്റെ സന്നിധാനത്തിലെത്തി വിവരങ്ങളെല്ലാം തിരുമനസ്സറിയിച്ചു. അവരുടെ വിശ്വാസംകണ്ടു സംതൃപ്തനായ തിരുമേനി കുട്ടിയുടെ ശിരസ്സിൽ കൈവച്ചു പ്രാർത്ഥിച്ചശേഷം പറഞ്ഞു: "പൊയ്ക്കൊള്ളുക ഇനി മോഹാലസ്യങ്ങളൊന്നും ഉണ്ടാകയില്ല." അതിൽപ്പിന്നെ അവൾക്ക് അപസ്മാരശല്യം ഉണ്ടായതുമില്ല. മി. വുഡ് ഡോമ്നിക്കൻ ആശ്രമപ്പള്ളിയിൽവച്ചു കാലവിളംബമെന്യേ കത്തോലിക്കാസഭയിലേക്കു സ്വീകരിക്കപ്പെട്ടു. അനന്തരം മാർപ്പാപ്പാ കാലംചെയ്യുന്നതുവരെ ആണ്ടുതോറും കുട്ടിയുടെ ജന്മദിനത്തിൽ അവർ വത്തിക്കാനിലെത്തി പരിശുദ്ധ പിതാവിനെ സന്ദർശിക്ക പതിവായിരുന്നു.

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

## വിദ്യാഭ്യാസാവകാശത്തിനുവേണ്ടി

സംസ്ഥാനമൊട്ടുക്ക് മതാഭ്യസനം നിരോധിക്കുന്ന മെക്സിക്കൻ ഗവമ്മെൻറിന്റെ ഭരണഘടനാവകുപ്പ് നിക്കംചെയ്യുവാനാവശ്യപ്പെട്ടുകൊണ്ട് മെക്സിക്കോയിലെ രക്ഷാകർത്താക്കളുടെ ദേശീയസംഘടനയുടേയും, വിദ്യാലയങ്ങളുടേയും കുടുംബങ്ങളുടേയും അവകാശസംരക്ഷണാർത്ഥമുള്ള കമ്മിററിയുടേയും ആഭിമുഖ്യത്തിൽ ഒരു രാജ്യവ്യാപകമായ ഹർജി തയാറാക്കി പ്രസിഡണ്ടിനു സമർപ്പിച്ചിരിക്കുന്നു. പ്രസിഡണ്ട് എയിൽമൻപോലും ഗവമ്മെൻറിന്റെ പ്രസ്തുത നിയമത്തിനെതിരായി തന്റെ രണ്ടു കുട്ടികളെ കത്തോലിക്കാവിദ്യാലയങ്ങളിലാണയക്കുന്നത്. ഐക്യരാഷ്ട്രസമിതി പ്രഖ്യാപനം ചെയ്തിട്ടുള്ള മനുഷ്യാവകാശങ്ങൾക്കുവേണ്ടി വാദിക്കുന്ന മെക്സിക്കൻ രക്ഷാകർത്താക്കളുടെ പ്രസ്തുത ഹർജിയെ രാജ്യത്തെ പ്രധാനനഗരങ്ങളിലുള്ള 22 ദിനപ്പത്രങ്ങളും 67 മററു പത്രങ്ങളും 145 റേഡിയോകേന്ദ്രങ്ങളും പിന്താങ്ങുന്നുണ്ട്. മെക്സിക്കൻ ഭരണഘടനയിലെ 3-ാം വകുപ്പാണ് വിദ്യാഭ്യാസകാര്യത്തിൽ രാഷ്ട്രത്തിനു സമ്പൂർണ്ണാധികാരം നൽകുന്നതും മതപഠനം നിരോധിക്കുന്നതും. അതിനാൽ പ്രതിഷേധകർ തങ്ങളുടെ അടയാളമായി സ്വീകരിച്ചിരിക്കുന്നതു 3 എന്ന അക്കവും അതിനെ വെട്ടിക്കൊണ്ടുള്ള ഒരു രേഖയുമാണ്.

## ടിറോനാട്ടിൽ

ഇംഗ്ലണ്ടിൽനിന്നും യൂഗൊസ്ലാവിയാ സന്ദർശിക്കുന്നതിനു പോയിരുന്ന വിവിധകക്ഷികളിൽപ്പെട്ട പാർലമെൻറ് സാമാജികന്മാർ മടങ്ങിയെത്തിയിരിക്കുന്നു. തൊഴിലാളി മെമ്പറായ മി. മെല്ലിഷും, യാഥാസ്ഥിതികനായ മി. ഫ്റെയിസറും, അവിടെ എത്തിയ ഉടനെ ബന്ധനസ്ഥനായ സ്റ്റെപ്പിനാക്ക് മെത്രാപ്പോലീത്തായെ സന്ദർശിക്കുന്നതിനു അനുമതിക്കപേക്ഷിച്ചു. ആലോചിക്കാമെന്നു മറുപടികിട്ടി. കുറേക്കഴിഞ്ഞു നിവൃത്തിയില്ലെന്നും അറിയിച്ചു. അതിനുള്ള കാരണവും പ്രസ്താവിക്കാതിരുന്നില്ല. കുറേമുമ്പ് ഒരു അമേരിക്കൻ പത്രലേഖകനു മെത്രാപ്പോലീത്തായെ സന്ദർശിപ്പാൻ അനുമതി നൽകി. അദ്ദേഹത്തിന്റെ റിപ്പോർട്ടുകൾ നിമിത്തം ഭരണകൂടത്തെപ്പററി പല തെററിദ്ധാരണകൾ പരക്കാൻ ഇടയായത്രെ. യൂഗൊസ്ലാവിയായിൽ ജനങ്ങളുടെ വിശ്വാസവും ദൈവഭക്തിയും വർദ്ധിച്ചുകൊണ്ടിരിക്കുന്നതായും, ഗവമ്മെൻറിനോടുള്ള പ്രതിഷേധത്തിന്റെ ലക്ഷ്യമെന്നോണം, പബ്ലിക്കു തെരുവുകളിലുള്ള കപ്പേളകളുടെ മുമ്പാകെപ്പോലും ആളുകൾ കൂട്ടംകൂടിനിന്നു പ്രാർത്ഥിച്ചുവരുന്നതു കണ്ടതായും മി. മെല്ലിഷ് പത്രപ്രതിനിധികളോട് പ്രസ്താവിച്ചു.

## കത്തോലിക്കാ മന്ത്രിമാർ

ആററ്ലിയുടെ ബ്രിട്ടീഷ് കാബിനററിൽ ഇപ്പോൾ രണ്ടു കത്തോലിക്കാ മന്ത്രിമാരുണ്ടെന്നുള്ളതു അഭൂതപൂർവ്വമായ ഒരു സംഭവമാണ്. പേർഷ്യയിൽ എണ്ണത്തർക്കത്തിന്റെ മദ്ധ്യസ്ഥനായി വന്നിരുന്ന റിച്ചാർഡ് സ്റ്റോക്ക്സ് മന്ത്രിസഭയിൽ പ്രവേശിച്ചിട്ടു അധികനാളായിട്ടില്ല. ഇക്കഴിഞ്ഞമാസത്തിൽ പാക്കെൻഹാം പ്രഭുവും മന്ത്രിപദത്തിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്നു. ഇരുവരും ഉത്തമകത്തോലിക്കരെന്നു പേരുകേട്ടവരാണ്. തന്റെ കത്തോലിക്കത്വം എവിടേയും പ്രഖ്യാപിക്കുന്നതിനു മി. സ്റ്റോക്ക്സ് അശേഷം ശങ്കിക്കുന്നില്ല. "വത്തിക്കാൻ ഏജൻറ്" എന്നാണ് കമ്മ്യൂണിസ്റ്റ് പത്രങ്ങൾ അദ്ദേഹത്തിനു പേരുനൽകിയിരിക്കുന്നത്. ലോർഡ് പാക്കൻഹാം 1940-ലാണ് കത്തോലിക്കാസഭയിൽ പ്രവേശിച്ചതു്. ജർമ്മനിയിലെ ബ്രിട്ടീഷധീനപ്രദേശങ്ങളുടെ ഭരണവിഷയത്തിൽ അദ്ദേഹം പേരെടുക്കാനിടയായി. 1941-മുതൽ 44-വരെ കൊണ്ടു തയാറാക്കിയ സുപ്രസിദ്ധ ബിവെറിഡ്ജു റിപ്പോർട്ടിന്റെ നിർമ്മാണത്തിലും ഇദ്ദേഹം ഒരു പ്രധാനപങ്കെടുത്തിട്ടുണ്ട്.

# ചെറുകഥ

## സമാധാനം!

(കമ്പളങ്ങി)

"വർഗ്ഗീയമൂരാച്ചികൾ, ഭാരതത്തിലെ സമാധാനപ്രസ്ഥാനത്തിന്റെ അഭിവന്ദ്യനേതാവായ ഡോ—വിന്റെ പ്രസംഗം കൂർക്കുവിളിച്ചു അലങ്കോലപ്പെടുത്തുവാൻ ശ്രമിച്ചു. എറണാകുളം സ്പ. ലേ." അന്നു റിപ്പോർട്ടു ചെയ്തിരുന്ന പ്രധാനവാർത്തകളിൽ ഒന്നായിരുന്നു അതു്. പലർക്കും അതിൽ ആക്ഷേപം ഉണ്ടായിരുന്നു. പലരും നിശിതമായി ആ "മൂരാച്ചികളെ" വിമർശിച്ചു. പലരുടേയും പ്രതിഷേധം "അമർഷം" "അട്ടഹാസം" "മുദ്രാവാക്യം" ഇങ്ങനെ പലതായി പരിണമിച്ചു. ഇതു് കേൾക്കുവാനും, കാണുവാനും ഇടവന്നതിൽ എനിക്കു് അടക്കുവാൻ ആകാത്ത ചിരിയാണുവന്നതു്.

* * *

സമാധാനം—അതു് മാധുര്യം ആണെന്നു് എനിക്കു് തോന്നാറുണ്ടു്. അതിന്റെ മധുരിമ ആസ്വദിച്ചു് ആനന്ദിക്കുവാനുള്ള ഒരു അവസരം, കുറച്ചുനേരത്തേക്കെങ്കിലും കിട്ടിയിരുന്നെങ്കിൽ എന്നു് ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കാറുണ്ടു്.

സമാധാനം, അതിനു വേണ്ടി ലോകം മുറവിളികൂട്ടുകയാണു്. ആ വാക്കു് എവിടെ കേൾക്കുന്നുവോ ജനശ്രദ്ധ ഉടനെ അങ്ങോട്ടു ത്വരിതഗമനം ചെയ്യുകയായി. എന്താ അതൊരു കിട്ടാത്ത വിശിഷ്ടവസ്തുവാണെന്നതോന്നും ജനങ്ങളുടെ വെമ്പൽ കണ്ടാൽ. പ്രസംഗമണ്ഡപത്തിൽ അതൊരു മുഖ്യവിഷയമായിത്തിന്നിരിക്കുന്നു. അതിന്റെ അഭാവത്തിൽ ഭീകരങ്ങളായ, ദാരുണങ്ങളായ, പലതും അവരുടെതു മാത്രമായ കാലത്തുതന്നെ അവർ അനുഭവിച്ചുകഴിഞ്ഞു. ആറ്റംബോമ്പിന്റെ ഭീകരധ്വനി ഇനിയും അവരുടെ ശ്രവണേന്ദ്രിയങ്ങളിൽനിന്നും മാറിയിട്ടില്ല. യുദ്ധം അവസാനിപ്പിക്കുവാൻവേണ്ടി പൊരുതി മരിച്ച പടയാളികളെപ്രതി വാവിട്ടു കരഞ്ഞ മാതാവിന്റെയും ഭാര്യയുടെയും മക്കളുടെയും ദീനസ്വരം ആകാശത്തിൽ ഇനിയും അലതല്ലിക്കൊണ്ടിരിക്കുന്നു. എങ്കിലും സമാധാനത്തിന്റെ പേരിൽത്തന്നെ കൊലയും കൊള്ളയും വീണ്ടും നടക്കുകയാണു്. അതിനുവേണ്ടിത്തന്നെ—അങ്ങനെയാണു് അവർ പറയുന്നതു്—രാജ്യസേവകന്മാരേയും, സ്വന്തം സഹോദരന്മാരേയും വധിച്ചുകൊണ്ടു്, ആ ചുടുനിണത്തിൽത്തന്നെ ഉല്ലേഖനം ചെയ്യുന്നു "സമാധാനം." അങ്ങനെ മനുഷ്യരക്തത്തിൽ മോടിപിടിപ്പിച്ച "രക്തമാല്യവും" അണിഞ്ഞുകൊണ്ടു സമാധാനത്തിന്റെ പേരിൽത്തന്നെ വിജയഘോഷയാത്ര നടത്തുന്നു. ഒരു ഘോഷയാത്ര വീക്ഷിച്ചുകൊണ്ടിരുന്ന ഒരു പിച്ചക്കാരി പറയുകയാണു്: "നോക്കു! ദുഷ്ടൻ പോകുന്നു. ഇനിയും എത്രതള്ളമാരെ എന്നെപ്പോലെ മക്കളില്ലാത്ത പിച്ചക്കാരിത്തള്ളമാരാക്കുകയില്ല. നേതാവു്...." ആ തള്ളയ്ക്കു് പിന്നേയും പല കഥകളും പറയുവാനുണ്ടായിരുന്നു. എന്നാൽ ആ നേതാവിന്റെ കിങ്കരന്മാർ ആ വയസ്സിയെ പാട്ടിലാക്കിക്കഴിഞ്ഞിരുന്നു.

ഞാൻ അതു കണ്ടുപോയി. എനിക്കു തോന്നി, പുരോഗമന സാഹിത്യകാരന്റെ പ്രേമംപോലെ പേരു കേട്ടാൽ പേടിയാകുന്ന വല്ല ഭയാനകവസ്തുവുമാണോ ഈ സമാധാനവും എന്നു്. ഇല്ല സന്മനസ്സുള്ളവർക്കു് ഇനിയും എന്നും സമാധാനപ്രതിജ്ഞയുണ്ടു്.

അന്നും നേരംവെളുത്തു. പ്രഭാതത്തിന്റെ അപാരംവിളിച്ചുകൊണ്ടു കാക്കകൾ പാഞ്ഞുപോയി. ചിന്താഭാരത്താൽ ഒട്ടിപ്പിടിച്ച കൺപോളകൾ തുറക്കുവാൻ ഏറെ പണിപ്പെടേണ്ടിവന്നു. പ്രകൃതിയുടെ പാടവം അവ്യക്തമായ ആകാശത്തിൽ ചില സുന്ദരചിത്രങ്ങൾ നിർമ്മിച്ചു. അങ്ങു് കിഴക്കു് സമാധാനത്തിന്റെ വെള്ളത്തിരശ്ശീല കാണാറായി. ഞാൻ മനം കുളിക്കെ നോക്കിനിന്നു. എന്തു്? അതുതന്നെയോ? രക്തകിരണങ്ങൾ പിന്നെയും ആ തിരശ്ശീലയെ മലിനമാക്കുന്നുവെന്നോ? എന്റെ ഹൃദയം പൂർവ്വവൽ വേദനിക്കുവാൻ തുടങ്ങി. ഞാൻ തിരിഞ്ഞു നടകൊണ്ടപ്പോൾ ആരോ പറയുകയാണു് അല്ല, എനിക്കുതോന്നുകയാണു് "ഭയപ്പെടേണ്ട, നീ അന്വേഷിക്കുന്നതു് നിനക്കു് കിട്ടുകതന്നെചെയ്യും, അതിന്റെ വില നീ കൊടുക്കുവാൻ തയ്യാറാണെങ്കിൽ. അതു നിന്റെ "രക്തം" ആണു്. അന്യന്റേതിനെ തേടിവലയാതെ നിനക്കുള്ളതു് നീ കൊടുക്കുമോ? രണ്ടായിരംകൊല്ലക്കാലം അതിനെ കാത്തുസൂക്ഷിച്ചതും രക്തസാക്ഷികളുടെ രക്തം മാത്രമാണെന്നു് നീ മറക്കരുതു്. അവർ വിശുദ്ധരാണു്.

എങ്കിലും ഒരു അസ്വസ്ഥത എന്നെ തലോടിക്കൊണ്ടേയിരുന്നു. ഒരു ചിന്താകുഴപ്പം. ഇതിനകം രക്തകിരണങ്ങൾ ശുഭ്രകിരണങ്ങളായി മാറിക്കഴിഞ്ഞിരുന്നു. ഉച്ചഭാഷിണിയിലൂടെ ആരോ വിളിച്ചുപറയുന്ന ശബ്ദം ആണു് ആ സ്വപ്നചിന്തയിൽനിന്നും എന്നെ ഉണർത്തിയതു്.

"ഭാരതത്തിലെ സമാധാനപ്രസ്ഥാനത്തിന്റെ അഭിവന്ദ്യനേതാവു് ഡോ— ഇന്നു വൈകുന്നേരം എറണാകുളത്തു് പ്രസംഗിക്കുന്നതാണു്. സമാധാനപ്രിയരായ മഹാജനങ്ങളേ, അദ്ദേഹത്തിന്റെ ദിവ്യസന്ദേശം കേൾക്കുവാൻ തടിച്ചുകൂടുവിൻ."

"ഹാവൂ!" ഞാൻ ഒരു നെടുനിശ്വാസം വിട്ടു. ഇനിയും സമാധാനത്തിനു് പ്രായോഗികമാർഗ്ഗങ്ങൾ ഉണ്ടു്. അതു് ഉപദേശിക്കുവാൻ നേതാക്കന്മാരും. തെല്ലൊരു ആശ്വാസമായി.

അന്നു് ഓരോ മണിക്കൂറും എങ്ങനെയോ വെച്ചു ഓരോ നിമിഷവും സമാധാനത്തിനുവേണ്ടി വെമ്പൽകൊള്ളുന്ന അനിശ്ചിതനിമിഷങ്ങളായി കഴിഞ്ഞുകൂടി. അങ്ങനെ മണി നാലടിച്ചുകഴിയുന്നതിനുമുമ്പുതന്നെ ഞാൻ പുറപ്പെട്ടുകഴിഞ്ഞിരുന്നു. അസാധാരണമായ തിടുക്കത്തോടെ നടന്നുകൊണ്ടിരുന്ന എന്നോടു് ഒരു സ്നേഹിതൻ ചോദിച്ചു:

"എന്താ ഇത്ര തിടുക്കം, എങ്ങോട്ടാണു് ഇന്നു് പുറപ്പാടു്?"

"എറണാകുളത്തേക്കു്."

"എന്താ വിശേഷം?"

"പ്രസംഗം കേൾക്കുവാൻ. സമാധാനത്തിനു്."

"പാവം." ഒരുവന്റെ സഹാനുഭൂതി അങ്ങനെ പ്രത്യക്ഷമായി.

"ഞങ്ങളും പോകുന്നുണ്ടു്. ഒന്നിച്ചു പോകാമല്ലോ."

അതു് എനിക്കു് ഏറ്റം പ്രിയംകരമായിരുന്നു. ഒരേ ഉദ്ദേശത്തോടുകൂടി—അതും മഹനീയമായ—കൂട്ടുകാരോടുകൂടി യാത്രചെയ്യുവാൻ. "നിഷ്കളങ്കതയുടെ മാടപ്പിറാവുകൾ, സമാധാനത്തിന്റെ മധുരഫലം അനുഭവിക്കുവാൻ പോകുന്നു എന്നു് എനിക്കു തോന്നി.

"അതു് എങ്ങനെ സാദ്ധ്യമാകും, ചേട്ടാ!" ഞങ്ങളിൽ ഒരുവനു് വലിയൊരു സംശയം.

"ഏതു്?" സർവ്വജ്ഞാനി എന്നു നടിക്കാറുള്ള ഒരു യുവാവു് ചോദിച്ചു.

"സമാധാനം." അതുതന്നെ ആയിരുന്നു അദ്ദേഹത്തിന്റെയും വിഷയം. സകലരുടെയും ശ്രദ്ധ ആ സംസാരത്തിലേക്കു മാത്രമായി തിരിഞ്ഞു. അദ്ദേഹം തുടർന്നുപറഞ്ഞു:

"അതെ, സമാധാനം. സാർവ്വത്രികമായ ത്യാഗബുദ്ധി. അതുതന്നെയായിരിക്കണം ഡോ — പറയുവാൻപോകുന്നതു്. വിശ്വസാഹോദര്യത്തിനു് ഉപാധിയായി ക്രിസ്തു പ്രയോഗത്തിൽ വിജയമാണെന്നു കാണിച്ചു് ഉപദേശിച്ചു, രാഷ്ട്രീയ ജീവിതത്തിൽക്കൂടി മഹാത്മാഗാന്ധി പരിസാധിച്ചുനോക്കിയ അഹിംസ, അതുതന്നെയായിരിക്കണം അദ്ദേഹവും സമാധാനത്തിനു് ഉപാധിയായി നിർദ്ദേശിക്കുവാൻപോകുന്നതു്."


"മായൻ." വികാരവിവശനായ സഹോദരൻ പറഞ്ഞു. "അഹിംസ! അഹിംസപോലും!! അതു മൂഢസ്വർഗ്ഗത്തിൽ ജീവിക്കുന്നവരുടെ തത്വജ്ഞാനമല്ലേ? അതു മുതലാളിമാരുടെ ഒരു ചൂഷണായുധമല്ലേ? അതൊന്നുമല്ലാ സമാധാനപ്രസ്ഥാനത്തിന്റെ ആയുധം."

"ഓ! അതിലും വിശിഷ്ടമായ ആയുധം. അതെന്താണു ചേട്ടാ?"

"അതോ? അതുപറയാം. തൊഴിലാളിവർഗ്ഗത്തിന്റെ ഏകാധിപത്യം എന്നു് ലോകത്തിൽ ആകമാനം സ്ഥാപിതമാകുന്നുവോ അന്നുമാത്രമേ ലോകസമാധാനം കൈവരികയുള്ളൂ. അഹിംസപോലും! അതു മൂഢന്മാരെ മൂഢന്മാരാക്കിത്തീർക്കുവാനുള്ള ഒരു ഉപാധിയല്ലേ. ആ വാക്കു ജനങ്ങൾ മറക്കണം."

"അതിനു് എന്റെ ഒരു വൺസ്മോർ കൂടി" ഒരുവൻ അതിനെ പിൻതാങ്ങി.

"അതിനുള്ള മാർഗ്ഗം?" അദ്ദേഹത്തിനു് അതറിയണം.



ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

വി. എം. മത്തായി, മേരിലാൻറു

"അതുപറയാം" ആ സഖാവു തുടർന്നു. "ആദ്യമായി വിപ്ലവത്തിന്റെ സമാധാനസന്ദേശത്തിന്റെ ആവേശത്തോടെ ലോകത്തിലെ സകല തൊഴിലാളികളും റഷ്യാധിപതി സ: സ്റ്റാലിന്റെ കീഴിൽ അണിനിരക്കണം. അതിനു് പ്രതിബന്ധമായി നില്ക്കുന്ന സകലരും "രക്തത്തിനുവേണ്ടി വെമ്പൽകൊള്ളുന്ന അ രി വാ ളി നു്" ഇ ര യാ ക ണം. അങ്ങനെ തൊഴിലാളികളുടേതു മാത്രമായ രാജ്യത്തു്, അവരുടേതു മാത്രമായ സമാധാനം. അതുമാത്രമേ സാക്ഷാൽ സമാധാനമാകയുള്ളൂ."

"അപ്പോൾകുറച്ചുമനുഷ്യരെ കൊന്നിട്ടുവേണോ സമാധാനം പുലർത്തുവാൻ."

"അതിൽ ഇത്ര സംശയമോ? മുതലാളിവർഗ്ഗത്തിന്റേയും, അവരുടെ കിങ്കരന്മാരുടേയും രക്തത്തിൽ അതു രൂപംകൊള്ളണം. ഹ! ഹ!! ഹ!!!"

"അയ്യോ!" കൂട്ടത്തിൽ മറെറാരുവൻ കരഞ്ഞുപോയി, സഖാവിന്റെ രക്തദാഹത്തിൽ.

സഖാവു തുടർന്നു: "അതു്, ഒരുപക്ഷെ അത്രപെട്ടെന്നു് സാധിച്ചെന്നുവരില്ല. അതിന്റെ പ്രഥമപടിയായി സന്മാർഗ്ഗം, നീതി, സത്യം, അഹിംസ എന്നൊക്കെ പറഞ്ഞു് ജനങ്ങളുടെ സമരസക്തി നശിപ്പിക്കുന്ന ഒരു കൂട്ടം ഏഴാംകൂലി സാഹിത്യകാരന്മാരുണ്ടു്. അവരുടെ "മരണമണി മുഴക്കം ലോകമാകവെ" മുഴങ്ങണം. ആ വഞ്ചകരുടെ രക്തത്താൽ കഴുകിയ ഈ റോട്ടിലൂടെ ഞങ്ങളുടെ വിജയഘോഷയാത്ര മുന്നേറുമ്പോൾ ആ വഞ്ചകരുടെ ഉടലിൽനിന്നെടുത്ത തലയിലെ വിളറിയ കണ്ണുകൾ നിസ്സഹായതയെ പ്രഖ്യാപനംചെയ്യുന്നതു് ലോകർ അറിയണം."

സഖാവിനു് പേറെയും പലതും പറയുവാനുണ്ടായിരുന്നു. എന്നാൽ ഞങ്ങൾ ഇതിനകം യോഗസ്ഥലത്തു് എത്തിയിരുന്നു. പരിസരം മുഴുവനും രക്തപതാകകളാൽ വിഭൂഷിതമായിരുന്നു. ആകാശം ഭേദിക്കുമാറു് മുദ്രാവാക്യങ്ങൾ മുഴങ്ങി.

"സമാധാനം—സിന്ദാബാദ്"

"വർഗ്ഗീയമൂരാച്ചികളെ— ഒറ്റതിരിക്കണം"

"വർഗ്ഗീയസാഹിത്യം—കത്തിക്കണം"

"സമാധാനം—സിന്ദാബാദ്"

"കമ്മ്യൂണിസ്റ്റ്പാർട്ടി— സിന്ദാബാദ്"

യോഗം തുടങ്ങുവാൻ സമയമായി. ഉടനെ കുറെ സഖാക്കൾ കുറെ കടലാസുമായി പുറത്തേക്കിറങ്ങി "അതു വായിച്ചുനോക്കി, ലോകസമാധാനപ്രസ്ഥാനത്തിനു് നിങ്ങളുടെ പിൻതുണ നൽകുവാൻ, അതിൽ ഒപ്പുവച്ചു, തിരിച്ചുകൊടുക്കുവിൻ" എന്ന നിർദ്ദേശത്തോടെ അതു യോഗാംഗങ്ങളുടെ ഇടയിൽ വിതരണംചെയ്തു. ഒന്നു എനിക്കുംകിട്ടി. കുറച്ചുസമയം കഴിഞ്ഞപ്പോൾ വാളണ്ടിയർ സംഘം ആ സമാധാനകായിതങ്ങൾ ശേഖരിക്കുവാൻ തുടങ്ങി. ഒരുവൻ എന്റെ അടുത്തുവന്നു. എനിക്കുകിട്ടിയ ആ കായിതം ഞാൻ അതുപ്രകാരം തന്നെ തിരിച്ചുകൊടുത്തു.

"ഇതിൽ ഒപ്പുവയ്ക്കണം സാർ." എന്റെ അടുത്തുവന്ന സഖാവു് വീണ്ടും നിർദ്ദേശിച്ചു.

സഖാവു ചില പ്രത്യേക ആംഗ്യംകാണിച്ചു. ഉടനെ കുറെപ്പേർ എന്നെ വളഞ്ഞു.

"അപ്പോൾ, ഇതിൽ ഒപ്പുവയ്ക്കുകയില്ലേ?" സഖാവു വീണ്ടും ചോദിച്ചു.

യാതൊരു ഭാവഭേദവുംകൂടാതെതന്നെ ഞാൻ മറുപടിപറഞ്ഞു "ഇല്ല".

"തനിക്കു സമാധാനം ആവശ്യമില്ലേ?' ആ കടലാസിലൂടെ അതു അപ്പോൾത്തന്നെ കരഗതമാകുമെന്ന ഭാവത്തോടെയാണു് ചോദിച്ചതു്.

ഞാൻ പറഞ്ഞു: "തീർച്ചയായും എനിക്കതു കൂടിയേകഴിയൂ."

"എന്നാൽപിന്നെ എന്തുകൊണ്ടു് ഒപ്പുവയ്ക്കുന്നില്ല?"

"ഈ കടലാസുസമാധാനത്തിൽ എനിക്കു വിശ്വാസമില്ലം സ്നേഹിതാ."

"എന്തു്?" ആ ചോദ്യം കുറെ രൂക്ഷമായിരുന്നു.

വികാരവിവശനായി ഞാൻ പറഞ്ഞുപോയി: "ഈ കടലാസുസമാധാനത്തിന്റെ പിന്നിൽ രക്തദാഹിയായ വാൾവിശലിന്റെ മുഴക്കം കേൾക്കുന്നില്ലേ? ഈ സമാധാനപ്രസ്ഥാനത്തിന്റെ പിന്നിൽ സമരാസന്നരായ ഒരുകൂട്ടം ഉന്മത്തന്മാരുടെ സമരഗാനം കേൾക്കുന്നില്ലേ? ഈ സമാധാനത്തിന്റെ പിന്നിൽ പലവട്ടം തകർന്നു തരിപ്പണമായ ആ ഏകാധിപത്യത്തിലേക്കുള്ള കുതിരപ്പാച്ചിലിന്റെ കുളമ്പടി കേൾക്കുന്നില്ലേ?"

അതോടെ എന്റെ ചുററും കൂടിയിരുന്നവർ ഒന്നിച്ചു കൂക്കുവിളിച്ചു. ഞാൻ വിഷണ്ണനായില്ല. സമാധാനത്തിന്റെ പേരിൽ സമരഗാനം ആലപിക്കുന്നവർ ഇതും ഇതിലപ്പുറവും ചെയ്യുന്നതിൽ അത്ഭുതമുണ്ടോ? ഞാൻ അവിടെനിന്നും മാറുവാൻശ്രമിച്ചു. ആ ശ്രമം കൂടുതൽ ആരവമാണു് ഉളവാക്കിയതു്.

ഒരുവിധത്തിൽ "തടിതപ്പി" പുറത്തിറങ്ങിയപ്പോൾ തണുത്തകാററു് എന്നെ സ്വാഗതംചെയ്തു. ഏകനായി നടകൊണ്ടപ്പോൾ എന്റെ ഹൃദയത്തിൽ ആ ദിവ്യസന്ദേശഗാനം ഉയർന്നു: "ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം."

* * *

ഇന്നത്തെ വിചിത്രമായ പത്രവാർത്ത എന്നെ ചിരിപ്പിക്കുന്നു.

## ഏജൻറുമാരുടെ ശ്രദ്ധയ്ക്കു്

പത്രം പ്രസിദ്ധപ്പെടുത്തുന്നതിനു് ഒരാഴ്ച മുമ്പു മുതൽ പത്രത്തിന്റെ ആദ്യപേജുകളുടെ അച്ചടി തുടങ്ങുന്നതുകൊണ്ടു കൂടുതൽ പത്രം വേണ്ടവർ വിവരം ഒരാഴ്ച മുമ്പായി ആപ്പീസിൽ അറിയിക്കേണ്ടതാണു്. പത്രം യഥാസമയം അയച്ചുകിട്ടുന്നതിനു് പത്രവില എപ്പോഴും മുൻകൂറായി അടച്ചിരിക്കണമെന്നുള്ള കാര്യം പ്രത്യേകം ഓർപ്പിക്കണമെന്നില്ലല്ലോ. പത്രസംബന്ധിച്ചുള്ള എല്ലാ എഴുത്തുകുത്തുകളിലും മണി ഓർഡറിലും അവരവരുടെ പേരോടൊന്നിച്ചുള്ള നമ്പ്രുകൂടി കാണിച്ചിരിക്കേണ്ടതാണു്. (റജിസ്റ്റർ നമ്പ്രു് C. 101 അല്ല.)

മാനേജർ, സത്യദീപം

# Sathya Deepam

Vol. 25 Ernakulam September 5, 1951 No. 4


ഫാത്തിമാബാലസമിതി

## ഗൃഹപാഠം

പ്രിയ കുട്ടികളേ,

ഇന്നു പുതിയ പാഠം എടുക്കുന്നതിനു മുൻപായി ഗൃഹപാഠം പരിശോധിക്കാം. രണ്ടുദിവസത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരം നോക്കാനുണ്ടു്. ഉത്തരം എഴുതാത്തവർ എഴുന്നേൽക്കുവിൻ ... ഇരുപതോളം കുട്ടികൾ എഴുതിയിട്ടില്ല. സിററ് ഡൗൺ. ആദ്യത്തെ ചോദ്യത്തി ... "ഞാൻ വായിക്കാം.... ഞാൻ വായിക്കാം." "വേണ്ട, വേണ്ട, ഞാൻ പറയുന്ന ആൾ വായിച്ചാൽ മതി.... പോൾ വായിക്കുക."

"ചുങ്കക്കാർ ചുങ്കം പിരിക്കുന്നവരാണു്."

"ജോസഫ്!"

"ചുങ്കക്കാർ പ്രീശന്മാരുടെ ദേവാലയത്തിൽ പ്രാർത്ഥിച്ചവരാണു്."

"മേരി!"

"ചുങ്കക്കാരൻ ഈശോയുടെ ശിഷ്യനായ മത്തായി ആകുന്നു."

"അച്ചാമ്മ!"

"ഈശോയുടെ സ്നേഹിതന്മാരായിരുന്നു ചുങ്കക്കാർ."

"മതി, മതി, എല്ലാവരും എഴുതിയിരിക്കുന്നതു ശരിതന്നെ. എന്നാൽ ആരുടേതും പൂർണ്ണമായില്ല. ഞാൻ നിറുത്തി പറഞ്ഞുതരാം. എല്ലാവരും എഴുതിയെടുത്തുകൊള്ളണം. അവരെപ്പററി കുറിപ്പെഴുതാൻ അടുത്ത പൊതുപരീക്ഷയ്ക്കു ചോദിച്ചേക്കാം.

"യൂദയാരാജ്യം റോമാചക്രവർത്തിമാർ പിടിച്ചടക്കി, റോമാസാമ്രാജ്യത്തിൻെറ ഒരുഭാഗമാക്കി. അവിടെനിന്നും കരം പിരിക്കുന്നതിനു് ഉദ്യോഗസ്ഥന്മാരെ നിയമിച്ചു. പ്രധാനോദ്യോഗസ്ഥന്മാർ റോമാക്കാർതന്നെയായിരുന്നു. ഭൂമി, വാഹനങ്ങൾ, ചില സാധനങ്ങൾ, ആളുകൾ— ഇവയ്ക്കൊക്കെ നികുതികൊടുക്കേണ്ടിയിരുന്നു. വലിയ ഉദ്യോഗസ്ഥന്മാർക്കു് എല്ലാ കരങ്ങളും പിരിച്ചെടുക്കുന്നതിനു വിഷമമായി തോന്നുകയാൽ ചില ഇനങ്ങൾ പിരിച്ചെടുക്കുന്നതിനുള്ള അവകാശം ലേലംചെയ്തു വിററു. ലേലക്കാർ ലേലസംഖ്യ ഗവൺമെൻറിനു കൊടുക്കണം. കൂടുതൽ ഉണ്ടാകുന്ന വരവു് അവരെടുക്കുകയും ചെയ്യാം. ആ ലേലക്കാരെയാണു് നാം ചുങ്കക്കാർ എന്നു വിളിക്കുന്നതു്. ഇംഗ്ലീഷിൽ, Publicans. അവരിൽ ചിലർ യൂദന്മാരും ചിലർ വിദേശീയരും ആയിരുന്നു. രണ്ടുകൂട്ടരും വിദേശീയഭരണത്തെ സഹായിക്കുന്നവരായിരുന്നതിനാലും അക്രമങ്ങൾ പ്രവർത്തിച്ചിരുന്നതുകൊണ്ടും സ്വരാജ്യസ്നേഹികളായ യൂദന്മാർ അവരെ വെറുത്തുപോന്നു. മതതീക്ഷ്ണരായ യൂദന്മാർ യൂദന്മാരായ കരംപിരിവുകാരെ കുലദ്രോഹികളും പരസ്യപാപികളുമായി എണ്ണി, പുറജാതികളെപ്പോലെ അവരെ പരിഗണിച്ചു. ചുങ്കക്കാരിൽ ചുരുക്കംചിലർമാത്രം അക്രമികൾ ആയിരുന്നില്ല. മിക്കവരുംതന്നെ യോഹന്നാൻെറയും ഈശോയുടെയും പ്രസംഗത്താൽ മനസ്സുതിരിഞ്ഞു് നല്ലനടത്തക്കാരായി."

"ശീവാ, അടുത്തചോദ്യത്തിനുത്തരം?"

"യോഹന്നാൻെറ മാമോദീസായും ക്രിസ്തീയ മാമോദീസായും തമ്മിൽ വളരെ വ്യത്യാസമുണ്ടു്. ക്രിസ്തീയ ജ്ഞാനസ്നാനം ഒരു കൂദാശയായിരിക്കയിൽ യോഹന്നാൻേറതു് അങ്ങനെയല്ല. യോഹന്നാൻ നൽകിയിരുന്ന ജ്ഞാനസ്നാനം മനുഷ്യഹൃദയങ്ങളിൽ അനുതാപാത്രപി ജനിപ്പിക്കുവാനും യഥാർത്ഥകൂദാശയായ ഈശോയുടെ ജ്ഞാനസ്നാനത്തിനു മനുഷ്യരെ ഒരുക്കുവാനുംമാത്രം പര്യാപ്തമായിരുന്നു. ഈ വ്യത്യാസത്തെ യോഹന്നാൻതന്നെയും വിശദമാക്കിയിട്ടുണ്ടു്. 'ഞാൻ നിങ്ങളെ മാനസാന്തരീകരണാർത്ഥം വെള്ളത്തിൽ ജ്ഞാനസ്നാപനം ചെയ്യുന്നേയുള്ളു. എന്നാൽ എൻെറ പിന്നാലെ വരുന്നവൻ എന്നെക്കാൾ ബലവാനാകുന്നു ... അയാൾ നിങ്ങളെ പരിശുദ്ധാത്മാവിലും അഗ്നിയിലും ജ്ഞാനസ്നാപനം ചെയ്യും.' മത്തായി 3—11. ആകയാൽ യോഹന്നാൻെറ ജ്ഞാനസ്നാനത്തിനും ക്രിസ്തീയജ്ഞാനസ്നാനത്തിനും തമ്മിൽ വളരെ അന്തരമുണ്ടു്."

"സിററ് ഡൗൺ. ഉത്തരം വളരെ നന്നായിരിക്കുന്നു. ഇതു സ്വന്തമായി എഴുതിയതാണോ, ആരോടെങ്കിലും ചോദിച്ചെഴുതിയതാണോ?"

"വേദപ്രകാശം എന്ന പുസ്തകത്തിൽ നോക്കി എഴുതിയതാണച്ചാ."

"കൊള്ളാം, കൊള്ളാം. ഗൃഹപാഠം തരുന്നതു് നിങ്ങളുടെ ഓർമ്മയെ ഒന്നു പരിശോധിക്കാനാണു്. വീട്ടിൽ ചെന്നാലും പാഠകാര്യം തീരെ മറന്നുപോകാതിരിക്കാനാണു്. ചില ചോദ്യങ്ങൾക്കു ശരിയായ, പൂർണ്ണമായ ഉത്തരം നിങ്ങൾക്കറിയാൻ പാടില്ലായിരിക്കും. അതു കൊച്ചച്ചൻ ഓർക്കാതിരിക്കുന്നില്ല. അതു് നിങ്ങളുടെ മാതാപിതാക്കന്മാരോടോ മററോ ചോദിച്ചു്, പഠിച്ചു്, എഴുതണം. അല്ലെങ്കിൽ ചില ചെയ്തതുപോലെ ഏതെങ്കിലും പുസ്തകത്തിൽ നോക്കി എഴുതണം. ഗൃഹപാഠം ചെയ്യുന്നതു വഴിയായി വളരെ പ്രയോജനം നിങ്ങൾക്കുണ്ടാകും. ഇപ്പോൾ കുറച്ചു വിഷമം തോന്നിയേക്കാം. അതു മടികൊണ്ടാണു്. എന്നാൽ കുറെ കഴിയുമ്പോൾ ഞാൻ പറയുന്നതു പരമാർത്ഥമാണെന്നു നിങ്ങൾക്കും ബോധ്യം വരും.

"അല്ലാ, ഇനി രണ്ടുമൂന്നു മിനിട്ടുകൂടിയേ ഉള്ളു മണിയടിക്കാൻ. മണിയടിച്ചാൽ ഉടനെ ക്ലാസു നിറുത്തിയില്ലെങ്കിൽ ഹെഡ്മാസ്റ്ററച്ചൻ വഴക്കുകൂടും. അതുകൊണ്ടു് പുതിയ പാഠം ഇന്നൊന്നും ഞാൻ എടുക്കുന്നില്ല. ഇതേവരെ പഠിച്ചതിൽ വല്ല സംശയവും ഉണ്ടെങ്കിൽ ചോദിക്കാം."

"എന്താ, ആരും ഒന്നും ചോദിക്കാത്തതു്. പാപ്പച്ചനു എന്തോ സംശയമുണ്ടു്. ഭയപ്പെടേണ്ടാ, ചോദിക്കുക—ഉം."

"യോർദ്ദാൻനദി എവിടെയാണച്ചാ?"

"പലസ്തീനായിൽ."

"അതെവിടയാ?"

"അറേബിയായുടെ പടം കണ്ടിട്ടുണ്ടോ?"

"ഉണ്ടച്ചാ."

"അതിൻെറ വടക്കുപടിഞ്ഞാറേ മൂലയിൽ, മെഡിറററേനിയൻ കടൽക്കരയിലാണു് പലസ്തീന. മനസ്സിലായോ?"

"ഉം."


"വീട്ടിൽ ചെല്ലുമ്പോൾ അററ്ലസ് എടുത്തു നോക്കണം. സാധാരണ അററ്ലസിൽ പലസ്തീനായുടെ ചെറിയ പടമേ കാണുകയുള്ളു. ഒരു വലിയ പടം അടിപ്പിച്ചുതരാൻ ഹെഡ്മാസ്റ്ററച്ചനോടു ഞാൻ ശുപാർശചെയ്തിട്ടുണ്ടു്. അദ്ദേഹം അതു് ഉടനെ ശരിപ്പെടുത്തിത്തരും. അതുവരെ ക്ഷമിക്കണം."

"മണി അടിച്ചു, അച്ചാ."

"ഉം, പതിവുപോലെ ഒരു നന്മനിറഞ്ഞമറിയം ചൊല്ലി, വീട്ടിൽ പൊയ്ക്കൊള്ളുക."

സ്വന്തം കൊച്ചച്ചൻ.

For favours received




Fr. George, Chathamkott.


## ഇന്നത്തെ കുടുംബദീപം

"...ഇപ്പോഴത്തെ കുടുംബദീപത്തെപ്പററി ഞാൻ കേട്ടിട്ടുണ്ടായിരുന്നെങ്കിലും ഈ കഴിഞ്ഞ ആഴ്ചയിലാണു് ഒരു പ്രതി ആദ്യം കണ്ടതു്. അതിൻെറ അകവും പുറവും എന്നെ അത്യന്തം ആകർഷിച്ചു..." ജോസഫ് സി. പുത്തൻപറമ്പിൽ




"... ..കുടുംബദീപത്തിൻെറ വിഷയവും ഭാഷയും വളരെ നന്നായിരിക്കുന്നു....ഇവിടെവരുന്ന പ്രതി കാണുവാൻ പിടിച്ചുവലിച്ചുകൊണ്ടുപോകുന്നു..." N. X. Kurian B. A., B. L.

"...ഞാൻ നാലഞ്ചു കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ (രണ്ടു പത്രങ്ങളും മൂന്നു മാസികകളും) വരുത്തുന്നുണ്ടു്. പത്രങ്ങളിൽ സത്യദീപവും മാസികകളിൽ കുടുംബദീപവുമാണു് എനിക്കേററവും ഇഷ്ടപ്പെട്ടതും മുഴുവൻ വായിക്കുന്നതും...." സി. ജെ. അലക്സാണ്ടർ, ചെമ്പകമററം.

കുടുംബദീപം ആഫീസിൽ വന്നുകൊണ്ടിരിക്കുന്ന കത്തുകളിലെ ചില ഭാഗങ്ങളാണു് മുകളിൽ ഉദ്ധരിച്ചിരിക്കുന്നതു്.




ഒരു പ്രതി വരുത്തി നോക്കുക. നിങ്ങൾക്കും അനുഭവവേദ്യമാകും അതിൻെറ വൈശിഷ്ട്യം.

വരിസംഖ്യ ആണ്ടിൽ രണ്ടു രൂപാമാത്രം (മുൻകൂർ) മൂന്നണായുടെ സ്റ്റാമ്പയക്കുന്നവർക്കു ഒററപ്രതിയായി അയച്ചുകൊടുക്കുന്നതാണു്.

ഏജൻസി ഇല്ലാത്തസ്ഥലങ്ങളിൽ വിശ്വസ്തരായ ഏജൻറന്മാരെ ആവശ്യമുണ്ടു്. ലഘുവായ വ്യവസ്ഥകൾ. ആദായകരമായ കമ്മീഷൻ. കൂടുതൽ പുതിയ വരിക്കാരെ ചേർക്കുന്നവർക്കു് മുൻഗണന നൽകപ്പെടും.

മാനേജർ, കുടുംബദീപം, തേവര


## കത്തോലിക്കരോടു്

ജർമ്മനിയിലെ സോവ്യററു മേഖലയിലുള്ള കത്തോലിക്കർക്കു് ദേവാലയങ്ങളോ വൈദികരോ ഇല്ലെങ്കിലും അവർ ഞായറാഴ്ചതോറും ഒന്നിച്ചുകൂടി ലോകത്തിൻെറ ഇതരഭാഗങ്ങളിൽ അർപ്പിക്കപ്പെടുന്ന ദിവ്യബലികളിൽ ആത്മനാ ഭാഗഭാക്കുകളായി അവയുടെ ഫലം പ്രാപിക്കാവുന്നതാണെന്നു് കമ്മ്യൂണിസ്റ്റു് മേഖലയിലെ ഏക കത്തോലിക്കാപ്രസിദ്ധീകരണമായ "ദി ലോർഡ്സ് ഡേ" ഉൽബോധിപ്പിച്ചിരിക്കുന്നു. കത്തോലിക്കരെല്ലാം ഒരിടത്തു സമ്മേളിച്ചു് അതാതു ദിവസത്തിനു യോജിച്ച സുവിശേഷവും ലേഖനവും വായിച്ചു് ആവശ്യമായ പ്രാർത്ഥനകളുംനടത്തി ഒടുവിൽ ആദ്ധ്യാത്മികമായി ദിവ്യകാരുണ്യവും സ്വീകരിച്ചു പിരിയേണ്ടതാണെന്നു പ്രസ്തുത പത്രം നിർദ്ദേശിച്ചിരിക്കുന്നു.

